വേദപ്രചാര

ദിവ്യസന്ദേശം



പുസ്തകം 8.) ഫെബ്രുവരി. 1936. (ലക്കം 8.

Licence No. 183.

വിഷയവിവരണിക.

ക. മാപ്പിംപ്പാമംഗളം.
ഖ. ചക്രവത്തിതിരുമനി നാട്ടുനിങ്ങി.
ഗ. ലൂർദ്ദുനാഥാസ്തവം.
ഘ. മാർ യൗസേപ്പിന്റെ ജീവചരിത്രം.
ങ. കൃ. മാര ത്രോമ്മാ മെ. ശവസംസ്ക്കാരം.
ച. സമസ്തഭാരതകത്തോലിക്കകോൺഗ്രസ്സ്.
ഛ. പരസ്യകല്പന.
ജ. എല്ലാവക്കും പറയിയവിഷയം
ഝ. സഭയും ഞാനും
ഞ. വി. കർമ്മനയുടെ വേദസാക്ഷി.
ട. പീഡാമഹാത്മ്യം.
ഠ. വിജ്ഞാപനം
ഡ. മെക്സി. ഡെലി. അഭ്യർത്ഥന.
ഢ. പുസ്തകാഭിപ്രായം.
ണ. ജപംപ്പസ്തോലസഖ്യം.
ത. കുറിപ്പുകൾ.
ഥ. കച്ചേരിക്കായ്യം.
ദ. മിഷ്യൻഞായറാഴ്ചപ്പിരിവു്.

പള്ളിമെഴുകുതിരികൾ.

റാത്തൽ 1-ക്കു വില 1-ക. മാത്രം.

പള്ളിക്കമ്മാടികൾക്കാവശ്യമുള്ള എല്ലാത്തരം നാടൻതേൻ മെഴുകുതിരികളും പ്രത്യേകിച്ചു് സ്പ്രിഗ്തിരികളും ക്രടാതെ, തെളിച്ചെടുത്ത വെള്ളക്കട്ടികളും വില്പനയ്ക്കു് എപ്പോഴും തയ്യാർ.

കുന്നത്തു ഔസേപ്പ് ഔസേപ്പ്

തൃശ്ശൂർ—ചങ്ങനാശേരി A. O.

പാപ്പാരാജൻ

11-ാംപീയൂസ് തിരുമനസ്സുകൊണ്ട്

നീണാൾ വിജയിക്കട്ടെ!



ഫ്രൻച്ച ഫെബ്രുവരി ഫ-ാം ൯൰

സ്ഥാനാരോഹണംചെയ്തു.

മാർപ്പാപ്പാമംഗളം.

മഞ്ജരി.

നാല്പതുകോടിഹൃദയത്തിൻസ്നേഹത്തെ-
യെപ്പോഴുമാർജ്ജിച്ചുകൊണ്ടുതോഷാൽ
രാജശ്രീയോടുംവിജയശ്രീയോടുംവി—
രാജിക്കുംപിയൂസ്പതിനൊന്നാമൻ,

ഉത്തമമാംവിധംലോകത്തെപ്പാലിക്കും
സത്തമനാകുംവിശ്വഭ്രാതാരൻ
വിജ്ഞാനദീപപ്രസരത്താൽപാരിലേ
അജ്ഞതയാമിരുളംനീക്കുംധീമാൻ,

വിശ്വാസഭാർഗ്ഗവിനുത്തമഭൂഷ്ടനും
വിശ്വാസികൾക്കെന്നുമേകുംധന്യൻ,
നിർമ്മതന്മാരുടെരോഷത്തെനീക്കുവാൻ
നിർമ്മലസ്നേഹത്തെനൽകുംധീരൻ
അത്മായപ്രേഷിതവീരരെണ്ടാകുവാ-
നാത്മാർത്ഥമായ്യത്നംചെയ്യുംശ്രീലൻ,
ക്രിസ്തുവിൻരാജ്യത്തുസ്ഥിരമാകുന്ന
നിസ്തുലശാന്തിയെച്ചിന്തിമേന്മേൽ.
ആയുരാരോഗ്യവുംനായ്ചിരംവാഴുവാ-
നായിവരമേജലിക്കുപ്പിടുന്നു.

ചക്രവർത്തിതിരുമേനി നാടുനീങ്ങി.

ജോർജ്ജു ചക്രവർത്തിതിരുമനസ്സു കൊണ്ടു് ഇക്കഴിഞ്ഞ ജനുവരിമാസം 20-ാംനു-രാത്രി നാടുനീങ്ങി എന്ന വാർത്ത വ്യസനസമേതം രേഖപ്പെടുത്തിക്കൊള്ളുന്നു.

ആരീഭാരതസാർവഭൗമനഖിലാണ്ഡത്തിന്നുമരാധ്യനി-
ന്നാരീസൂരനണഞ്ഞിടാത്തവിശദാനന്താധിപത്യാനിതൻ?
ആരാജൽപ്രതിഭപ്രകർഷമിയലുംശ്രീജോർജ്ജുരാജേന്ദ്രനി-
ന്നാരാജിപ്പുദിവംഗതൻവിഗതനായെന്നാലുമെന്നാളിലും.

(പാലാത്ര ചെറിയാൻ.)

ചക്രവർത്തിതിരുമേനി 1865 ജൂൺ 3-ാംനു- ജാതനായി.

1893 ജൂലായി 6-ാംനു- മേരി രാജ്ഞിയെ വിവാഹംചെയ്തു.

1910 മേയ് 6-ാം നു- സിംഹാസനാരോഹണംചെയ്തു.

ലൂർദ്ദ്നാഥാസ്തവം.

ദശരഥരാജകുമാരാ—എ. മ.

പുരുഹൂണപൂരിത മാതെ, ദൈവതായെ
ലൂർദ്ദനാഥേ, ജയിച്ചിട്ടുക
അനുപല്ലവി.

1. ആശയറവക്കുമീ-ക്ഷോണിയിലതിധന്യേ,
ആശ്രുലഭിക്കുംരക്ഷ നീവഴിയഭിവന്ദ്യേ.
ആരുവാനീധരയിൽ താവകതുണയെന്യേ
ഒരുവരംപോലും പ്രാപിക്കുന്നു, ദ്യോവിൽനിന്നു?
നിത്യകന്യേ, ജയിച്ചിട്ടുക-പുരു....

2. കന്മഷാന്നീക്കീടുവാൻ മർത്യാവതാരംചെയ്ത
ചിന്മയന്നേകജാതൻ-തൻമഹാമാതാവാകാൻ
ജന്മപാപവുമെന്യേ-ഇമ്മഹിതന്നിൽവന്ന
ജന്മവിശ്രുതേ, വരസിതേ, പരിശ്രുതേ, നരമുത്തേ
ജയിച്ചിട്ടുക. പുരു....

3. പാപഭാരത്തിനാലും-രോഗബാധകളാലും
തപ്തമാമാത്മാക്കളിൽ-പ്രീതിയെ ദാനംചെയ്യ
അത്ഭുതപ്രവൃത്തിയാൽ-നിർമ്മതസഹസ്രത്തെ
അത്ഭുതവിശ്വാസികളാക്കി, ആന്ധ്യംപോക്കി
ശാപംനീക്കി ജയിച്ചിട്ടുക. പുരു....

4. നിന്നുടെ ശക്തികണ്ടു മന്നിലുള്ളവരെല്ലാം
ഉന്നതശ്രേഷ്ഠസ്തുതി-ചൊന്നിടട്ടതിമോദാൽ.
മന്നിൽസ്വർഗ്ഗൈകസഭ കർത്തോലിക്കസഭയെന്നും
ഉന്നതജനനിനീയെന്നും, വന്ദ്യയെന്നും, ലോകമെന്നും
അറിഞ്ഞിടട്ടെ. പുരു....

മഹാത്മാവായ

മാർ യൗസേപ്പിന്റെ ജീവചരിത്രം.

അദ്ധ്യായം 2 (തുടർച്ച)

4. വി. യൗസേപ്പിന്റെ വിവേകം. ഗർഭിണിയായ തന്റെ പരിശുദ്ധ ഭാര്യ നിരപരാധിനിയും കന്യകയുമാണെന്ന യൗസേപ്പു പൂർണ്ണമായി വിശ്വസിച്ചിരുന്നതിനാൽ അവളെ പരസ്യമായി ഉപേക്ഷിക്കുന്നതു വിവേകവും നീതിയുമല്ലെന്ന അവൻ വിചാരിച്ചു. എന്നാൽ അവളുടെകൂടെ ഇനിയും താമസം തുടർന്നാൽ, പ്രജയുടെ ജനയിതാവു താനാണെന്ന ലോകം വിധിക്കുമെന്ന അവൻ ഭയപ്പെട്ടു. ആകയാൽ രഹസ്യമായി മറിയത്തെ ഉപേക്ഷിച്ചു വീട്ടുവിട്ടു് ഇറങ്ങിപ്പോകാതെ ഗത്യന്തരമില്ലെന്നു് അവൻ നിശ്ചയിച്ചു. ഈ നിശ്ചയംകാരണം പുണ്യവതിയായ തന്റെ സ്നേഹഭാജനത്തിൽനിന്നു പിരിഞ്ഞുപോകണമല്ലൊ എന്നാണ്ടും, അവളെ നിരാലംബയാക്കി തനിയെ ആ വീട്ടിൽ താമസിപ്പിക്കണമല്ലൊ എന്നും വിചാരിച്ചും യൗസേപ്പു ദുഃഖസമുദ്രത്തിൽ നിമഗ്നനായി ദൈവത്തോടു പ്രാർത്ഥിക്കുവാൻ തുടങ്ങി:—

5. പ്രാർത്ഥന. "ഓ എന്റെ ദൈവമെ! അബ്രാഹം ഇസഹാക്കു്, യാക്കോബു് എന്നാ പിതാക്കന്മാരുടെ ദൈവമെ! അവിടുന്നു് എന്നെ എന്റെ ജനനം മുതൽ ഇന്നുവരെ എല്ലായ്പോഴും സഹായിക്കുകയും പരിരക്ഷിക്കുകയും ചെയ്തവല്ലൊ! ഏറ്റം നികൃഷ്ടദാസനായ എന്നോടു ഇത്ര പര്യന്തം പ്രദർശിപ്പിച്ച നിന്റെ അളവറ്റ സ്നേഹത്തെ ഓർത്തും, എന്റെ പ്രേമഭാജനമായ മറിയത്തോടുള്ള നിന്റെ അനന്ത പക്ഷത്തെ പ്രതിയും, എന്റെ ഈ ദുർഘടാവസ്ഥയിൽ എന്നെ നീ സഹായിക്കണമെ. അങ്ങയുടെ പിതൃകരങ്ങളിൽ എന്നെ മുഴുവനും ഇതാ ഞാൻ ഏല്പിക്കുന്നു. അങ്ങേ തിരുമനസ്സുപോലെ എന്തും ചെയ്യുന്നതിനും സഹിക്കുന്നതിനും ഞാൻ സന്നദ്ധനായിരിക്കുന്നു. അവിടുത്തെ പൈതൃകസംരക്ഷണത്തിനായ എന്റെ പരിശുദ്ധ ഭാര്യയെ ഞാൻ ഇന്നുമുതൽ സമർപ്പിക്കുന്നു. അവൾ അർഹിക്കുംവിധം അവളെ പരിപാലിക്കുന്നതിനു എനിക്കു സാധിച്ചിട്ടില്ല. അവളുടെ സമ്മതകയ്യും സദുപദേശത്തിനുമൊത്തവണ്ണം ഞാൻ പുണ്യത്തിൽ പുരോഗതി പ്രാപിക്കാത്തതു എന്റെ കുറ്റമാണു്. അതിന്റെ ശിക്ഷയായിരിക്കും ഞാനിപ്പോൾ അനുഭവിക്കുവാൻ പോകുന്നതു. എന്റെ വീഴ്ചകളെല്ലാം അവിടുന്നു എന്നോടു ദയാപൂർവ്വം ക്ഷമിച്ചു് എന്നെ

അനുഗ്രഹിക്കണമെ. എന്റെ വേർപാടനിമിത്തം ഏകാകിനിയായിത്തീരുമെന്ന അങ്ങേ വത്സലപുത്രിയായ മറിയത്തെ ആശ്വസിപ്പിച്ചു് സംരക്ഷിക്കണമെ".

6. ഇപ്രകാരം വി. യൗസേപ്പു് അധികനേരം നെടുവീർപ്പിട്ടു് പ്രാർത്ഥിച്ചതിന്റെ ശേഷം, പ. മറിയമറിയാതെ രാത്രിയിൽ യാത്രയ്ക്കുള്ള സാമാനങ്ങളും ശേഖരിച്ചു് ഒരു കെട്ടിലാക്കിക്കൊണ്ടു', നേരം വെളുക്കുന്നതിനുമുമ്പു് സ്ഥലംവിടണമെന്നുള്ള ഉദ്ദേശത്തോടുകൂടി അല്പം വിശ്രമിക്കുന്നതിനു ആരംഭിച്ചു.

നിത്യസ്മരണാർഹനായ

നി. വ. ദി. ശ്രീ. കൈയാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻ

തിരുമനസ്സിലെ

ശവസംസ്ക്കാരം.

(തുടർച്ച)

(റവ. ഫാ. ഫിലിപ്പോസു് സി. ഡി. അവർകൾ)

മെത്രാനച്ചൻ തിരുമേനിയുടെ നിർദ്ദേശപ്രകാരം രൂപീകൃതമായ ഘോഷയാത്രാനിയന്ത്രണക്കമ്മിട്ടിയംഗങ്ങളും ഉത്സാഹഭരിതരായി നാനാഭാഗത്തും പൈലറ്റുബോട്ടുമാർഗ്ഗം ചുറ്റിനടന്നു്, ഈയാഘോഷാവസരം പ്രമാണിച്ചു് കൂടിയിരുന്ന സ്തുതിപരം മോട്ടോർബോട്ടുകളെയും, സ്തുതിപരം മുണ്ടൻവള്ളങ്ങളേയും—വിവിധതരങ്ങളായ ഗാനാലാപപരം സാധാരണ ജലവാഹനങ്ങളെയും, ക്രമീകരിച്ചിരുന്നുവെന്നതും പ്രസ്താവ്യമാണു്. കൃത്യം 8- മണിക്കു് പ്രധാനകാമ്മികനായ നമ്മുടെ വന്ദ്യപിതാവു് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടും, മാർ ഇവാനിയോസു് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും, തിരുക്കർമ്മാനുഷ്ഠാന ശുശ്രൂഷികളായി ഗ്രേ-ഓളം ബ. വൈദികരും സ്ഥാനവസ്ത്രങ്ങളും അണിഞ്ഞു പള്ളിയിൽ പ്രവേശിച്ചു ഗായകസംഘക്കാർ ഉൾപ്പെടെ അനേകം വൈദികരും, സന്യാസസ്ത്രീകളും, അനേകം വിശ്വാസികളുംചേർന്നു് ഒരു വലിയ സമൂഹം പേടകത്തിനു ചുറ്റുമായി നിന്നുകഴിഞ്ഞു. ഒപ്പീസ്ക്രമത്തിന്റെ മൂന്നാഭാഗം, മുറപ്രകാരം നടത്തിയശേഷം നഗരികാണിക്കൽഎന്നുള്ള വലിയഘോഷയാത്ര ചങ്ങനാശേരി മെത്രാസനപ്പള്ളിയിലേക്കു് തുടർന്നു. അവശിഷ്ടപേടകം കല്ലുക്കാട്ടപള്ളിയുടെ ആനവാതുക്കൽ എത്തിയപ്പോൾ, ചങ്ങനാശേരിയിൽ നിന്നു് ആഗതരായ യോഗപ്രധാനികളും ആ പേടകത്തിന്മേൽ മാലചാർ

ത്തി മുംബിച്ച് സ്വീകരിക്കയുണ്ടായിയെന്നതും പ്രസ്താവ്യമാണ്. ചമ്പക്കുളം ആറ്റിൽ, പള്ളിഭൂട്ടിയിൽ യാത്രയ്ക്കായി അണിഞ്ഞൊരുങ്ങിനിന്ന കൂട്ടനാടൻബോട്ടിൽ അവശിഷ്ടം വഹിച്ചുചെട്ടി പ്രത്യേകപീഠത്തിൽ സ്ഥാപിച്ചു. ജെട്ടിപ്രവേശനദ്വാരത്തുങ്കൽ ഒന്നരഡസ്സുപോലീസ് ഉദ്യോഗസ്ഥന്മാർ നിന്നു് ജനങ്ങളെ നിയന്ത്രിച്ചുവെന്നതും പ്രസ്താവ്യമാണ്. അതിവന്ദ്യപുരോഹിതശ്രേഷ്ഠന്മാരിരുവരും പ്രധാനസ്ഥാനങ്ങളിൽ ആസനസ്ഥരായി. തിരുവസ്ത്രധാരികളായ വൈദികശ്രേഷ്ഠന്മാരും ഒപ്പീസ് പാടിക്കൊണ്ടു് പേടകത്തിനു് ചുറ്റുമായി സ്ഥിതിചെയ്തു. പ്രസ്തുതബോട്ടിൽ പ്രവേശനം ഏതാനും വൈദികർക്കു് മാത്രമെ അനുവദിക്കപ്പെട്ടിരുന്നൊള്ളു. അവിടെ കൂടിയ ബോട്ടുകളും എല്ലാംതന്നെ ഓരോ വിധത്തിൽ കൂടുതൽ കുറവായി അലങ്കരിക്കപ്പെട്ടവ ആയിരുന്നു. കുടകൾ, കുരിശുകൾ, വിവിധവർണ്ണക്കൊടികൾ തുടിയായവ എല്ലാ ബോട്ടുകളിലും പിലപ്പുണ്ടൻ വള്ളങ്ങളിലും കണ്ടിരുന്നു. ഘോഷയാത്ര കുത്യം ഏറ മണിക്കു് കല്ലുക്കാട്ടു് ഫൊറോനാപള്ളിയിൽ നിന്നും പുറപ്പെട്ടു. ആ ഘോഷയാത്രയുടെ രമണീയത, പറഞ്ഞൊ, എഴുതിയൊ, വർണ്ണിച്ചു ഫലിപ്പിപ്പാൻ സാധിക്കുന്നതല്ല. ചുണ്ടൻവള്ളങ്ങളും അതിനോടനുബന്ധിച്ചു ഓടി, ചുരുളൻ, പരുന്തുവാലൻ, മുയലായ വള്ളങ്ങളും, അവസരോചിതമായ വഞ്ചിപ്പാട്ടുകളോടുകൂടെ ആദ്യമായി പുറപ്പെട്ടു. പിന്നീടു് ബോട്ടുകളും യഥാക്രമം അവയെ പിൻതുടർന്നു. ആലപ്പുഴ മാർ സ്ലീവാഫൊറോനാപള്ളിക്കാരുടെ അലംകൃതമായ ഒരു വലിയ ബോട്ടിൽ അവർഒരു ഘടാരംതുക്കി മുഴക്കിക്കൊണ്ടു് കൂട്ടനാടൻ ബോട്ടിനു മുമ്പായി അതോടിച്ചിരുന്നുവെന്നതു ഒരു വിശേഷംതന്നെ.

അവശിഷ്ടപേടകം വഹിച്ചിരുന്ന കൂട്ടനാടൻബോട്ടു് വഴിമദ്ധ്യേ ആദ്യം അടുത്തതു് പുളിങ്കുന്നു സന്യാസാശ്രമദേവാലയവാതുക്കൽ സജ്ജീകൃതമായിരുന്ന ബോട്ടുജെട്ടിയിലാണു്. തദവസരത്തിൽ കൂട്ടമണി മുഴങ്ങുകയും സന്യാസവര്യന്മാർ പ്ലാറ്റുഫോറത്തിൽ മുട്ടുകുത്തി പ്രാർത്ഥിക്കുകയും ചെയ്തു. റവ. ഫാദർ മത്തിയാസ് ബോട്ടിൽകടന്നു ഒരു പുമാല പേടകത്തിൽ ചാർത്തി മുംബനംചെയ്തു വന്ദ്യതിരുമേനികളുടെ ആശീർവാദംവാങ്ങി പ്ലാറ്റുഫോറത്തിലേക്കു് മടങ്ങി. തദനന്തരം ഘോഷയാത്ര തുടർന്നു. പുളിംകുന്നുകമ്പോളത്തിന്റെ ഇരുകരയിലുമായി കൂടിയ ജനങ്ങൾക്കു് കയ്യുംകണക്കുമില്ല. കരയ്ക്കുനിന്നവർക്കു് ശരിയായി കാണത്തക്കവണ്ണം കൂട്ടനാടൻബോട്ടു് നിയന്ത്രിച്ചിരുന്നു. വന്ദ്യപിതാക്കന്മാർ ഇരുകരയിലും നിന്നിരുന്ന വിശ്വാസികളെ സന്തോഷപൂർവ്വം ആശീർവദിച്ചിരുന്നു. കന്യകാമഠത്തിന്റെ ജെട്ടിയിലും പ്രസ്തുതബോട്ടടുത്തു. അവിടെയും മണികൾ മുഴക്കിക്കൊണ്ടിരുന്നു. ജെട്ടിയിലും കരക്കുമായി അനേകം വിദ്യാർത്ഥിനീകളും

മുട്ടുകുത്തി കൊടികളും പിടിച്ചുകൊണ്ടു ശ്രുതിമധുരമായ ഗീതങ്ങളും പാടിയിരുന്നു. അവിടത്തെ ആശ്രമശ്രേഷ്ഠ ബോട്ടിൽ പ്രവേശിച്ചു, പുഷ്പനിർമ്മിതമായ ഒരു കിരീടവും മുടിയും പെട്ടിമേൽ വച്ചു് മുംബനംചെയ്തശേഷം ആശീർവാദംവാങ്ങിപോകുകയും ചെയ്തു. ഇടവകപ്പള്ളിക്കടവിലും ബോട്ടു് അടുത്തു. വിശേഷാലങ്കാരങ്ങളോടുകൂടിയ ജെട്ടിപ്പന്തലിൽ കൂടിയിരുന്ന അനേകശതം വിശ്വാസികളും അനുഗ്രഹംകൊണ്ട കൂട്ടമായി എത്തിച്ചിരുന്നു. കതിനാവെടികളും മണിനാദവും മുഴങ്ങുകയിൽ വികാരി ബ. കാരുവേലിൽ ഗീവറുഗീസച്ചൻ അവർകളും ബോട്ടിൽ ആഗതനായി മുൻപറഞ്ഞതരം ഒരു കിരീടവും മുടിയും പേടകത്തിന്മേൽ വെച്ചുമുംബിച്ചു ആശീർവാദംവാങ്ങി. പുളിങ്കുന്നുപള്ളിവകബോട്ടിൽ ബാൻറ്വാദ്യനയുണ്ടായിരുന്നുവെന്നതും പ്രസ്താവ്യമാണു്. അവിടെ കൂടിയിരുന്ന അസംഖ്യം ജനങ്ങളെ വന്ദ്യതിരുമേനിമാർ ആശീർവദിച്ചശേഷം 'കുട്ടനാടൻ' കിഴക്കോട്ടു യാത്രതിരിച്ചു.

ആറ്റിൽ നിന്നു കുറെ ഉയരത്തായി സ്ഥിതിചെയ്തിരുന്ന വെളിയനാടു്, മണലാടി മുതലായ പള്ളിസ്ഥലങ്ങളിൽനിന്നും കതിനാവെടികളും മണിനാദവും കേൾക്കാമായിരുന്നു. മാമ്പഴക്കരിയിൽ താല്ക്കാലികമായി പണിചെയ്തിട്ടുള്ള കപ്പേളയോടു് ഘോഷയാത്ര അടുത്തപ്പോൾ മുറ്റത്തും പിറയിലുമായി ഒരുവലിയജനക്കൂട്ടം തിങ്ങിനിന്നിരുന്നു. കതിനാവെടി, പടക്കങ്ങളും ഇത്യാദി മുഴങ്ങി. കപ്പേളക്കടവിൽ ബോട്ടടുത്തു. ശ്രീമാൻ കരിവേലിത്തറ ചാക്കോ അവർകളും വിലയേറിയ ഒരു മുല്ലപ്പൂമാല പേടകത്തിന്മേൽ തലക്കൽ ചാർത്തിമുത്തി ആശീർവാദം വാങ്ങിയശേഷം കരക്കിറങ്ങി. അവിടെ നിന്നും കിടങ്ങറാ തോട്ടിൽക്കൂടി ഘോഷയാത്ര തുടർന്നു. ഇതിനിടക്കു് ആലപ്പുഴ ബോട്ടുകാരുടെവക മണിയുടെ സ്വരവും ഏവരേയും ഉണർത്തിക്കൊണ്ടിരുന്നു. ബോട്ടുനിയന്ത്രണക്കമ്മിട്ടിക്കാരുടെ പാടവം പ്രത്യക്ഷമായതു് ചങ്ങനാശേരി ബോട്ടുകടവു് തടാകത്തിലെ നിയന്ത്രണത്തിലായിരുന്നുവെന്ന പ്രത്യേകം പറയേണ്ടിയിരിക്കുന്നു. പ്രസ്തുതകളത്തിൽ സംസ്ക്കാരഘോഷയാത്രയിൽ സംബന്ധിക്കാത്ത യാതൊരു വാഹനവും ഉണ്ടായിക്കൂടായെന്നു് കോട്ടയം ഡിസ്ട്രിക്ട്റ്റ് മജിസ്ട്രേറ്റു് മി. കാമറൻ അവർകളുടെ ഉത്തരവും യഥാസമയം പുറപ്പെടുവിച്ചിരുന്നുവെന്നതും സ്മരണീയമാണു്.

ചങ്ങനാശേരി മെത്രാസനപ്പള്ളിയിലെ സജ്ജീകരണങ്ങളെ സംബന്ധിച്ചും പ്രത്യേകം വിവരിക്കേണ്ടതാകുന്നു. നമ്മുടെ വന്ദ്യപിതാവു് മെത്രാനച്ചൻ തിരുമനസ്സിലെ പരിശുദ്ധകല്പനയനുസരിച്ചു് കിഴക്കൻപള്ളിക്കാർ പള്ളിസാമാനങ്ങളോടുകൂടെ കാലെക്കൂട്ടി ബോട്ടുകടവിൽ ഹാജരായിരുന്നു. ഇതിനുംപുറമെ കരമാർഗ്ഗവും ജലമാർഗ്ഗവുമായി കൂടിയ ജനങ്ങളു

സമസ്തഭാരതകത്തോലിക്കാ കോൺഗ്രസ്സ്.

മദ്രാസ്സ് മെത്രാപ്പോലീത്ത, നാഗപ്പൂർ, വിശാഖപട്ടണം, റാഞ്ചി, ഷില്ലോങ് എന്നീ രൂപതകളിലെ മെത്രാന്മാർ മുതലായ വൈദികാദ്ധ്യക്ഷന്മാരും ഇന്ത്യയിലെ നാനാരൂപതകളേയും അതിരൂപതകളേയും വിദ്യാഭ്യാസസ്ഥാപനങ്ങളേയും പ്രസിദ്ധികരണവകുപ്പുകളേയും കത്തോലിക്കസംഘടനകളേയും പ്രതിനിധീകരിക്കുന്ന അനേകം വൈദികവിദ്വാന്മാരും അഭ്യസ്തവിദ്യരായ അല്മേനികളും ഭാഗഭാക്കുകളായി, കഴിഞ്ഞ ഡിസംബർ 27-ാംന്നു നാഗപ്പൂരിൽക്കൂടിയ സമസ്തഭാരതകത്തോലിക്കാ കോൺഗ്രസ്സിൽ, ഭാരതത്തിലെ കത്തോലിക്കസഭയുടെ പുരോഗമനത്തിനുപയുക്തമായ പല പ്രമേയങ്ങളും പാസാക്കപ്പെട്ടിരിക്കുന്നു.

പ്രമേയങ്ങൾ.

1. കത്തോലിക്കാ കോളേജുകൾ, കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ, കത്തോലിക്കാ പ്രസംഗങ്ങൾ, എന്നിവവഴി ഭാരതത്തിലെ പണ്ഡിതന്മാരുമായുള്ള നമ്മുടെ സമ്പർക്കം പൂർവ്വോപരി വ്യവസ്ഥാപിതവും സംഘടിതവുമാക്കണം.

2. അധഃകൃതവർഗ്ഗക്കാരുടെ മാനസാന്തരത്തിനു് ആധുനികകാലത്തു മഹത്തായ അനുകൂലസാഹചര്യങ്ങൾ ഉള്ളതുകൊണ്ടു്, അവരുടെയിടയിൽ സുവിശേഷവേല നടത്തുന്നതിനു് അടിയുംവ്യവസ്ഥാപിതവും സംഘടിതവുമായ പരിശ്രമങ്ങൾ ചെയ്യണമെന്നു് ഈ കോൺഗ്രസ്സു് നിശ്ചയിക്കുകയും, അവരുടെ ന്യായമായ അവശതകൾ നീക്കുന്നതിനും അവർക്കു പരിപൂർണ്ണസമത്വം നൽകുന്നതിനും വൈദികാദ്ധ്യക്ഷന്മാരോടുകൂടി സഹകരി

ടെയണ്ണം ഉദ്ദേശം ഒരുലക്ഷം വരുമെന്നു് കണക്കാക്കിയിരിക്കുന്നു. ബ. ഇടവകപ്പട്ടക്കാരും സന്യാസിപ്പട്ടക്കാരും പെത്തിപ്പുഴ കൊടുവന്തയിലെ വൈദികവിദ്യാർത്ഥികളും മംഗലപ്പുഴ സെമ്മിനാരിപ്രതിനിധികളായി വന്നിരുന്ന ബ. അച്ചന്മാരും ശെമ്മാച്ചന്മാരും, റവ. ഫാദർ ഔറേലിയൻ സി. ഡി. അവർകളും ഉൾപ്പെടെ വൈദികർതന്നെ നാന്ദ്രിൽപരം വരുന്നതാണു്. രൂപതയിലെ എല്ലാ കന്യകാമഠങ്ങളിൽനിന്നും അനേകം സന്യാസിനികളും വി. പ്രാൻസിസ്കോസിന്റെ മൂന്നാംസഭയിലെ അംഗങ്ങളും ഉണ്ടായിരുന്നു. (തുടരും)

ക്കണമെന്ന് അൽമേനികളോട് അഭ്യർത്ഥിക്കയും ചെയ്യുന്നു.

3. ഇന്ത്യയിലെ ആദിമനിവാസികളായ അപരിഷ്കൃതജാതിക്കാരുടെ മാനസാന്തരത്തിനുവേണ്ടി, പൊട്ടനാഗപ്പൂരിൽ ഫാദർ ലീവാൻസ് എസ്. ജെ. യും അദ്ദേഹത്തിന്റെ അനുഗാമികളും അവലംബിച്ച പദ്ധതികളും മറ്റു ഭാഗങ്ങളിലും പരീക്ഷിച്ചു നോക്കേണ്ടതാണ്.

4. യുവജനങ്ങളിൽ വേദപ്രചാരണാഭിലാഷം ജനിപ്പിക്കുന്നതിനുവേണ്ടി, ഇന്നു നിലവിലിരിക്കുന്നതും സാർവ്വദേശീയമായി സംഘടിപ്പിക്കപ്പെട്ടിട്ടുള്ളതുമായ 'വിദ്യാർത്ഥികളുടെ മിഷ്യനറി ലീഗ്' എല്ലാ കത്തോലിക്കാസ്കൂളുകളിലും കോളേജുകളിലും പ്രചരിപ്പിക്കപ്പെടുകയും കർമ്മസന്നദ്ധമാകുന്നതിനു പ്രോത്സാഹിപ്പിക്കപ്പെടുകയും വേണം.

5. വേദപ്രചാരണവേലയുടെ അഭിവൃദ്ധിക്കു അൽമേനികളുടെ സഹകരണം ഇന്നത്തേക്കാൾ കൂടുതലായി സംഘടിതമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതു് അത്യാവശ്യമാകയാൽ, a) ലീഗിന്റെ എല്ലാ ശാഖകമ്മറിക്കളും മറ്റു കത്തോലിക്കസമാജങ്ങളും മെത്രാന്മാരുടെ നിയന്ത്രണത്താൽ അതാതു രൂപതകളിൽ മിഷ്യൻ കമ്മറിക്കും സ്ഥാപിക്കണമെന്നു് ഈ കോൺഗ്രസ്സ് അഭ്യർത്ഥിക്കുന്നു. ഈ കമ്മറിക്കളുടെ കർത്തവ്യങ്ങൾ (1) പൊൻറിഫിക്കൽ മിഷ്യൻ എയിഡ് സൊസയിറ്റി എന്ന മഹാസംഘത്തിന്റെ ശാഖകളും സ്ഥാപിക്കുക; (2) അതാതു സ്ഥലങ്ങളിലുള്ള മിഷ്യൻകേന്ദ്രങ്ങളെ സന്ദർശിക്കുന്നതിനുവേണ്ട് ഏർപ്പാടുകൾ ചെയ്യുക; (3) വേദപ്രചാരണവേലയിൽ അൽമായസഹകരണം വർദ്ധിപ്പിക്കുന്നതിനു പര്യാപ്തമായവിധം ഓരോരൂപതകളിലും അൽമേനികൾ സമ്മേളിച്ചുള്ള വാർഷികയോഗങ്ങൾ സംഘടിപ്പിക്കുക എന്നിവയായിരിക്കണം. b) അസോസിയേഷൻ ഓഫ് ദി പ്രൊപ്പഗേഷൻ ഓഫ് ഫെയിത്തു് എന്ന മഹാസംഘത്തിലേയ്ക്കു വേണ്ടി ഇന്ത്യയിൽനിന്നു ശേഖരിക്കുന്ന സംഭാവനയുടെ വർദ്ധിപ്പിക്കുന്നതിനു്, ഇന്ത്യയ്ക്കുപൊതുവായി നിലവിലിരിക്കുന്ന ആ സംഘത്തിന്റെ ദേശീയശാഖയെ ഇന്ത്യയുടെ ഭരണാധിപ്രോപ്പഗാന്തിക്കാതിരുമനസ്സിലെ രക്ഷാകർതൃത്വത്തിലാക്കി ബലപ്പെടുത്തുകയും മെത്രാന്മാരുടെ കീഴിൽ അതിനു രൂപതാശാഖകളുണ്ടാകയും ചെയ്യേണ്ടതു് ആശാസ്യമാണെന്നു് ഈ കോൺഗ്രസ്സ് അഭിപ്രായപ്പെടുന്നു. ഇതു സാധിക്കുന്നതിനു മെത്രാന്മാർക്കു് അതാതു രൂപതയിലുള്ള അൽമേനികളുടെ ഉദാരമായും ഹൃദയപൂർവ്വമായുമുള്ള സഹകരണം നൽകണമെന്നു് ഈ കോൺഗ്രസ്സ് അഭ്യർത്ഥിക്കയും ചെയ്യുന്നു. c) അൽമേനികളുടെ ശ്രദ്ധയെ ഇടയ്ക്കിടയ്ക്കു മിഷ്യൻവേലകളെ ലക്ഷ്യമാക്കി കേന്ദ്രീകരിക്കുന്നതിനുവേണ്ടി, കോൺഗ്രസ്സിന്റെ വാർഷികസമ്മേളനത്തിലെ ഒരുയോഗം, വേദപ്രചാരണവേലയെ വിഷയീകരിക്

രിച്ചുനടത്തേണ്ടതു് ആശാസ്യമാണെന്നു് ഈ കോൺഗ്രസ്സിനു തോന്നുന്നു.

6. 'ഇന്ത്യയിൽ വേദപ്രചാരണവേലയുടെ അഭിവൃദ്ധിക്കു് ആൽമായ പ്രേഷിതത്വം ആവശ്യമാകയാൽ ഇന്ത്യയിലെ കത്തോലിക്കരൽമേനികരും വേദപ്രചരണവേലയിൽ പൂർവാധികം താല്പര്യമുള്ളവരായിരിക്കണമെന്നും, ക) പ്രാർത്ഥനയാലും, ഖ) പൊൻറിഫിക്കൽ മിഷ്യൻ എയിഡ് സൊസയറ്റി എന്ന സംഘത്തിനു സംഭാവനകൾ ചെയ്തും, ന) മിഷ്യൻ വേലകളെപ്പറ്റിയുള്ള പ്രസിദ്ധീകരണങ്ങൾ വായിച്ചും മിഷ്യൻവേലകളിൽ സഹകരിക്കണമെന്നും ഈ കോൺഗ്രസ്സ് അഭ്യർത്ഥിക്കുന്നു. അഭ്യസ്തവിദ്യരായ കത്തോലിക്കർ ക) മിഷ്യൻവേലകളെപ്പറ്റി ക്ലാസുകളും ശാസ്ത്രീയവുമായ പഠനം നടത്തണമെന്നും, ഖ) അവരവരുടെ ഇടവകകളിൽ വേദപ്രചാരണത്തിനായുള്ള സ്ഥാപനങ്ങളെ സൃഷ്ടിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്നതിൽ മെത്രാന്മാരെ സഹായിക്കണമെന്നുംകൂടി ഈ കോൺഗ്രസ്സ് അഭ്യർത്ഥിക്കുന്നു.

7. സത്യാന്വേഷകന്മാർക്കും മാനസാന്തരപ്പെട്ടവർക്കും വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുന്നതിനുള്ള സന്ദർഭങ്ങളെ അൽമേനികർ കണ്ടുപിടിക്കണമെന്നും, അതിലേയ്ക്കായി അവർ ക) സത്യാന്വേഷകന്മാരുമായി മൈത്രീബന്ധം പാലിക്കുകയും, സംശയങ്ങൾക്കും മാനസികമായ വൈഷമ്യങ്ങൾക്കും നിവാരണമുണ്ടാക്കുന്നതിൽ സത്യാന്വേഷകന്മാരെ സഹായിക്കുകയും, ഖ) മാനസാന്തരപ്പെട്ടവരുടെ ജ്ഞാനസ്നാനത്തിൽ തലതൊട്ടപ്പനമ്മന്മാരായിരിക്കുകയും ന) നവക്രൈസ്തവന്മാരെ സാമൂഹ്യമായകാര്യങ്ങളിൽ സമന്മാരായി സ്വീകരിക്കുകയും ചെയ്യണമെന്നും നിശ്ചയിക്കുന്നു.

8. കത്തോലിക്കവൈദ്യസഹായപ്രസ്ഥാനം ഇന്ത്യയിലെ അകത്തോലിക്കർക്കു കത്തോലിക്കരുത്തങ്ങളും ആദർശങ്ങളും മനസ്സിലാക്കിക്കൊടുക്കുന്നതിനു സഹായമായിരിക്കുമെന്നുള്ളതുകൊണ്ടു്, നിലവിലിരിക്കുന്ന വൈദ്യശാലകളേയും ആസ്പത്രികളേയും നല്ലനിലയിലേയ്ക്കുയർത്തിയും, ആ സ്ഥാപനങ്ങളില്ലാത്തിടങ്ങളിൽ, ഗ്രാമങ്ങളിൽ പ്രത്യേകിച്ചും, അവയെ പുതുതായി ഏർപ്പെടുത്തിയും പ്രസ്തുതപ്രസ്ഥാനത്തിന്റെ വ്യാപ്തിയെ വർദ്ധിപ്പിക്കണമെന്നു് ഈ കോൺഗ്രസ്സ് ശുപാർശചെയ്യുന്നു.

9. ഇൻഡ്യയിലെ വിദ്യാഭ്യാസകാര്യത്തിൽ കത്തോലിക്കർ വിപുലമായ സേവനങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും അടുത്തകാലത്തു സ്ഥാപിക്കപ്പെട്ട സെൻട്രൽ എഡ്യുക്കേഷനൽ അഡ്വൈസറി ബോർഡിൽ ഒരു കത്തോലിക്കനും സാമാജികത്വം നൽകപ്പെടാത്തതിൽ ഈ കോൺഗ്രസ്സ് ദുഃഖിക്കയും, ഈ ന്യൂനതയെ പരിഹരിക്കുന്നതിനു കഴിയുംവേഗം വേണ്ടതു പ്രവർത്തിക്കണമെന്നു ഗവർമെൻറിനോടു് അഭ്യർത്ഥിക്കയും ചെയ്യുന്നു"

(സംഗ്രഹിപം)

എ. പെ. പെ. ബ. മെത്രാനച്ചൻ തിരുമനസ്സിലെ

൧൯൦൯ നമ്പർ പരസ്യകൽപന.

നമ്മുടെ അധികാരത്തിൻകീഴുള്ള പള്ളികളിലെ ബ. വികാരിമാക്കും അസിസ്റ്റന്തിമാക്കും ഇടവകപ്പട്ടക്കാക്കും സന്യാസാന്തസ്സുകാക്കും വിശ്വാസികളേവക്കും നമ്മുടെകത്താവീശോമിശിഹായിൽ സമാധാനവും വാഴ്ചയും.

"Ecce enim evangelizo vobis gaudium magnum, quod erit omni populo: quia natus est vobis hodie salvator, qui est Christus Dominus, in Civitate David"

"ഇതാ, സർവലോകത്തിനുമുണ്ടാകുവാനിരിക്കുന്ന ഒരു മഹാസന്തോഷം ഞാൻ നിങ്ങളെ അറിയിക്കുന്നു. എന്തുകൊണ്ടെന്നാൽ മിശിഹാകത്താവായിരിക്കുന്ന രക്ഷകൻ ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഇന്നു പിറന്നിരിക്കുന്നു." (ലൂക്കാ. II. 10-11.)

വന്ദ്യസഹോദരരെ, സ്നേഹിക്കപ്പെട്ടവരേ,

നമുക്കേവക്കും ഒരു വലിയസന്തോഷത്തിന്റെ ദിവസമായ പിറവിത്തിരുനാൾ ഇതാ ആഗതമായിരിക്കുന്നു. ലോകം മുഴുവൻ ഇന്നു് ആനന്ദസാഗരത്തിൽ നിമഗ്നമായിരിക്കുന്നു. രക്ഷകൻ പിറന്നിരിക്കുന്നു. ഇതുപോലെ സന്തോഷാവഹമായ ഒരു സംഭവം ലോകചരിത്രത്തിൽ വേറെയില്ല. നമുക്കു് അത്യധികം സന്തോഷിക്കാനവകാശമുണ്ടു്. രക്ഷകനായ ഈശോയുടെ ജനനത്താൽ പിശാചിന്റെ അടിമത്തത്തിൽനിന്നുനാം വിമുക്തരായിരിക്കുന്നു. അവിടുന്നു ദൈവമാകയാൽ, അവിടുത്തെ ജനനംമൂലം ദൈവം മനുഷ്യവർഗ്ഗത്തോടു് അതിരറ്റ കാരുണ്യവും സ്നേഹവും പ്രദർശിപ്പിച്ചിരിക്കുന്നു. അവിടുന്നു മനുഷ്യനായി പിറന്നിരിക്കുന്നതുകൊണ്ടു് അവിടുന്നു നമ്മുടെ സഹോദരനായിത്തീരുകയും, തന്മൂലം നാം ദൈവത്തിന്റെ ദത്തുപുത്രന്മാരും ഈശോയോടുകൂടി സ്വർഗ്ഗരാജ്യത്തിന്റെ കൂട്ടവകാശികളുമായി പരിണമിക്കുകയും ചെയ്യുന്നു. അവിടുന്നു നിമ്മുടെബന്ധുമായി ഭവിച്ചിരിക്കയാണു്. ഇതിനെക്കാൾ ഉൽകൃഷ്ടതരമായ എന്തുസ്ഥാനമാണു് മനുഷ്യനു ലഭിക്കാനുള്ളതു്? "മനുഷ്യനുവേണ്ടി ദൈവം മനുഷ്യനായിയെങ്കിൽ മനുഷ്യൻ എന്തായിരിക്കണം?" ആകയാൽ നമുക്കു സന്തോഷിക്കാം. "Gaudeamus fratres, laetentur et exultent gentes" "ജാതികളും സന്തോഷത്താൽ കുതിച്ചുചാടുന്നു, സഹോദരന്മാരെ നമുക്കു സന്തോഷിക്കാം" എന്നു വി. ആഗസ്തീനോസു് ഉദ്ഘോഷിക്കുന്നു. "Salvator noster, dilectissimi, hodie natus est, gaudeamus."

"പ്രിയമക്കളെ, ഇന്നുനമ്മുടെ രക്ഷകൻ ഭൂജാതനായിരിക്കുന്നു, നമുക്കു് ആനന്ദിക്കാം" എന്നു മഹാനായ ലെയോൻ പാപ്പാ നമ്മോടു പറയുന്നു. നമുക്കുസന്തോഷിക്കാം.

ഈശോ മാനുഷ്യനായിപിറന്നതു നമുക്കു് ഓരോരുത്തർക്കും നിത്യജീവൻ പ്രദാനം ചെയ്യുവാൻ വേണ്ടിയാണു്. "അവർക്കു ജീവനുണ്ടാകുന്നതിനും, അതു ധാരാളമായിഉണ്ടാകുന്നതിനുമാണു ഞാൻ വന്നിരിക്കുന്നതു്" (യോ.x.10) എന്നു രക്ഷകൻ അരുളിച്ചെയ്യുന്നു. "In ipso vita erat, et vita erat lux hominum" "അവനിൽ ജീവനുണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ പ്രകാശമായിരുന്നു" (യോഹ. 1. 4.) അജ്ഞാനാന്ധകാരത്താൽ നിബിഡമായിരുന്ന ലോകത്തെ, തന്റെ സ്വർഗ്ഗീയ പ്രബോധനങ്ങളാകുന്ന യഥാർത്ഥ ദീപത്താൽ പ്രകാശിപ്പിച്ചു് ഏവരേയും സത്യത്തിലേക്കാനയിച്ചുകൊണ്ടാണു് അവിടുന്നു നിത്യജീവൻ നൽകുന്നതു്. അതുകൊണ്ടാൽ അവിടുന്നു പഠിപ്പിക്കുന്നവയെല്ലാം വിശ്വസിക്കുന്നവർക്കുമാത്രമേ നിത്യജീവൻ ലഭിക്കുകയുള്ളു. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു; എന്നിൽ വിശ്വസിക്കുന്നവനു നിത്യജീവനുണ്ടു്" (യോ. VI. 47.) "വിശ്വസിച്ചു് ജ്ഞാനസ്നാനപ്പെടുന്നവൻ രക്ഷപ്രാപിക്കും; വിശ്വസിക്കാത്തവനോ ശിക്ഷിക്കപ്പെടും" (മർക്കോ. XVI, 16.) അതിനാൽ രക്ഷകന്റെ ജനനംമൂലം നമുക്കുള്ള സന്തോഷവും പ്രതീക്ഷയും വ്യർത്ഥമാകാതിരിക്കണമെങ്കിൽ അവിടുന്നു പഠിപ്പിച്ച സകല സത്യങ്ങളും നാം വിശ്വസിക്കേണ്ടിയിരിക്കുന്നു. വിശ്വസിച്ചാൽ മാത്രം പോരാ, വിശ്വാസത്തിനനുസൃതമായവിധം ജീവിക്കയുംവേണം "ജീവനിൽ പ്രവേശിക്കണമെന്നു നിനക്കാഗ്രഹമുണ്ടെങ്കിൽ കല്പനകൾ കാത്തുകൊൾക" (മത്താ XIX. 17)

ദിവ്യരക്ഷകന്റെ ഉപദേശങ്ങളെ വിശ്വസിച്ചു തദനുസാരം പ്രവർത്തിക്കേണ്ടതു രക്ഷയ്ക്കുതന്നെ അപേക്ഷിതമാകുന്നു. വിശ്വസിച്ചാലുമതിയോ? ഉപദേശങ്ങളെ ആദ്യംതന്നെ നാം പഠിക്കണമല്ലോ. ഇതാ! മതപഠനം എത്ര പ്രാധാന്യമുള്ളതാണെന്നു നിങ്ങൾ കാണുവിൻ. ഇക്കൂട്ടത്തിൽ നിങ്ങൾ എത്രമാത്രം ശ്രദ്ധപതിക്കുന്നുണ്ടു്? "വെളിച്ചം ഇരുളിൽ പ്രകാശിച്ചു. ഇരുൾ അതിനെഗ്രഹിച്ചില്ല." "അവൻ തന്റെ സ്വന്തത്തിലേയ്ക്കുവന്നു എങ്കിലും അവന്റെ സ്വന്തം അവനെ കൈക്കൊണ്ടില്ല." (യോ. I. 5. 11.) എന്നു് ഒരർത്ഥത്തിൽ ഇന്നത്തെ ലോകത്തെപ്പറ്റിയും പറഞ്ഞുകൂടയൊ? മതതത്വങ്ങൾ വേണ്ടതുപോലെ പഠിക്കാത്തതിനാൽ ലോകത്തിൽ അജ്ഞത വർദ്ധിച്ചും വിശ്വാസവും മതഭക്തിയും ക്ഷയിച്ചും വരുന്നില്ലയെന്നു ചിന്തിച്ചുനോക്കുക. കുറെപ്പേർക്കു യുവജനങ്ങളിൽ പോലും ഒരുതരം മതനിഷ്ക്രിയത വേരുന്നിത്തുടങ്ങിയിരി

ക്കുന്നതുകാണുക. അവിശ്വാസത്തിലും അജ്ഞതയിലും നിങ്ങൾ ആണ്ടു പോകാതിരിക്കുന്നതിനു വേദസത്യങ്ങൾ ശരിയായി പഠിക്കുകയും നിങ്ങളുടെ കുട്ടികളുടെ മതാഭ്യുന്നതിയിൽ കൂടുതൽ ശ്രദ്ധാന്തി പ്രദർശിപ്പിക്കുകയും ചെയ്യുവിൻ. ഇടവകകളിൽ വേദോപദേശക്ലാസ്സുകൾ ഏറ്റവും വ്യവസ്ഥിതമായ രീതിയിലും കൂടുതൽ നിഷ്കൃഷ്ടയോടുകൂടിയും നടത്തണമെന്നും, കുട്ടികളുടെ ഹാജർ ശരിയാംവണ്ണം രേഖപ്പെടുത്തണമെന്നും ബ. വികാരിമാരെ നാം അറിയിക്കുന്നു. വേദോപദേശക്ലാസ്സിന്റെ മുടക്കമായ റിപ്പോർട്ട് എല്ലാമാസത്തിലും നമ്മുടെ പക്കൽ എത്തിച്ചുകൊള്ളണം. 75 ശതമാനം ഹാജരില്ലാത്ത കുട്ടികളുടെ വിവാഹാവസരം വരുമ്പോൾ നമ്മുടെ പ്രത്യേകാനുമതികൂടാതെ കൂദാശ കൊടുക്കുവാൻ പാടുള്ളതല്ല.

മതസംബന്ധമായ ജ്ഞാനം വർദ്ധിപ്പിക്കുന്നതിനും ദൈവഭക്തിയെ പോഷിപ്പിക്കുന്നതിനും മതപരമായ പ്രസിദ്ധീകരണങ്ങളും, ഭക്തിമയങ്ങളായ ഗ്രന്ഥങ്ങളും വളരെ സഹായിക്കുമെന്നതിനു സംശയമില്ല. അബദ്ധോപദേശങ്ങൾകൊണ്ടു നിറഞ്ഞതും അസാന്മാർഗ്ഗികങ്ങളുമായ പ്രസിദ്ധീകരണങ്ങൾ ധാരാളമുള്ള ഇക്കാലത്തു നമ്മുടെബാലികാബാലന്മാരുടെ വിശ്വാസവും ധർമ്മബോധവും ക്ഷയിക്കാതിരിക്കുന്നതിനു് അവർക്കു കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ നൽകേണ്ടതു് അത്യാവശ്യമാണു്. ഈ വിഷയത്തിലും നിങ്ങൾ വളരെ അധികം ശ്രദ്ധപതിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. വന്ദ്യസഹോദരരെ, പ്രിയമക്കളെ,

ഈശോ ജാതനായതു ലോകത്തെ മുഴുവൻ രക്ഷിക്കുന്നതിനാണു്. "സകലജാതിക്കുമുണ്ടാകുവാനിരുന്ന ഒരു മഹാസന്തോഷ"മായിട്ടാണല്ലൊ ഈശോയുടെ ജനനത്തെ ദൈവദൂതൻ പ്രഖ്യാപനംചെയ്തതു്. ആകയാൽ നിത്യജീവനാകുന്ന പ്രകാശത്താൽ സകലമനുഷ്യരെയും പ്രകാശിപ്പിക്കണമെന്നാണു് രക്ഷാനാഥന്റെ ആഗ്രഹം. ഈ ജോലി അവിടുന്നു സഭയെ ഭരമേല്പിച്ചിരിക്കുന്നു. "നിങ്ങൾ ലോകമെങ്ങും പോയി സകലസൃഷ്ടിയോടും എന്റെ സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ–XVI. 15.) സഭ ഈ കല്പനയെ ശിരസാവഹിച്ചുകൊണ്ടു വേദപ്രചാരണജോലി നിരന്തരം നിർവ്വഹിക്കുന്നു. ദിവ്യമായ ഈ ജോലിയിൽ വിശ്വാസികൾ ഏവരും സഹകരിക്കണമെന്നു പ. മാർപ്പാപ്പാമാർ ആവർത്തിച്ചാവർത്തിച്ചു് ഉപദേശിക്കുന്നു. അവരുടെസ്വരം ദൈവത്തിന്റെ സ്വരമാണു്. നിങ്ങൾഓരോരുത്തരുംപ്രാർത്ഥനയാലും, സ്നേഹപൂർവ്വകമായ സദുപദേശത്താലും,സർവ്വോപരി മാതൃകായോഗ്യമായ ജീവിതത്താലും മുറുമുള്ള ഇതരമതസ്ഥരെ സത്യത്തിലേക്കാകർഷിക്കുവിൻ. ഇതാണുനിങ്ങളുടെ സഹകരണം. ഭാഗ്യമോടേ വാഴുന്നപതിനൊന്നാംപീയൂസ് മാർപ്പാപ്പാതിരുമനസ്സുകൊണ്ടു ലോകത്തെ അനവരതം ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്ന 'കത്തോലിക്കാപ്രവർത്തനം' ഇതാണു്,

വേദപ്രചാരണാസക്തി വിശ്വാസികളിൽ വർദ്ധിപ്പിക്കുന്നതിനു ബ. വികാരിമാർ തികഞ്ഞ ശ്രദ്ധയോടെ യത്നിക്കണം. നമ്മുടെ രൂപതയിലെ വേദപ്രചാരണപദ്ധതി ഒന്നു പരിഷ്കരിക്കുന്നതിനു നാം തീരുമാനിച്ചിരിക്കുന്നു. ബ. വികാരിമാരെ അതാതിടവകകളിൽ വേദപ്രചാരണ ഡയറക്ടർമാരായി നിശ്ചയിക്കണമെന്നാണു് നമ്മുടെ ആഗ്രഹം. നമ്മുടെ രൂപതയിലെ വേദപ്രചാരണവകുപ്പിന്റെ സെക്രട്ടറിയായി ഒരു ബ. അച്ചനെ നാം നിയമിച്ചിട്ടുണ്ടു്. ദൈവത്തിന്റെ അനുഗ്രഹത്താൽ വിശ്വാസികളുടെ ഹൃദയപൂർവ്വമായ സഹകരണത്തോടുകൂടി വേദപ്രചാരണം പുരോഗമനം പ്രാപിക്കുമെന്നു നാം പ്രതീക്ഷിക്കുന്നു. ഓരോ കുടുംബത്തിലും സ്ഥാപനങ്ങളിലും പള്ളികളിലും പൊല്ലിവരാവുള്ള 'അനുഗ്രഹക്കൊന്ത' എന്ന നമസ്കാരം വേദപ്രചാരണത്തിനായി കാഴ്ചവയ്ക്കണമെന്നു നാം ആഗ്രഹിക്കുന്നു. വേദപ്രചാരണം വിജയപൂർവ്വം നിർവ്വഹിക്കുന്നതിനു പ്രാർത്ഥനയ്ക്കു പുറമേ പണം അത്യാവശ്യമാണു്. കഴിഞ്ഞ ഒക്ടോബർമാസത്തിൽ നമ്മുടെ കല്പന അനുസരിച്ചു് വേദപ്രചാരണത്തിനായി ഔദാര്യപൂർവ്വം നിങ്ങൾ സംഭാവനകൾ അയച്ചുതന്നതിനു നാം നന്ദി പറയുകയും നിങ്ങളെ ആശീർവ്വദിക്കയും ചെയ്യുന്നു. ഉണ്ണിയീശോ നിങ്ങളെ അനുഗ്രഹിക്കട്ടെ! മേലിലും ഞായറാഴ്ചതോറും വേദപ്രചാരണത്തിനായി —ആത്മാക്കളെ രക്ഷിക്കുകയെന്ന ദിവ്യമായ ജോലിയിൽ ദിവ്യരക്ഷകനോടു സഹകരിക്കുന്നതിനുവേണ്ടി— നിങ്ങളുടെ ധനത്തിൽ ഓരോ ദാനം ചെയ്യണമെന്നു നാം ഉപദേശിക്കുന്നു. ഈവിധം ലഭിക്കുന്ന സംഖ്യകൾ ബ. വികാരിമാർ മാസാന്ത്യത്തിൽ നമ്മുടെ പേക്ഷയച്ചുതരേണ്ടതാണു്.

ഇപ്രകാരം ദൈവം ലോകത്തിനായി പ്രദാനം ചെയ്തിരിക്കുന്ന സ്വർഗ്ഗീയമായ വെളിച്ചത്തെ സ്വീകരിച്ചു നിങ്ങളുടെ ഓരോരുത്തരുടെയും ബോധത്തെ പ്രകാശിപ്പിക്കുകയും, ഉത്തമജീവിതത്താലും പ്രാർത്ഥനയാലും മറ്റും അന്ധകാരത്തിലിരിക്കുന്നവരെ പ്രകാശിപ്പിച്ചു നിത്യജീവനിലേയ്ക്കാനയിക്കുന്നതിനു പ്രയത്നിക്കയും ചെയ്യുന്നപക്ഷം രക്ഷകന്റെ ജനനത്തെപ്പറ്റിയുള്ള സ്മരണ ഇന്നും എന്നും നിങ്ങൾക്കു സ്വർഗ്ഗീയാനന്ദപ്രദമായിരിക്കും. ഇതിനായി പ്രാർത്ഥിച്ചുകൊണ്ടും, ലോകരക്ഷകനായ ദിവ്യശിശു തന്റെ കടാക്ഷത്താൽ നിങ്ങളെ പ്രകാശിപ്പിക്കയും, തന്റെ ഉണ്ണിത്തൃക്കരങ്ങളുയർത്തി നിങ്ങളെ അനുഗ്രഹിക്കയും ചെയ്യട്ടെയെന്നു ആശംസിച്ചുകൊണ്ടും ഈശോയുടെ നാമത്തിൽ നാം നിങ്ങളെ എല്ലാവരെയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ച. നമ്മുടെ അരമനയിൽനിന്നു
1935 ഡിസമ്പർ 19 -നു-.

ച. രൂപതയുടെ മെത്രാൻ

ജയിംസു കാളാശ്ശേരി (ഒപ്പു്.)

എല്ലാവക്കും പറ്റിയവിഷയം.

(ഫാദർ തോമ്മസ്സ് കൊച്ചുപുരക്കാനാൽ.)

'വേദപ്രചാരമദ്ധ്യസ്ഥൻ' പോലുള്ള ഒരു മാസികയ്ക്കു യോജിക്കുന്ന വിഷയം തിരഞ്ഞെടുക്കുവാൻ പലപ്പോഴും വളരെ വിഷമംഉണ്ടു്. ഒരു പുണ്യത്തെക്കുറിച്ചു പറയുകയെന്നുവച്ചാൽ, അതിൽ മികച്ചു നില്ക്കുന്നവർ മദ്ധ്യസ്ഥൻവായനക്കാരുടെ ഇടയിൽ പലരും ഉണ്ടായിരിക്കാം. ഒരു പാപത്തെപ്പറ്റിയാണെങ്കിലോ: അനേകരെ അങ്ങനെയൊന്നു സ്പർശിക്കുപോലും ചെയ്തിട്ടില്ലായിരിക്കാം. അതുകൊണ്ടാണു് എല്ലാവക്കും പറ്റിയ വിഷയം കണ്ടുപിടിക്കുന്നതിനു എഴുത്തുകാർക്കു പലപ്പോഴും ക്ലേശംനേരിടുന്നതു്. എന്നാൽ ഔചിത്യമെന്ന കായ്ത്തെ ഒട്ടും അവഗണിക്കാനും പാടില്ല. ഈ ബോധത്തോടുകൂടെയുള്ള അന്വേഷണത്തിന്റെഫലമായി എനിക്കിപ്പോൾ കിട്ടിയിട്ടുള്ള വിഷയം എല്ലാവക്കും ഹൃദ്യമായ ഒന്നാണെന്നു പറഞ്ഞുകൊള്ളുന്നു. കാരണം, അതു ദൈവം ആഗ്രഹിക്കുന്നതും, മിശിഹാ ആരംഭിച്ചതും, അപ്പസ്തോലന്മാർ തുടർന്നതും, മാപ്പുപ്പാമാർ പ്രോത്സാഹിപ്പിക്കുന്നതും, മെത്രാന്മാർ ഉപദേശിക്കുന്നതും പരോൽകർഷം വർദ്ധിപ്പിക്കുന്നതും, സ്വർഗ്ഗം കൈയ്വരുത്തുന്നതുമായ ഒന്നാകുന്നു. അതുക്രിസ്തുമതപ്രചാരമല്ലാതെമറ്റൊന്നുമല്ല.

ഇത്രമാഹാത്മ്യമേറിയ ഒരു കൃത്യം എങ്ങനെ നിർവഹിച്ചിട്ടുണ്ടെന്നു ഓരോരുത്തനും പരിശോധിക്ക. പരിശോധനാഫലം ആരുടേതു സ്തുത്യർഹമായിരിക്കുന്നു? സ്വപരിശ്രമഫലമായി ഒരു ആത്മാവിനെയെങ്കിലും സത്യമതത്തിൽ ചേർത്തിട്ടുണ്ടെന്നു പറവാൻ എത്രപേക്കു സാധിക്കും? ഈ ചോദ്യത്തിനു അനുകൂലമായൊരു മറുപടി പറവാൻ സാധിക്കാതെ വരുന്നെങ്കിൽ അതു് ഈ സൽകൃത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ചു ചിന്തിക്കാത്തതുകൊണ്ടല്ലായിരിക്കുമോ? ഒരാത്മാവിന്റെ ശരിയായ വിലയെപ്പറ്റി യഥാർത്ഥബോധം ആർക്കുണ്ടു്? ഒരാത്മാവിന്റെ വില മിശിഹായുടെ അമൂല്യരക്തമല്ലയൊ? നാം കാണുന്നതും കേൾക്കുന്നതുമായ ഐശ്വര്യങ്ങളെല്ലാം അടങ്ങിയലോകത്തെക്കാൾ വിലയേറിയതല്ലയൊ ഒരു ആത്മാവു്?

ഒരാത്മാവിന്റെ വില ഇത്രവലുതായിരിക്കെ ഒന്നോ രണ്ടോ പത്തോനൂറോ ആത്മാക്കളാണോ പിശാചിന്റെ ദാസ്യത്തിൽപ്പിറന്നു, സത്യവേദത്തെക്കുറിച്ചുള്ള അറിവുകൂടാതെ വളർന്നു, മിശിഹായുടെ അവതാരഫലമനുഭവിക്കാതെ മരിക്കുന്നതു്? നമ്മുടെ മാതൃഭൂമിയായ ഇൻഡ്യായിലെ ജനസംഖ്യ കഴുത്തുകഴിഞ്ഞ സെൻസസ്പ്രകാരം അയ്യായിരത്തിഎണ്ണൂറ്റി

മുഖ്യലക്ഷ്യമത്രെ. ഈ തുകയിൽ കത്തോലിക്കർ മുഖ്യതിൽചിലാനംല ക്ഷംമാത്രമാണ്. നീക്കിയുള്ള അയ്യായിരത്തിയെണ്ണൂറോളംലക്ഷവും സത്യ മതത്തിനു പുറത്താണു സ്ഥിതിചെയ്യുന്നതു്. ഈ പാരമാർത്ഥ്യത്തെക്കുറി ച്ചു പ്രിയവായനക്കാരെ ചിന്തിക്കുവിൻ. ഈ ഭീമസംഖ്യയും, എല്ലാമനു ഷ്യരും രക്ഷപെടണമെന്നു് ആഗ്രഹിക്കുന്ന ദൈവത്തിന്റെ ഉദ്ദേശ്യത്തിൽ ഉൾപ്പെട്ടതല്ലയൊ? ഇവക്കുവേണ്ടിക്രൂടെയല്ലയൊ ദൈവപുത്രൻ സ്വര ക്തംബലിയായി സമർപ്പിച്ചതു്? ഹാ, ക്രിസ്തുവിന്റെ അനുയായികളെ, നി ങ്ങൾ ക്രിസ്തുവിനെ യഥാർത്ഥമായി സ്നേഹിക്കുന്നുവെങ്കിൽ ക്രിസ്തുവിന്റെ ഇ ഷ്ടവും നിറവേറുക. തന്റെ ഇഷ്ടമേതാണെന്നു സ്വജീവനെ പരിത്യജി ച്ചുകൊണ്ടു അവിടുന്നു പ്രകാശിപ്പിച്ചു. അതു് ആത്മരക്ഷ; അതേ ആത്മര ക്ഷതന്നെ.

ഇനിയും പ്രേരകയുക്തികളില്ലാതില്ല. വേദപ്രചാരപരിശ്രമം ഓരോ രുത്തന്റെയും നിത്യരക്ഷാസമ്പാദിക്കുന്നതിനുപറ്റിയ ഒരു പോംവഴിയത്രെ. ഒരു പാപിയെ ദുർമാർഗ്ഗത്തിൽനിന്നു രക്ഷിക്കുന്നവൻ തന്റെ ആത്മാവി നെ നരകത്തിൽനിന്നു രക്ഷിക്കുന്നുവെന്നും, അന്യരെ നീതിപഠിപ്പിക്കുന്ന വൻ ആകാശത്തിലെ നക്ഷത്രങ്ങൾപോലെ പ്രകാശിക്കുമെന്നും മറ്റുമു ള്ളവേദവാക്യങ്ങളെല്ലാം ഇവിടെ എടുത്തുചേർക്കണമെന്നില്ലല്ലൊ.

സമുദായോന്നമനം ആഗ്രഹിക്കുന്നവർക്കും, പൊതുജനഹിതം കാം ക്ഷിക്കുന്നവർക്കും, ലോകപരിഷ്കാരം ഇഷ്ടമിക്കുന്നവർക്കും ക്രിസ്തുമതപ്രചാ രപരിശ്രമങ്ങളിൽ ഉൽസുകരാകാതിരിക്കുവാൻ കഴികയില്ല. ഇന്നുലോക ത്തിൽകാണുന്ന പരിഷ്കാരം എവിടെനിന്നു വന്നുവെന്നറിയണമെങ്കിൽ യഥാർത്ഥപരിഷ്കാരസൂര്യനായ മിശിഹാഉദിക്കുന്നതിനു മുമ്പിൽ ലോകത്തി ന്റെ സ്ഥിതിയെന്തായിരുന്നുവെന്നും, കത്തോലിക്കാമതം ഇപ്പോഴും പ്രചു രമായി പ്രചരിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ പരസ്നേഹം സമഭാവന മുതലായ വിശിഷ്ടഗുണങ്ങളിൽ എത്രപിന്നോക്കം നില്ക്കുന്നുവെന്നും പരിശോധിച്ചാ ൽമാത്രംമതി.

ഇനിയും, ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനും സ്വരാജ്യത്തിന്റെ ലബ്ധി ക്കുമായുള്ള പരിശ്രമത്തിനു സഹായകമായി ക്രിസ്തുമതപ്രചാരംപോലെ വേറൊരു മൂലധനമാർഗ്ഗമില്ലതന്നെ. ഇൻഡ്യയുടെ അധഃപതനത്തിനു കാര ണങ്ങളായിഭവിച്ച സമുദായവിദ്വേഷവും ജാതിവ്യത്യാസവുംതന്നെ ഇന്നും അതിന്റെ സ്വാതന്ത്ര്യലബ്ധിക്കു ബാധകങ്ങളായി നില്ക്കുന്നുവെന്നവട്ടമേശ സമ്മേളനത്തിന്റെ റിപ്പോർട്ട് സാക്ഷ്യംവഹിക്കുന്നു. ഐക്യം കൂടാതെഒരു രാഷ്ട്രീയവാദം വിജയംനേടുകയില്ല. ഐക്യം സ്നേഹത്തിൽനിന്നുൽഭവി ക്കണം. സ്നേഹംസാഹോദര്യത്തിൽനിന്നുമാണ് പുറപ്പെടേണ്ടതു്. ഇവയെ ല്ലാം ക്രിസ്തുമതസിദ്ധാന്തങ്ങളാൽ സ്വീകരിച്ചാൽ സുസിദ്ധമാകുകയുംചെയ്യും.

ആകയാൽ, ദൈവത്തെ നാം സ്നേഹിക്കുന്നുവെങ്കിൽ, സ്വാർത്ഥം കാംക്ഷിക്കുന്നുവെങ്കിൽ, പരനന്മ ആഗ്രഹിക്കുന്നുവെങ്കിൽ, സമുദായോന്നമനം പ്രതീക്ഷിക്കുന്നുവെങ്കിൽ, സ്വരാജ്യാഭിമാനം ഫലവത്താകണമെന്ന് ഉദ്ദേശിക്കുന്നുവെങ്കിൽ, സ്വാതന്ത്ര്യവാദം വിജയമാകുട മുടണമെന്നാശിക്കുന്നുവെങ്കിൽ നമ്മുടെ ക്രിസ്തുമതം പ്രചരിപ്പിക്കാം. ക്രിസ്തുമതത്തെക്കുറിച്ചു്, പ്രത്യേകിച്ചു് അധഃകൃതസമുദായത്തിനു കൂടുതൽ പ്രതിപത്തിതോന്നിയിരിക്കുന്ന ഈ അവസരത്തിൽ ഇതു തന്നെ എല്ലാവർക്കും ചേരിയ വിഷയം.

സഭയും ഞാനും.

'സഭ ജീവന്റെ ആലയമാകുന്നു. അതിന്റെ സജീവമായ ഒരു കല്ലാണു് ഞാൻ. സഭ നിത്യജീവൻ പുറപ്പെടുവിക്കുന്ന വൃക്ഷമാകുന്നു; ഞാൻ അതിന്റെ ഒരു ശിഖരമത്രെ. സഭ ക്രിസ്തുവിന്റെ സൂക്ഷ്മശരീരമാകുന്നു; ഞാൻ അതിന്റെ ഒരംഗമാണു്. ആകയാൽ എനിക്കു് എന്നോടുതന്നെയുള്ളതിനേക്കാൾ കൂടുതൽ ബന്ധം സഭയോടുണ്ടു്; അവളുടെ ജീവൻ എന്റേതിനേക്കാൾ വളരെ അധികമാണു്; എന്തുകൊണ്ടെന്നാൽ അവളോടുള്ള ഐക്യത്താലാണു് ഞാൻ ജീവിക്കുന്നതു്. സഭയ്ക്കു് എന്നെക്കൂടാതെ ജീവിക്കുവാൻ സാധിക്കും, കാരണം അവളുടെ ശരീരത്തിലെ ഒരു ജീവാംശം മാത്രമാണു ഞാൻ. എനിക്കാകട്ടെ സഭയെ കൂടാതെ സ്വസ്ഥമായി ജീവിക്കുവാൻ വയ്യാ. എന്റെ കൈ എന്റെ ശരീരത്തിന്റെ ഒരു ഭാഗമായിരിക്കുന്നതുകൊണ്ടുമാത്രം ജീവിക്കുന്നു. അപ്രകാരംതന്നെ ഞാൻ സഭയുടെ ഒരു അംഗമായിരിക്കുന്നതുകൊണ്ടുമാത്രം ജീവിക്കുന്നു. അവളുടെ വിചാരങ്ങൾതന്നെ എന്റെ വിചാരങ്ങളും, അവളുടെ സ്നേഹവിഷയങ്ങൾ എന്റെയും സ്നേഹവിഷയങ്ങളും, അവളുടെ ആദർശങ്ങൾ എന്റെയും ആദർശങ്ങളും ആകത്തക്കവണ്ണം അത്ര ഗാഢമായി ഞാൻ അവളോടു് ഏകീഭവിച്ചിരിക്കുന്നു. അവളുടെ ജീവനിൽ ഭാഗഭാക്കാകുവാൻ ഭാഗ്യമുണ്ടായി സിദ്ധിച്ചതു ദൈവം എനിക്കു നൽകിയിട്ടുള്ളവയിൽ ഏറ്റവും വലിയ അനുഗ്രഹമായി ഞാൻ ഗണിക്കുന്നു. അതുപോലെതന്നെ, അവളുടെ ജീവൻ എനിക്കു നഷ്ടമാകുന്നതു എനിക്കു സംഭവിക്കാവുന്നതിൽ ഏറ്റവും വലിയ അത്യാഹിതമായി ഞാൻ കരുതും.

* * * *

ക്രിസ്തുവിന്റെ രൂപാന്തരപ്പെടുന്ന ഈ സൂക്ഷ്മശരീരത്തിൽ എന്റെ ആദ്ധ്യാത്മികാഭിവൃദ്ധിക്കാവശ്യമായ സകല സാമഗ്രികളും ഞാൻ കണ്ടെത്തുന്നു. അവളിൽ ഞാൻ ജീവിക്കുകയും ചരിക്കുകയും ചെയ്യുന്നു. എന്റെ ആസ്തിക്യം (ഉള്ളായ്മ) തന്നെ അവളിലാണു്. അവളുടെ ഏഴു് അരുവികളിൽനിന്നു നിത്യജീവപ്രദമായ ജലം ഞാൻ കോരിയെടുക്കുന്നു. അവളുടെ ഏഴു മുദ്രയുള്ള ഗ്രന്ഥത്തിൽനിന്നു ഭാവ്യകഞ്ചുകിന്റെ രഹസ്യങ്ങൾ ഞാൻ പഠിക്കുന്നു. അവളുടെ പിംഗളിൽനിന്നു ജീവന്റെ അപ്പവും കന്യകകളെ മുളപ്പിക്കുന്ന വീഞ്ഞും എനിക്കു ലഭി

വി. കുമ്പസാരയുടെ വേദസാക്ഷി

അഥവാ

തർഷീസ്യൂസ്.

തുടർച്ച.

(റവ. ഫാദർ തോമ്മസ് വാളിപ്ലാക്കൽ)

ആക്ടു II. സീൻ III.

ഭ്രഷ്ടാലയം, തർഷീസ്യൂസിന്റെ മരണം.

(തർഷീസ്യൂസ് മുറിവേറ്റു മരണാസന്നനായി ഒരു ബഞ്ചിൽ ശയിക്കുന്നു. വൈദികൻ അടുത്തിരുന്നു ശുശ്രൂഷിക്കുന്നു. പട്ടാളക്കാർ ദൂരെ ഒരു ബഞ്ചിൽ തടിക്കു കയ്യുമൂന്നി തപ്തഹൃദയനായി ഇരിക്കുന്നു.

അച്ചൻ. (ബൈബിളിൽ നിന്നും വി. യോ. XIX അദ്ധ്യായം വായിക്കുന്നു.)

"പിന്നീടു പീലാത്തോസ് യേശുവിനെ പടയാളികളെ ഏല്പിച്ചു. അവർ അദ്ദേഹത്തെ കൽത്തൂണിന്മേൽ കെട്ടി ചമ്മട്ടികൾകൊണ്ടും വാട്ടകൾകൊണ്ടും അടിച്ചു." മകനെ നിതിമാനായിരുന്ന ആ കൽത്താവിനെ അവർ ഭയങ്കരമായി അടിച്ചു. എന്നാൽ നാം പാപികളാണ്. നിന്നെ അവർ കഠിനമായി മുറിവേല്പിച്ചെങ്കിൽ അതു നമ്മുടെ പാപത്തിന്റെ

ക്കുന്നു. എന്റെ ജീവൻ അവളുടെ ജീവനാണ്. എന്റെ അസ്തിത്വം അവളുടെ അസ്തിത്വമാണ്. എന്റെ കൈ എന്നെ ശ്രദ്ധാപൂർവ്വം പരിചരിക്കുന്നതു പോലെ ഞാൻ സഭയെ സ്നേഹിക്കയും ശുശ്രൂഷിക്കയും ചെയ്യുന്നു. അവൾ ഒരു സജീവയന്ത്രമാണ്; ഞാനാകട്ടെ അതിന്റെ ഒരംശം മാത്രമാകുന്നു. അവൾ ശരീരമാണ്, ഞാനോ അതിലെ ഒരംഗം മാത്രം; അവൾ ജീവനാകുന്നു, ഞാനൊരു ജീവിയത്രെ;....

* * *

അവൾ മുന്തിരിച്ചെടിയും ഞാൻ ശിഖരവുമാണ്. "മുന്തിരിച്ചെടിയുടെ ശിഖരം തണ്ടിനോടു യോജിച്ചിരിക്കാത്തപക്ഷം, അതിനതന്നെ ഫലം പുറപ്പെടുവിക്കാൻസാധിക്കയില്ല. അപ്രകാരംതന്നെ എന്നിൽ വസിക്കാതെ നിങ്ങൾക്കും (ഫലം പുറപ്പെടുവിക്കാൻ സാധിക്കയില്ല) ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശിഖരങ്ങളുമാകുന്നു. എന്നിൽ വസിക്കയും ഞാൻ അവനിൽ വസിക്കയും ചെയ്യുന്നവൻ ആരോ അവൻ വളരെ ഫലം വഹിക്കുന്നു. എന്തെന്നാൽ എന്നെക്കൂടാതെ ഒന്നും ചെയ്യുവാൻ നിങ്ങൾക്കു സാധിക്കയില്ല." Fulton Sheen.

ഫലമായിട്ട് ദൈവം അനുവദിച്ചതുകൊണ്ടാണ്. ദൈവതിരുമനസ്സു നിറവേറട്ടെ.

തർഷീ. കത്താവെ അങ്ങേ തിരുമനസ്സുപോലെ ആകട്ടെ !

അച്ചൻ.(വായിക്കുന്നു)"പടയാളികളും ഒരുമിച്ചുകൂടിയുണ്ടാക്കി അദ്ദേഹത്തിന്റെ തലയിൽഞ്ഞറച്ചു.യൂദന്മാരുടെരാജാവേ ! സ്വസ്തി എന്നദ്ദേഹത്തെ നിന്ദിച്ചു" ഓ! നമുക്കുവേണ്ടി ആ നിർമ്മലശിരസ്സ് അവർ മുറിപ്പെടുത്തി-എത്രമാത്രംവേദന അദ്ദേഹം സഹിച്ചു. ആവേദനകളെ ഓർത്തു നീയും നിന്റെ സകല പീഡകളേയും ക്ഷമയോടെ സഹിക്കണം.

തർഷീ. പിതാവെ! അങ്ങേയ്ക്കുവേണ്ടി സകലതും ഞാൻ സഹിക്കുന്നു. എന്റെ ഈശോ-എന്റെ നാഥാ !

അച്ചൻ. കുഞ്ഞെ തർഷീസ്യസെ! നമ്മുടെ വാത്സല്യമുള്ള ക്രിസ്തുവിനെ അവർ കുരിശിന്മേൽത്തറച്ചു. ഓ! എത്ര ഭയങ്കരം. രണ്ടു കള്ളന്മാരുടെ നടുവിൽ: കുഞ്ഞെ നോക്കുക. ആ കുരിശുമരത്തെ നോക്കി ധ്യാനിക്കുക. നിന്റെ പാപങ്ങൾക്കു പൊറുതി പോടിക്കുക–

തർഷീ. പിതാവെ! കത്താവിനെ ഞാൻ കാണുന്നു. ആ തിരുമുറിവുകളെ ഞാനിതാ ചുംബിക്കുന്നു. കരുണാനിധി ആയ സർവ്വേശ്വരാ! എന്റെ സ്നേഹഭാജനമെ ! (കുരിശുരൂപം ചുംബിക്കുന്നു)

അച്ചൻ. അപ്പോൾ കുരിശിൻ സമീപേ തന്റെ അമ്മയും അമ്മയുടെ സഹോദരിയും നിന്നിരുന്നു. തന്റെ വാത്സല്യശിഷ്യനെ കാണിച്ചുകൊണ്ട് അവളോടുപറഞ്ഞു "ഇതാ നിന്റെ മകൻ" അനന്തരം ശിഷ്യനോട് "ഇതാ നിന്റെ അമ്മ" എന്നദ്ദേഹം അരുളിച്ചെയ്തു. വത്സാ നമ്മുടെ രക്ഷിതാവായ യേശുമിശിഹാ പാപികളായ നമുക്കു നമ്മുടെ അമ്മയായിട്ടിതാ അദ്ദേഹത്തിന്റെ അമ്മയെത്തന്നെ തന്നിരിക്കുന്നു. ആ അമ്മയെ നീയും വിളിക്കുക; അപേക്ഷിക്കുക. അവൾ നിന്റെ തുണയായിരിക്കും.

തർഷീ. എന്റെ അമ്മേ! എന്റെ ആശ്രയമേ! എന്റെ വാത്സല്യമാതാവെ എന്നെ നീ കൈവിടല്ലെ. അച്ചാ ദാഹിക്കുന്നു. അല്പം വെള്ളം തരണമെ!

(പട്ടാളക്കാരൻ വെള്ളംകൊടുക്കുന്നു. തർഷിയുസ്സിന്റെ മുഖത്തു സൂക്ഷിച്ചുനോക്കിയിട്ടു കരയുന്നു.)

ഹാ: ദൈവമെ! എന്നോടു പൊറുക്കണമെ! ഞാൻ ധൈര്യം പറഞ്ഞതുകൊണ്ടാണല്ലൊ ഈ പിതാവ് ഈ കുഞ്ഞുമാലാഖയെ ഇന്നു കാരാഗൃഹത്തിലേക്കയച്ചത്. ഈ അത്യാപത്തു വരുമെന്നാരറിഞ്ഞു. ഹാ! എനിക്കു സഹിപ്പാൻ വഹിയാ! (കരയുന്നു)

ഹാ! ആ ദുഷ്ടന്മാരായ കുട്ടികളെ ഇത്രനിർദ്ദയമായി ഈ കുഞ്ഞിനെ മുറിപ്പെടുത്തിയല്ലൊ (വാളെടുത്തുകൊണ്ടു കോപത്തോടുകൂടി) ആ ദുഷ്ടന്മാരോട് ഇതിനെന്തൊൻ പ്രതികാരം ചെയ്യും. അവരെ ഞാൻ വെറുതെ വിടുകയില്ല. എന്റെ വാളിനു് അവരെഞാൻ ഇരയാക്കും. ദുഷ്ടപ്പിശാചുക്കളെ കഠിനഹൃദയന്മാർ, അവരെ ഞാൻ കഷണംകഷണമാക്കും.

തർഷീ.— സ്നേഹിതാ! കോപിക്കാതെ കോപത്തെ പാപത്തിൽവീഴിക്കും. പ്രതികാരേച്ഛ ഒരുക്രിസ്ത്യാനിക്കുള്ളതോ?

അച്ചൻ. മിത്രാ! നമ്മുടെ രക്ഷകനായ ക്രിസ്തുവിന്റെ വാക്കുകളെ ഓർക്കുക-ദുഷ്ടന്മാരായ യഹൂദന്മാർ തന്നെ ഭയങ്കരമാംവണ്ണം പീഡിപ്പിച്ചു. കുരിശിന്മേൽത്തറച്ചു. ആകഠിനവേദനകളുടെ മദ്ധ്യേ അദ്ദേഹം പറയുന്നു. പിതാവെ! ഇവരറിയാതെ ചെയ്തുപോയി; ഇവരോടു ക്ഷമിക്കണമെ! ഹാ! ശത്രുക്കളോടു താൻ കാണിക്കുന്ന സ്നേഹം! ഇതല്ലയൊ നാം അനുകരിക്കേണ്ടതു്? അതിനാൽ 'പിതാവെ! അവരോടു ക്ഷമിക്കണമെ!' എന്നു പറഞ്ഞാലും.

പടയാളി. അച്ചാ ഞാൻ കോപാതിരേകത്താൽ പറഞ്ഞുപോയതാണു്. ക്ഷമിക്കണമെ! ഇതാ വാളും (ദൂരെ എറിയുന്നു.)

തർഷീ. പിതാവെ! അവരോടു ക്ഷമിക്കണമെ. അവരറിയാതെ ചെയ്തുപോയതാണു്. അവർ അവരുടെ പാപത്തെപ്പറ്റി മനസ്താപിക്കുന്നതിനും, സത്യദൈവമായ അങ്ങെ അറിഞ്ഞു സത്യമതവിശ്വാസികളായിത്തീരുന്നതിനും വേണ്ട അനുഗ്രഹം നൽകണമെ. അവരുടെ മാനസാന്തരത്തിനും ഈ വേദനയെരുക്കം വേഗത്തിൽ അവസാനിക്കുന്നതിനും വേണ്ടി ഞാൻ ഇതാ മരിപ്പാൻ തയാറായിരിക്കുന്നു.

അച്ചൻ. "യേശു അവസാനമായി എല്ലാംതികഞ്ഞു എന്നരുളിച്ചെയ്തു തലചായിച്ചു പ്രാണൻ വെടിഞ്ഞു." കുഞ്ഞേ മിശിഹാ മരിച്ചു. പാപികളായ നമുക്കുവേണ്ടി ഇതാ മരിച്ചുകിടക്കുന്നു. കുഞ്ഞേ ധൈര്യമായിരിക്കുക.

തർഷീ. അച്ചാ! അച്ചാ! ഈശോമറിയം ഹാ! ഹാ! (വായിൽക്കൂടെ ചോരപൂറത്തൊഴുകുന്നു.) അച്ചാഞാൻ മരിക്കും-ഇപ്പോൾ-ഈശോ.

അച്ചൻ. (ധൃതിയിൽ) മിത്രാ! (പടയാളിയോടു്) അടുത്തുവരിക. നമ്മുടെ കുഞ്ഞുമാലാഖാ നമ്മിൽനിന്നും വേർപെടാൻ പോകുന്നു. (അയാൾ അടുത്തുവരുന്നു. അച്ചൻ ആശീർവദിക്കുന്നു. മരിച്ചു.) പടയാളികരയുന്നു. അച്ചൻ തർഷീഷ്യസിനെ മുങ്ങിച്ചുകൊണ്ടു കു

ണ്ണപൊത്തിക്കരയുന്നു. ഒരു മധുരസംഗീതം അണിയറയിൽ കേൾക്കുന്നു. സ്റ്റേജിൽ പ്രത്യേകശോഭയുണ്ടാകുന്നു.)

സീൻ. 11.

വേദസാക്ഷിമുടിധാരണം.

തർഷീസ്യസ്സ് മറ്റു പല വേദസാക്ഷികളുടെ മദ്ധ്യേ ശുഭ്രവസ്ത്രധാരിയായി കയ്യിൽ കുരുത്തോലത്തണ്ടും വഹിച്ചു നിൽക്കുന്നു. ഒരു മാലാഖാപെട്ടെന്ന് പ്രത്യക്ഷനായി തർഷീസ്യസിനെ വേദസാക്ഷിമകുടം ധരിപ്പിക്കുന്നു. സ്റ്റേജിൽ പ്രത്യേകപ്രകാശം ഉണ്ടായിരിക്കണം. മൃദുവായ സ്വരത്തിൽ അണിയറയിൽ നിന്നും ബാൻറോ, ഹാർമ്മോണിയമോ വായിക്കുന്നു. വേദസാക്ഷികൾ എല്ലാവരുംകൂടി "ക്രിസ്തനാഥൻ ജയ. ദൈവമെ, അങ്ങു പരിശുദ്ധൻ! പരിശുദ്ധൻ! പരിശുദ്ധൻ!." എന്നുപാടിക്കൊണ്ടു മുട്ടിന്മേൽ ആരാധിക്കുന്നു. ശമ്പഹ്ൽ മറിയാകൊലഹോൻ അമ്മെ.....എന്നാ ഗീതം എല്ലാവരുംകൂടി പാടി അവസാനിക്കുമ്പോൾ—കർട്ടൻ

മംഗളം

പരിശുദ്ധഅന്തോനിയെ —എ—മ്മ്.
പരിശുദ്ധപിതാവാകും പീയൂസ് പതിനൊന്നാമൻ
പരിശുദ്ധപോപ്പുരാജൻ നീണാൾവാഴിച്ചീടട്ടെ!
കുരിശാലിക്കായടയെ ഉത്തമലാളനയിൽ
കാത്തുപാലിച്ചിടട്ടെ! അത്തലൊഴിച്ചുനിത്യം
പത്രോദ്ധാരണപാറയിന്മേൽ പണിതെയ്ക്കുമുന്നതം
കർത്താവെ! കാരുണ്യാബ്ധെ! കാത്തുപാലിച്ചിടണെ!

പീഡാമാഹാത്മ്യം.

(ജോസഫ് ശമ്മാശ്, തൃക്കുഴി)

ഭൂഗോളത്തിന്റെ നാനാഭാഗത്തുനിന്നും അസമാധാനത്തിന്റെയും അസംതൃപ്തിയുടേയും സ്വരം പുറപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ് ഇത്. ചക്രവർത്തിമുതൽ ചണ്ഡാളൻവരെയുള്ള സകലരും ഇക്കാര്യത്തിൽ അനുഭവസ്ഥരാണ്. ഒരിടത്തു മഹാശക്തികൾ തമ്മിൽ പോരാട്ടം നടക്കുന്നു. മറെറാരിടത്തു സമുദായങ്ങൾ തമ്മിൽ ശക്തിപരിശോധനനടത്തുന്നു. വേറൊരിടത്തു പൌരസമത്വവാദം, സ്വാതന്ത്ര്യസമരം എന്നിങ്ങനെ വിവിധപ്രസ്ഥാനങ്ങൾ പ്രവൃത്തി തുടർന്നുകൊണ്ടിരിക്കുന്നു. ഇവയെല്ലാംപുറമെ സാമ്പത്തികാധിപത്യവും മനുഷ്യവംശത്തെ മുറുകെപ്പിടിക്കു

ടിയിരിക്കുന്നു. ഇവയുടെ ഫലമായിട്ടോ എന്നതോന്നാൽ പലരും ഭാവിയെപ്പറ്റി ഉൽകണ്ഠാഭാവിച്ചുതുടങ്ങിട്ടുണ്ട്. ഏതുവിധംപലരും പീഡിതരായിരിക്കുന്ന ഈ അവസരത്തിൽ പീഡാമാഹാത്മ്യത്തെപ്പറ്റി ചിന്തിക്കുന്നതു സമുചിതമായിരിക്കും.

മനുഷ്യരെല്ലാവരും, വലിയവരെന്നോ ചെറിയവരെന്നോ, പാശ്ചാത്യരെന്നോ, പൗരസ്ത്യരെന്നോ ഉള്ള യാതൊരു വ്യത്യാസവുംകൂടാതെ പീഡകൾക്കധീനരാണു്. പീതാംബരധാരിയായി സുവർണ്ണസിംഹാസനത്തിൽ ആസനസ്ഥനായിരിക്കുന്ന മഹാരാജാവുതന്നെയും ഇതിൽനിന്നു വ്യത്യസ്തനല്ല. ദിവസേന ലക്ഷംരൂപാവരവുള്ള ധനവാനും നാലുകാശു ലഭിക്കുവാൻ നിവൃത്തിയില്ലാത്ത ദരിദ്രനുംഒരു വിധംഅല്ലെങ്കിൽ മറെറാരുവിധം പീഡിപ്പിക്കപ്പെട്ടുന്നു. ഇത്രസാധാരണമായതും എന്നാൽ എല്ലാവരുംവെറുക്കുന്നതുമായ പീഡയുടെ മാഹാത്മ്യത്തെപ്പറ്റി പലരും ചിന്തിക്കാറില്ല. നമ്മുടെ ജീവിതഭാരത്തെ ലാഘവപ്പെടുത്തുന്നതിനും ജീവിതസമ്മാനത്തിനു് നമ്മെഅർഹരാക്കുന്നതിനും പീഡകളെപ്പറ്റിയുള്ള ചിന്ത സാഹായകമാണു്.

പുണ്യവാന്മാർ വിഷമതകളെയും പീഡകളെയും ആഗ്രഹിച്ചിരുന്നുവെന്നു് കേൾക്കുമ്പോൾ നാം അത്ഭുതപ്പെടാറുണ്ടു്. എന്നാൽ അതിന്റെ യാഥാർത്ഥ്യം ആലോചിക്കുമ്പോൾ അതു് ഏറ്റം അഭിലഷണീയമാണെന്നു് നമുക്കു മനസ്സിലാകും. നമ്മുടെ ജീവിതത്തിന്റെ അന്ത്യം നിത്യഭാഗ്യപ്രാപ്തിയാണു്. തദർത്ഥം പരിശ്രമിക്കുന്ന നാം നമ്മുടെ മാതൃകയായി സ്വീകരിക്കേണ്ടതു ക്രിസ്തുനാഥനെത്തന്നെയാണു്. അവിടുത്തെപ്പറ്റി **'A man of sorrows'** സങ്കടങ്ങളുടെ മനുഷ്യൻ എന്നാണു് പറയപ്പെട്ടിരിക്കുന്നതു്. അതിനാൽ നാം പീഡകളും കഷ്ടതകളുമാകുന്ന വഴിയിൽക്കൂടി യാത്രചെയ്യവേണം പരമാനന്ദംപ്രാപിപ്പാൻ. തന്റെ കുരിശുംവഹിച്ചുകൊണ്ടു് എന്റെ പിന്നാലെ വരാത്തവൻ എനിക്കു യോഗ്യനല്ല എന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നു. ദുഃഖങ്ങളെയും പീഡകളെയും സ്നേഹിക്കണമെന്നും നിത്യഭാഗ്യപ്രാപ്തിക്കുള്ള ഉപകരണങ്ങളായി അവയെ നാം വിനിയോഗിക്കണമെന്നും ഇതിൽ നിന്നുസിദ്ധിക്കുന്നു.

വിഷമതകളെയും പീഡകളെയും പരമാനന്ദപ്രാപ്തിക്കുള്ള ഉപകരണമാക്കുന്നതിനു നാം എതുവിധം പ്രവർത്തിക്കണം എന്നുള്ളതിനെപ്പറ്റി ഇതിനുപരി പര്യാലോചിക്കേണ്ടിയിരിക്കുന്നു. ആദ്യമായി മനുഷ്യജീവിതം സുഖദുഃഖസമ്മിശ്രമാണെന്നു നാം മനസ്സിലാക്കണം. സകല സുഖഭോഗങ്ങളും അനുഭവിക്കയും, പീഡകളും ക്ലേശങ്ങളും എന്താണെന്നു് അറിയാതിരിക്കയും ചെയ്യുന്ന മനുഷ്യൻ സൃഷ്ടാവായ ദൈവത്തിൽനിന്നു് എത്രയും അകന്നുപോകുന്നു. ഇതു നമ്മുടെ അനുദിനാനുഭവത്തിൽപ്പെടുന്ന സംഗതിയാണു്.

ക്ലേശങ്ങളിലും തൈരുക്കങ്ങളിലും നമുക്ക് ആശ്വാസംനൽകുന്ന മറെറാരു സംഗതി നിത്യത്വത്തെപ്പറിയുള്ള ചിന്തയാണ്. അനന്തനന്മയും നിസ്സീമ തേജസ്സുമായ ദൈവത്തെ അഭിമുഖമായി ദർശിക്കുന്നതും ഹൃദ്യമായ നമ്മുടെ ജീവിതത്തിലെ നിരവധി ക്ലേശങ്ങൾ ക്ഷമാപൂർവ്വം സഹിക്കുന്നതും തമ്മിൽ വലിയ അന്തരമുണ്ട്. നിത്യത്വത്തോട് താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ ലൗകികജീവിതം നിമിഷമാത്രമെന്നു പറയാവുന്നതാണ്.

നമ്മുടെ ശരീരത്തിൽ എവിടെയെങ്കിലും ഒരു 'കുരു' വരുന്നുവെന്നിരിക്കട്ടെ. അതു ഭേദമാകണമെങ്കിൽ വിഷമമേറിയ ഒരു ശസ്ത്രക്രിയ നടത്തണമെന്നു ഭിഷഗ്വരൻ വിധിക്കുന്നു. വേദന സഹിക്കുന്നതിൽ വൈമനസ്യമുണ്ടെങ്കിലും വൈദ്യന്റെ ഹിതത്തിനു സസന്തോഷം നാം വിധേയരാകുന്നു. ശസ്ത്രക്രിയയിൽനിന്നും ഉണ്ടാകുന്ന വേദന അല്പസമയത്തേയ്ക്കു ഉള്ളതെന്നും, അതു സഹിക്കുന്നപക്ഷം അനന്തരജീവിതം സുഖകരമായിരിക്കുമെന്നുംനമുക്കു പൂർണ്ണബോധമുള്ളതുകൊണ്ടാണ് 'ശസ്ത്രക്രിയയ്ക്കു നാം വിധേയരാകുന്നതു'. മനുഷ്യജീവിതത്തെപ്പറിയും ഇതുതന്നെ പറയാവുന്നതാണ്. പീഡകളും ക്ലേശങ്ങളും വേണ്ടവിധം നാം സഹിക്കുകയാണെങ്കിൽ അവ മരണത്തോടുകൂടി അസ്തമിച്ചുപോകുമെന്നും അനന്തരജീവിതം നിത്യവും ഭാഗ്യസമ്പൂർണ്ണവുമാണെന്നുമുള്ള ബോധം സാക്ഷാൽ ആശ്വാസദായകമല്ലേ.

ദുഃഖങ്ങളും തൈരുക്കങ്ങളുംവഴിയായി നാം വിശേഷയോഗ്യത സമ്പാദിക്കേണ്ടതാണ്. നമുക്കു ഹിതകരമാണെങ്കിലും അല്ലെങ്കിലും ക്ലേശങ്ങളും നാം സഹിക്കണം. എന്നാൽ നാം സന്തോഷപൂർവ്വം സഹിച്ചു അവ നമ്മുടെ പാപങ്ങൾക്കു പരിഹാരമായും, അവിശ്വാസികളുടെയും പാപികളുടേയും മാനസാന്തരത്തിനായും, സർവ്വോപരി ശുദ്ധീകരാത്മാക്കളുടെ വിമോചനത്തിനായും നിയോഗിക്കുന്നപക്ഷം അമൂല്യമായ യോഗ്യത നമുക്കു സിദ്ധിക്കുന്നു. ഈദൃശമായ നിയോഗത്തിന്റെ അഭാവത്താൽ എത്രമാത്രം യോഗ്യതകളാണു നമുക്കു നഷ്ടപ്പെട്ടുപോകുന്നതു. വി. പെറപുഷ്പത്തിന്റെ ജീവിതം മുഴുവൻ ഒരു ബലിയായി ദൈവത്തിനു സമർപ്പിച്ചിരുന്നുവെന്നു അവർതന്നെ പറയുന്നു. ഇപ്രകാരം ഒരു ബലി നമുക്കും എന്തുകൊണ്ടർപ്പിച്ചുകൂടാ. സ്വർഗ്ഗത്തിൽ നമുക്കുള്ള സ്ഥാനം ജീവിതകാലത്തു ദൈവസ്നേഹത്തിക്കായി സഹിക്കുന്ന ക്ലേശങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു. എന്റെ പിതാവിന്റെ രാജ്യത്തിൽ പല മന്ദിരങ്ങളുണ്ടെന്നു ക്രിസ്തുനാഥൻ അരുളിച്ചെയ്യുന്നു. സ്വർഗ്ഗത്തിൽ ഉന്നതസ്ഥാനം അലങ്കരിക്കുന്ന പുണ്യവാന്മാരെല്ലാവരും ജീവിതകാലത്തു അനുനിമിഷം പീഡകളും സഹിച്ചവരാണ്.

ദൈവഹിതത്തോടുള്ളയോജിപ്പിന്റെ അഭാവത്താലാണു ക്ലേശങ്ങളും സഹിക്കുന്നതിൽ നാം വൈമുഖ്യം പ്രദർശിപ്പിക്കുന്നതു. ദൈവം നമ്മുടെ നല്ലപിതാവാണെന്നും അവിടുന്നു നമ്മെ പുത്രനിർവിശേഷം സ്നേഹി

ക്കുന്നുണ്ടെന്നും ഓർക്കുമ്പോൾ ഏതുവിഷമതയാണു് ഭാരമുള്ളതായി പ്രത്യക്ഷപ്പെടുന്നതു്. ഈ സ്നേഹത്തെ ശരിയായി മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണു് ഒരു പുണ്യാത്മാവു് ഇപ്രകാരം പ്രസ്താവിച്ചതു്. "എന്റെ പിതാവായ ദൈവത്തെ സമീപിക്കുന്നതിനു് ആയുധപാണികളായി നില്ക്കുന്ന അനേകം സേനാപംക്തികളെ തകർത്തുകൊണ്ടു് പുരോഗമിക്കുന്നതിനു് ഞാൻ തയാറാണു്." നാം സ്നേഹിക്കുന്ന ആളിനുവേണ്ടി വിഷമതകൾ സഹിക്കുന്നതിൽ ഉത്സാഹം പ്രദർശിപ്പിക്കുക നമുക്കു സഹജമാണല്ലൊ. അതിനാൽ, പീഡകളെ നാം ആഗ്രഹിക്കയും അവയെ സഹിക്കുന്നതിൽ അന്തരികമായ തൃപ്തി പ്രദർശിപ്പിക്കയും ചെയ്യേണ്ടതാണു്. ഒരിക്കൽ വിശുദ്ധത്രേസ്യാ ഇപ്രകാരം പറകയുണ്ടായി. "ഞാൻ മരിക്കത്തക്കതുപോലെ എന്റെ വേദന അത്ര ഉഗ്രമായിരുന്നു. എന്നാൽ അതേ സമയംതന്നെ ആന്തരികമായ ഒരു മാധുര്യം ഞാൻ ആസ്വദിക്കയും ചെയ്തിരുന്നു. അതിനാൽ പ്രസ്തുതപീഡകൾ അവസാനിക്കാതിരിപ്പാൻ ഞാൻ പ്രാർത്ഥിച്ചിരുന്നു." പുണ്യാത്മാക്കളുടെ ഈ മാതൃക നാമും അനുകരിക്കുന്നപക്ഷം അവർണ്ണനീയമായ സന്തോഷവും സംതൃപ്തിയും നമുക്കനുഭവപ്പെടുന്നതാണു്. എല്ലാദിവസവും പ്രഭാതത്തിൽ ഉണരുമ്പോൾ ആ ദിവസത്തിലെ ഓരോ നിമിഷവും നമുക്കു നേരിടുന്ന ക്ലേശങ്ങളും നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനായും നമ്മുടെ മാതൃരാജ്യമായ ഇൻഡ്യയുടെ മാനസാന്തരത്തിനായും നിയോഗിക്കുന്നതു് ഏറ്റവും ഉപകാരപ്രദമാണു്.

പീഡകൾ ദൈവകോപത്തിന്റെ ഫലമാണെന്നു പലരും വിചാരിക്കാറുണ്ടു്. ഇതുവെറും മിഥ്യാബോധമാണു്. വി. ലിഖിതങ്ങളിൽത്തന്നെ ഇതിനു് അനേകോദാഹരണങ്ങളുണ്ടു്. നീതിമാനായ ജോബു് അതിദാരുണമായിപ്പീഡിപ്പിക്കപ്പെട്ടതു്. തോബിയാസിന്റെ അനുഭവവും ഇതുതന്നെ. ധനവാനായ മനുഷ്യന്റെ ഭക്ഷണശേഷിയിൽനിന്നും പൊഴിയുന്ന അപ്പക്കഷണങ്ങൾകൊണ്ടു വിശപ്പടക്കുവാൻ ആഗ്രഹിച്ച ലാസറിന്റെ കാര്യവും പ്രത്യേകം സ്മരണീയമാണു്. ചില അവസരങ്ങളിൽ ദൈവം ഉഗ്രപീഡകളാൽ പാപികളെ കഠിനമായി ശിക്ഷിക്കുന്നുണ്ടെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ പലപ്പോഴും തന്റെ നീതിമാന്മാർ പീഡകളാൽ കൂടുതൽ ശുദ്ധീകരിക്കപ്പെടണമെന്നു് അവിടുന്നു് ആഗ്രഹിക്കുന്നു. ക്ലേശങ്ങളും കഷ്ടതകളും നമുക്കു നേരിടുമ്പോൾ, സ്വർഗ്ഗസ്ഥനായ പിതാവു നമുക്കു് നൽകുന്ന സുരഭിലകുസുമങ്ങളായിട്ടുവേണം നാം അവയെ സ്വീകരിക്കുവാൻ. അതിനാൽ നമ്മുടെ ക്ലേശങ്ങളിൽ ദൈവഹിതത്തോടു പരിപൂർണ്ണമായി യോജിച്ചുകൊണ്ടു് അവയെ ഫലപ്രദമാക്കിത്തീർക്കുന്നതിനു നാം പരിശ്രമിക്കേണ്ടതാണു്.

വിജ്ഞാപനം.

(റവ. ഫിലിപ്പ് കൈതാനാൽ)

മന്യരെ, കഴിഞ്ഞ ആഗസ്ത് മാസത്തിലെ മദ്ധ്യസ്ഥന്റെ ലക്കത്തിൽ "നിങ്ങളും എന്റെ മുന്തിരിത്തോട്ടത്തിലേക്കു പോകുവിൻ" എന്നതലക്കെട്ടിൽ ഞാൻ ഒരു ലേഖനം എഴുതിയിരുന്നുവല്ലൊ. എന്നാൽ ത്രിശിനാപ്പള്ളിമിഷ്യനെ സംബന്ധിച്ച് അതിൽ പറഞ്ഞിരുന്ന സംഗതികളും അപേക്ഷകന്മാർ വേണ്ടപോലെ മനസ്സിലാക്കീട്ടില്ലായെന്നു, ഇവിടെ വന്നിരുന്ന മുപ്പതിൽപരം അപേക്ഷകളിൽനിന്നും മനസ്സിലായി അതിനാൽ ഈ കുറിപ്പുകൂടി എഴുതുന്നു. ഇവിടെ ആണ്ടുതോറും ഇരുപതിൽ കവിയാത്ത ഒരു സംഖ്യ സെമ്മിനാരിയിൽ എടുക്കുന്നുണ്ട്. അതിൽ ഈ തമിഴ്നാട്ടിൽനിന്നും ഉള്ള അപേക്ഷകന്മാർ കഴിഞ്ഞുള്ളതുക പുറത്തുനിന്നും സ്വീകരിക്കും. അതു മൂന്നോനാലോ ആയിരിക്കും. കഴിഞ്ഞകൊല്ലം മൂന്നുപേരെയാണു സ്വീകരിച്ചതു്. "മദ്ധ്യസ്ഥനിൽ ലേഖനം കണ്ടതുകൊണ്ടു്, എനിക്കു പ്രവേശനം തരണമെന്നു്" ആരോ എഴുതിയിരുന്നുവെന്നു് ഫാ. റെക്ടരച്ചൻ എന്നോടു പറഞ്ഞു. അങ്ങിനെയൊക്കെ എഴുതുന്നതു് പൊതുവെ ഉപദ്രവകരമാണെന്നു് നിങ്ങളും മനസ്സിലാക്കണം. (ഇരുപതു്) വഠ-ൽക്കുടുതൽ വയസ്സുള്ളവരെ എടുക്കയില്ല. അതിനാൽ അപ്രകാരമുള്ളവർ അപേക്ഷിക്കേണ്ട ആവശ്യമേയില്ല. മുൻപു പറഞ്ഞിരുന്ന സർട്ടിഫിക്കേറുകളേടുക്കുടെ, ക്ലാസ്സിൽ എത്രാമനായിരുന്നു? ഇംഗ്ലീഷിനു് എത്ര ശതമാനം മാർക്കുകിട്ടി? (60 ൽ കുറയരുതു്) ലത്തീൻ പഠിച്ചിട്ടുണ്ടെങ്കിൽ, ഏതുവ്യാകരണം?, ഏതു് ടെക്സ്റ്റ്റവു?, എത്രമാത്രം? എന്നൊക്കെ വ്യക്തമായികാണിച്ചു്, മാടപിക്കു് സ്നാനുമഹിതം ഇവിടത്തെ റെക്ടരച്ചനു് അയയ്ക്കണം. അദ്ദേഹംമെത്രാനച്ചനെ അറിയിച്ചുകൊള്ളും. ഇവിടത്തെ റെക്ടരച്ചനാണു് ഇപ്പോൾ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു് എന്നു് സന്തോഷസമേതം അറിയിച്ചുകൊള്ളുന്നു. അദ്ദേഹത്തെകണ്ടു്, വിവരം ഞാൻ പറഞ്ഞു. ഏപ്രിൽ അവസാനത്തോടെ തീരുമാനം പറയാമെന്നു് പറഞ്ഞിട്ടുണ്ടു്. അതിനാൽ ദൈവത്തെ പ്രാർത്ഥിച്ചുകൊണ്ടു് സമാധാനത്തിൽ ഇരിക്കുവിൻ.

വി. യൌസ്ത്യനോസിന്റെ മാസവണക്കം.

പരിഷ്കരിച്ച രണ്ടാംപതിപ്പു്. ഇതാ തയാറായിരിക്കുന്നു.

ഇപ്പോഴത്തെ പഞ്ഞം, പട, വസന്ത മുതലായവയിൽനിന്നും രക്ഷപ്രാപിക്കുന്നതിനുള്ള ഏകആത്മീയസഭ്രന്ഥം. വില വ്യണ മാത്രം. കൂടുതൽ പുസ്തകങ്ങൾ എടുക്കുന്നവർക്കു നല്ലകമ്മീഷൻ കൊടുക്കപ്പെടും. ഒറ്റപ്പുസ്തകത്തിനു വില സ്റ്റാമ്പായി അയച്ചുതന്നാൽ മതി.

മാനേജർ സെന്റ് സെബാസ്ത്യൻസ് പ്രസ്സ് പുത്തൻപള്ളി, ചങ്ങനാശ്ശേരി.

TRIVANDRUM-1-1-1936.

തത്വപ്രകാശിക.

(സി. എൻ. അനന്തരാമയ്യാശാസ്ത്രി. എം. എ.)

"തത്വപ്രകാശിക" എന്ന ഗ്രന്ഥം കേരളീയർക്കു വരുത്താനിടയുള്ള ഗുണം ഇത്രയെന്നു തിട്ടപ്പെടുത്താൻ നിവൃത്തിയില്ല. "പുതുതായി കത്തോലിക്കാസ്സഭയിൽപ്രവേശിച്ച കുറെ വൈദികവിദ്യാർത്ഥികളുടെ ആവശ്യത്തിനായി തയാറാക്കിയ" താണെങ്കിലും "ദൈവകല്പനയനുസരിക്കണമെന്നുള്ളതു് സ്വാഭാവികമതത്തിന്റെ മൗലികതത്വങ്ങളിൽ ഒന്നാകയാൽ വെളിപ്പെടുത്തപ്പെടുന്ന മതം സ്വീകരിക്കാത്തവർ സ്വാഭാവികമതംപോലും അനുഷ്ഠിക്കാത്തവരാണു്" എന്നുള്ള ഗ്രന്ഥകർത്തൃവചനം അനുസരിച്ചു് സകലരും യേശുക്രിസ്തുവിനാലും മതങ്ങളിൽവച്ചു മതമായ കത്തോലിക്കസഭാപ്രതിനിധിനാത്താലും ദേഹവിയോഗകാലത്തു് വിചാരണചെയ്യപ്പെടുമെന്നു് വിശദമാകുന്നുണ്ടു്. ചങ്ങനാശേരി "മധ്യസ്ഥൻ" ബുക്ക്ഡിപ്പോയിൽ കിട്ടുന്ന ഈ പുസ്തകം തമിഴിലും പ്രസിദ്ധപ്പെടുത്തുകയാണെങ്കിൽ (*) തെക്കേഇന്ത്യമുഴുവനിലേക്കും നിരീശ്വരവാദഖണ്ഡനാടികംകൊണ്ടുള്ള അഭ്യുദയം നിലയ്ക്കും.

(ഒപ്പു്) സി. എൻ. അനന്തരാമയ്യാശാസ്ത്രി എം. എ.

Retired Supt. of studies in Dravidian Languages.
(* തമിഴിൽ എഴുതിയാൽ തിരുത്തിയയക്കുന്നതിനോ തമിഴിൽ തർജ്ജമചെയ്യുന്നതിനോ ഞാൻ തയാറാണു്. Idem.)

'Louis' Catholic hostel,

കൊല്ലം ശുചീന്ദ്രവകയായി തിരുവനന്തപുരംപട്ടണത്തിൽ സ്ഥാപിച്ചിട്ടുള്ള 'ലൂയിസ് കാത്തലിക്കു് ഹോസ്റ്റലിന്റെ' 1935-ലെ വാർഷികറിപ്പോർട്ടിന്റെ പ്രതി സദയം അയച്ചുതന്നതു് നന്ദിപൂർവം കൈപ്പറ്റിയിരിക്കുന്നു. വെ. റവ. ഫാദർ സി. വെട്ടിക്കാപ്പള്ളി അവർകളുടെ മേൽനോട്ടത്തിൽ അടിക്കടി അഭിവൃദ്ധിപ്രാപിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത ഹോസ്റ്റൽ വിദ്യാഭ്യാസാർത്ഥം വിദൂരസ്ഥലങ്ങളിൽനിന്നും തിരുവനന്തപുരത്തു എത്തിച്ചേരുന്ന കത്തോലിക്കവിദ്യാർത്ഥികൾക്കു് ഒരു വലിയ അനുഗ്രഹമാണു്. ഇതു് അചിരേണ ഒരു മഹാസ്ഥാപനമായിത്തീരുമെന്നു തന്നെയും പ്രതീക്ഷിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മെക്സിക്കൻ ഡലഗേറ്റപ്പസ്തോലിക്കായുടെ
അഭ്യർത്ഥന.

മെക്സിക്കോയിലേ വൈദികരേയും കന്യാസ്ത്രീകളേയും സഹായിക്കുവിൻ.

"ക്രിസ്തുരാജൻ ജയിക്കട്ടെ"

ക്രിസ്തുരാജത്തിരുനാൾ

കത്താവിൽ പ്രേഷുസോദരന്മാരെ, സോദരികളെ!

രക്തസാക്ഷിയായി മരണംവരിച്ച ഫാ. പ്രോയുടെ തരളിതാധരങ്ങളിൽ നിന്നും അവസാനമായി നിർഗ്ഗളിച്ച വാക്കുകൾകൊണ്ടുതന്നെ ഞാൻ നിങ്ങളെ അഭിവാദ്യം ചെയ്യട്ടെയോ? "ക്രിസ്തുരാജൻ ജയിക്കട്ടെ" എന്ന ജയോദ്ഘോഷമായിരുന്നു നമ്മുടെ രക്തസാക്ഷിയുടെ അന്ത്യവാക്യം.....നാം അവർ വിട്ടുപോയ സ്ഥലത്തു താമസിച്ചുകൊണ്ടു അവരുടെ വേല തുടരുന്നു. മെക്സിക്കൻ കത്തോലിക്കാ സഭയുടെ പരിതാപകരമായ പരിതസ്ഥിതിയിൽ ലോകമാസകലം സജീവമായ താല്പര്യം പ്രദർശിപ്പിക്കുന്നുണ്ട്. പ്രവാസമനുഭവിക്കുന്ന നമുക്കു ഇതു് ഏറ്റവും ആശ്വാസപ്രദമാണു്.

എന്നാൽ ഞാൻ വീണ്ടും പറയുന്നു, "പഴയ മെക്സിക്കോയിലെ കുട്ടികളുടെമേൽ കരുണയുണ്ടാകണമെ".

റഷ്യയിലെ കമ്മ്യൂണിസമാകുന്ന രക്തരാക്ഷസിയുടെ ബഹുപീഡനങ്ങളിൽ പിഞ്ചുപൈതങ്ങളുടെ നിർമ്മലാത്മാക്കൾ ബലികഴിക്കപ്പെട്ടുന്നു. ദൈവമില്ലെന്നും, കത്തോലിക്കാസഭ അവരുടെയും മെക്സിക്കോയുടെയും പരമശത്രുവാണെന്നും അവരെ പഠിപ്പിക്കയും ചെയ്യുന്നു.

നിരീശ്വരപാഠശാലകൾവഴി കാട്ടുതീപോലെ പടർന്നുപിടിക്കുന്ന നിരീശ്വരത്വത്തിന്റെ പ്രവാഹത്തെ തടയാൻ നമുക്കു സാധിക്കുന്നില്ലെങ്കിൽ നമ്മുടെ കുട്ടികൾക്കു എന്തു സംഭവിക്കും? "ഞങ്ങളെ വിസ്മരിക്കല്ലെ" എന്നു് അശ്രുപൂർണ്ണമായ മിഴികൾ ഉയർത്തി അവർ അഭ്യർത്ഥിക്കുന്നു. ഗവർമ്മെന്റു് ജീവനെറ അപ്പത്തിനു പകരം അവർക്കു കല്ലു കൊടുക്കുന്നു.

വെറും ഭൃത്യകളുടെ വേഷത്തിൽ അനേകായിരം കന്യാസ്ത്രീകൾ മെക്സിക്കോയിൽ ഒളിച്ചു താമസിക്കുന്നുണ്ടു്. അവർ കൊച്ചുകുട്ടികളെ കൂട്ടിയേശുനിലിഹായുടെ സുവിശേഷം അവരെ പഠിപ്പിക്കയും, അവരെ ദേഹിക്കയും പിടിപ്പിക്കയും ചെയ്യുന്നവർക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്യുന്നു. ഒരുകഷണം അപ്പവും ഏറ്റവുമിതമായ വസ്ത്രധാരണത്തിനും താമസത്തിനും അവശ്യാവശ്യമായ ഏതാനും നാണയങ്ങളും മാത്രമേ അവർ ചോദിക്കുന്നുള്ളു. പണവും മിത്രങ്ങളുമില്ലാത്തവരായി അനേകം വൈദികരും കന്യാസ്ത്രീകളും ഐക്യരാജ്യങ്ങളിലേക്കു അതിദാരുണമായി ഓടിക്കപ്പെട്ടു. അവർ നമ്മെ നോക്കുന്നു.....നിങ്ങൾ ഔദാര്യപൂർവ്വം അയച്ചതുന്നതല്ലാതെ മറെറാന്നും നമുക്കില്ല. ഭയങ്കരമായി പീഡിപ്പിക്കപ്പെടുന്ന ഞങ്ങളുടെ വൈദികരുടെയും കന്യാസ്ത്രീകളുടെയും പരിതാപകരസ്ഥിതിയെ ഭേദപ്പെടുത്താൻ നിങ്ങൾചെയ്യുന്ന പ്രാർത്ഥനകൾക്കും, സഹായങ്ങൾക്കും നാം ഹൃദയംഗമമായി നിങ്ങൾക്കു നന്ദി പറയുന്നു,

എന്റെ ഏക ആശ്രയം നിങ്ങളാകയാൽ നിങ്ങളോടു ഞാൻ വിണ്ടും സഹായം അഭ്യർത്ഥിക്കുന്നു. തമോനിബിഡമായ ഈ ഘട്ടത്തിൽ ഞങ്ങളുടെ വൈദികരേയും കന്യാസ്ത്രികളേയും നിങ്ങൾ മറക്കരുതേ ഈശോയുടെ നാമത്തിൽ ഞാൻ അവർക്കുവേണ്ടി അപേക്ഷിക്കുന്നു. അവർ സമനസ്സാ ജീവനെ ബലികഴിക്കുന്നു.

നിങ്ങൾ നമ്മെ സഹായിക്കുമോ?.....ഏറ്റവും അവശ്യമായ അവരുടെ ആവശ്യങ്ങളെ സാധിക്കാൻ? ഏറ്റവും തുച്ഛമായ സംഭാവനയും നന്ദിപൂർവ്വം സ്വീകരിക്കപ്പെടും. അതു നിങ്ങൾക്കു വലിയ അനുഗ്രഹങ്ങൾക്കു നിദാനമാകയും ചെയ്യും.

സഹായാർത്ഥമുള്ള ഈ കുറിപ്പിലിനെ കേൾക്കണമെ എന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

കർത്താവിലും ഗാഡലോപ്പിലെ പരി. കന്യകയിലും നിങ്ങളുടെ വിശ്വസ്തൻ

✠ ലെയോപോൾഡ് വയിസ്

മൊറേലിയായിലെ മെത്രാപ്പോലീത്താ

മെക്സിക്കോയിലെ ഡലിഗാഡ് അപ്പസ്തോലിക്ക

Please address all correspondence to
Mexican Priests' and Sisters' Aid
Box 151. Bronsville, Texas U. S. A.

സൂചനം:—സംഭാവനകൾ ശേഖരിച്ച് ഒന്നായിട്ടയക്കുന്നതു് കൂടുതൽ ആദായകരവും സൗകര്യപ്രദവുമാണല്ലൊ. സംഭാവനകൾ ഞങ്ങളുടെപേക്കു യച്ചതന്നാൽ സ്വീകരിച്ച് അയച്ചുകൊടുത്തുകൊള്ളാം. മാനേജർ,
'വേദപ്രചാരമലയാളസ്ഥൻ' ചങ്ങനാശേരി.

ബാലദർപ്പണം.

ചെറിയകുട്ടികൾക്കു ഉപയോഗിക്കത്തക്കവിധത്തിൽ ചെറുതായും വിലകുറച്ചും കുട്ടികളുടെ പ്രത്യേകോപയോഗത്തിനു കൊള്ളാവുന്ന ജപങ്ങളെ കൂട്ടിച്ചേർത്തും ബാലദർപ്പണം എന്നപേരിൽ ഒരു പുതിയജപപുസ്തകം നല്ലമേനിക്കടലാസ്സിൽ അച്ചടിച്ചു തയ്യാറായിരിക്കുന്നു.

സ്കൂളുകളിലെ വേദപാഠസമ്മാനദാനത്തിനുംമറ്റും ഉപകരിക്കുന്നതും റോയൽ പതിനാറിൽ ഫുൾ പേജും ഫുൾപരം നല്ലപടങ്ങളും കാലിക്കോ ബയൻറുമുള്ളതുമായ ഈ പുസ്തകം ഒന്നിനു മൂന്നണച്ചക്രംവില. കൂടുതൽ പുസ്തകം ഒന്നായി എടുക്കുന്നവർക്കു ശ്രേഷ്ഠ പത്തുപുസ്തകം. വ്യാണയിൽ താഴെയുള്ള സംഖ്യയ്ക്കു വി. പി. അയക്കുന്നതല്ല. അപ്രകാരം ചെറിയസംഖ്യയ്ക്കു പുസ്തകം ആവശ്യമുള്ളവർ വിലയും അഞ്ചൽചെലവും സ്റ്റാമ്പായി അയച്ചുതന്നാൽ മതിയാകും.

സുകൃതഭണ്ഡാരം. വില ർ അണ.

പരിശുദ്ധാത്മാവിന്റെ രണ്ടാംപതിപ്പു (വില 6 ണ) തിരുക്കുടുംബവണക്കം (വില 8 മക്കും) Student's Companion (വില 8 ണ)

മലയാളസ്ഥൻ ബുക്ക്ഡിപ്പോ, ചങ്ങനാശേരി.

പുസ്തകാഭിപ്രായം.

1. 'മാതൃകാതൊഴിലാളി' (6 പൈ.) 2. 'ഉജ്ജ്വലതാരങ്ങൾ' (2 ണ)

(ഗ്രന്ഥകർത്താ എം. ഒ. ജോസഫ് നെടുംകുന്നം)

സാഹിത്യത്തിൽ ജീവചരിത്രങ്ങൾക്കുള്ള സ്ഥാനം അദ്വിതീയമാണെന്നുള്ളതു് സർവ്വസമ്മതമാണു്. മലയാളഭാഷയിൽ മഹാന്മാരുടെ ജീവചരിത്രങ്ങൾ ഇനിയും അധികമൊന്നുമില്ല. കേരളകത്തോലിക്കസാഹിത്യത്തിൽ താരതമ്യേന വളരെ കുറച്ചുമാത്രമെയുള്ളു. ഈ ന്യൂനതയെ പരിഹരിക്കുന്നതിനു സതൃദീപംസഹചത്രാധിപരും കേരളീയർക്കു സുപരിചിതനായ ഒരു യുവസാഹിത്യകാരനുമായ ശ്രീമാൻ എം. ഒ. ജോസഫ്, നെടുംകുന്നം ചെയ്യുന്ന പ്രശസ്തസേവനം തികച്ചും അഭിനന്ദനാർഹമാണു്.

അയർലണ്ടിൽ ഒരു വെറും കൂലിവേലക്കാരനായിജീവിച്ചു 1925-ൽ ഭാഗ്യമരണം പ്രാപിച്ച "മാറ്റ്ടാൽബോട്ടി"ന്റെ ജീവചരിത്രമാണു് 'മാതൃകാതൊഴിലാളി'. ഇദ്ദേഹത്തെ പുണ്യവാനെന്നു നാമകരണം ചെയ്യുന്നതിനുള്ള പ്രാരംഭവടങ്ങുകൾ ആരംഭിച്ചിട്ടുണ്ടു്. സന്യാസജീവിതം കൈവരിക്കുന്നവർക്കു മാത്രമെ പരിശുദ്ധജീവിതം നയിക്കുവാൻ സാധിക്കയുള്ളുവെന്നും ലോകവ്യവഹാരങ്ങളിൽ ഏർപ്പെട്ടു ജീവിക്കുന്നവർക്കു പുണ്യപദം ദുഷ്പ്രാപമാണെന്നും തെറ്റിധരിച്ചു ഭ്രാന്തരായി കഴിയുന്ന അനേകർക്കു ഈ ജീവചരിത്രം ആശ്വാസപ്രദവും പ്രോത്സാഹജനകവുമായിരിക്കും.

ഒരു രാജ്യതന്ത്രജ്ഞനായ കൌണ്ടു് ആർബർട്ടു് അപ്പോണെയുടേയും, മഹാശാസ്ത്രജ്ഞനായ സർബർട്ടാംവിൻഡിലിന്റെയും, വൈദികനും രാജ്യതന്ത്രജ്ഞനുമായ മോൺ. ഇഗ്നേഷ്യസ് സീപ്പെലിന്റെയും സംക്ഷിപ്ത ജീവചരിത്രങ്ങളാണു് 'ഉജ്ജ്വലതാരങ്ങളും' എന്നലഘുഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നതു്. കത്തോലിക്കാമതതത്വങ്ങൾക്കു് യഥാർത്ഥശാസ്ത്രത്തോടോ, രാജ്യതന്ത്രത്തോടോ യാതൊരു വൈരുധ്യവുമില്ലെന്നു് ഇച്ചരിത്രങ്ങൾ വിളിച്ചുപറയുന്നു. ഉജ്ജ്വലമായ ഭാഷയിലും ഊർജ്ജസ്വലമായ രീതിയിലും വിരചിതമായിരിക്കുന്ന ഈ പൈതൃതികൾ കേരളമൊട്ടുക്കു പ്രചരിക്കട്ടെയെന്നും, ഇതുപോലുള്ള അനേകം 'ഉജ്ജ്വലതാരങ്ങളും' ആവിർഭവിച്ചു കേരളീയസാഹിത്യനഭോമണ്ഡലത്തിൽ പ്രശോഭിക്കട്ടെയെന്നും തെങ്ങുകം ആശംസിക്കുന്നു. മാർ ലൂയിസ് മെമ്മോറിയൽപ്രസ്സ്, എറണാകുളം എന്നമേൽവിലാസത്തിൽ അപേക്ഷിക്കുക.

വിശ്വോത്തമണിക്കുർ.

ആരാധനകൾ, സ്തോത്രപ്രകരണങ്ങൾ, ധ്യാനങ്ങൾ വി. പൂജാസമയത്തു ഉപയോഗിപ്പാൻ പറ്റിയ പ്രാർത്ഥനകൾ, ദിവ്യകാരുണ്യസന്നിധിയിൽ പാടുവാൻ ഉതകിയ ഗീതങ്ങൾ മുതലായവ അടങ്ങിയിട്ടുള്ളതും അവശ്യംവേണ്ടപടങ്ങളോടുകൂടി ആകർഷണിയമായി അച്ചടിച്ചിട്ടുള്ളതുമായ ഒരു നവിനമാതൃകാഗ്രന്ഥം. നിസ്സാരവില രണ്ടണമാത്രം.

കൂടുതൽ പുസ്തകം ആവശ്യമുള്ളവർക്കു് നല്ലകമ്മീഷൻ കൊടുക്കപ്പെടും. ഒറ്റപ്രതി ആവശ്യമുള്ളവർ വില മുൻകൂർ സ്റ്റാമ്പായി അയച്ചാൽ മതിയാകുന്നതാണു്. സെൻറ് സെബാസ്റ്റ്യൻ ബുക്കുഡിപ്പോ, ചങ്ങനാശ്ശേരി.

എസ്. എച്ച്. ലീഗ് പ്രസിദ്ധീകരണങ്ങൾ.

മംഗലാപുഴ സെമിനാരിയിലേ കൊൺഗ്രസ്സ് ലീഗ് കേരളകത്തോലിക്കാ സാഹിത്യപോഷണത്തിനുവേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന മഹാശ്രമങ്ങളിൽ പ്രസിദ്ധമാണല്ലോ. ഇക്കാലംതന്നെ നാലു സദ്ഗ്രന്ഥങ്ങൾ ലീഗ് പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ഇപ്രകാരം തുടരുന്നപക്ഷം കുറെക്കാലംകൊണ്ടു മംഗലാപുഴ സെമിനാരി ഭാരതത്തിലെ വൈദികരുടെ മുഴുവൻ മാതാവാകുന്നതിനോടൊപ്പം കേരളകത്തോലിക്കാ സാഹിത്യത്തിന്റെ ഭണ്ഡാകാരവുമാകുന്നതാണു്. ലീഗിനു മംഗളം വിജയമാശംസിക്കുന്നു.

1 'അത്ഭുതസദനം' വില 8 ണ.

[പരിഭാഷകന്മാർ: റവ. ഫാദേഷ്യസ് 1) സന്ന്യാസ്സ്യൻഫെരേരി, 2) ജോൺ മറാം, 3) അലക്സാണ്ടർ ഡാവച്ചി, 4) ലൂക്കു് കുന്നത്തു്, 5) ജോസഫ് പാറയിൽ.]

വിദ്യാഭ്യാസം യഥാർത്ഥമാർഗ്ഗത്തിൽനിന്നു് വ്യതിചലിക്കുമൂലം ആധുനികനാഗരികത ധർമ്മപഥത്തിൽനിന്നു ക്രമേണ വ്യതിക്രമിച്ചു ഭൗതികമാത്രമായിത്തീരുകയും ലോകത്തിന്റെ പലഭാഗത്തും ദൈവഭക്തി ക്ഷയിച്ചുതുടങ്ങുകയും, ഈ ഭക്തിമാന്ദ്യം അരക്ഷിതത്വം വർദ്ധിച്ചു മതനിഷ്ഠക്ഷയത്തിനും അചിരേണ നിരീശ്വരത്വത്തിനും പരിണമിക്കയും ചെയ്തിരിക്കുന്നു. ലോകായതികന്മാരും അജ്ഞാസ്സ്യജ്ഞന്മാരുമായ ചില പണ്ഡിതമ്മന്യന്മാരാണു് നവീനമായ ഈ അനർത്ഥാഭിപ്രായത്തെ ആദരിക്കയും പ്രശംസിക്കയും പ്രചരിപ്പിക്കയും ചെയ്യുന്നതു്. ഇക്കൂട്ടർ, തങ്ങളുടെ അനാശാസ്യമായ ജോലി നിർവ്വഹിക്കുന്നതിനു് ഉപയോഗിക്കുന്ന മുഖ്യോപകരണം സാഹിത്യമാണു്. മനുഷ്യബുദ്ധിയുടെ ജീവവായുതന്നെ എന്നു പറയാവുന്ന സാഹിത്യം താഴ്ത്തനികൃഷ്ടഗ്രന്ഥങ്ങൾമൂലം വിഷകലുഷിതമാകുന്നതു്, സത്യത്തിന്റെയും ധർമ്മത്തിന്റെയും ഏകസംരക്ഷകയായ കത്തോലിക്കാസഭയുടെ ഹൃദയവേദനയോടുകൂടി വീക്ഷിക്കുകയും, യഥാർത്ഥജ്ഞാനമാകുന്ന സച്ഛായവിനെ സംവഹിക്കുന്ന സദ്ഗ്രന്ഥങ്ങൾവഴിയായി ലോകസാഹിത്യാന്തരീക്ഷത്തെ വിശുദ്ധീകരിക്കുന്നതിനു സ്വസന്താനങ്ങളെ നിരന്തരം ഉപദേശിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. സഭയുടെ ഉത്തമപുത്രന്മാരിലൊരുവനും പണ്ഡിതവര്യനുമായ റവ. ഫാ. ഫ്റഡറിക്കു് ഏ. ഫവുക്കു് അവർകൾ, ദൈവാസ്തിക്യത്തെ പുരസ്കരിച്ചു് ആംഗലഭാഷയിൽ രചിച്ചിട്ടുള്ള ഒരു വിശിഷ്ടഗ്രന്ഥമാണു് 'Our Palace wonderful!' പ്രപഞ്ചത്തിന്റെ വൈപുല്യവും അതിൽകാണുന്ന വിസ്മയകരമായ ക്രമവും സംഘടനയും ഐകരൂപ്യവും ശാസ്ത്രദൃഷ്ട്യാ വർണ്ണിച്ചു, പ്രപഞ്ചത്തിനു് ഒരു സ്രഷ്ടാവു് അവ

ശ്യം ഉണ്ടായിരിക്കണമെന്നു് തെളിയിക്കുകയും ദൈവത്തിൽ വിശ്വസിക്കുന്നതിനും അവിടുത്തെ സ്നേഹിക്കുന്നതിനും വായനക്കാരെ ഉപദേശിക്കയുമാണു് ഗ്രന്ഥകർത്താവു ചെയ്തിരിക്കുന്നതു്.

ഈ ഉൽകൃഷ്ടഗ്രന്ഥത്തിന്റെ സ്വതന്ത്രതജ്ജ്ഞമയാണു് 'അത്ഭുതസദനം'. ദൈവവിശ്വാസത്തിലും മതഭക്തിയിലും അഭിരിയരെന്നു പരിഷ്കൃതിയുള്ളവരായ കേരളീയരുടെ ഇടയിലും മതനിഷ്പക്ഷതയുടെയും അവിശ്വാസത്തിന്റെയും ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരിക്കുന്ന ഈ അവസരത്തിൽ 'അത്ഭുതസദന'ത്തിന്റെ ആവിർഭാവം ഏറ്റവും സന്ദർഭോചിതമായിരിക്കുന്നു. ഇതിലേ അനിഗ്രഹനങ്ങളായ ആശയങ്ങൾക്കനുയോജ്യമായ പ്രൗഢിയും, ശാസ്ത്രീയമായ ഒരു മലയാളഗ്രന്ഥത്തിൽ ന്യായപൂർവ്വം പ്രതീക്ഷിക്കാവുന്നിടത്തോളം ഭാഷാസൗഗമ്യവും, 'വൈദികഭാഷ'യല്ലേ എന്നു പൂർവ്വനിർണ്ണയത്തോടുകൂടി വായനയാരംഭിക്കുന്നവരെ ആശ്ചര്യഭരിതരാക്കത്തക്കവണ്ണം അത്ര അന്യൂനമായ ഭാഷാശുദ്ധിയും അത്ഭുതാവഹമായ വിധം ഈ 'അത്ഭുതസദന'ത്തിൽ സമ്മേളിക്കുന്നു. ഇത്ര വിജയപൂർവ്വം ഈ പരിഭാഷ നിർവ്വഹിച്ച വന്ദ്യയുവവൈദികരെ ഞങ്ങൾ അഭിനന്ദിക്കയും അനുമോദിക്കയും ചെയ്യുന്നു.

പ്രപഞ്ചത്തിൽനിന്നും അതിൽ പ്രത്യക്ഷപ്പെടുന്ന വൈചിത്ര്യം, ക്രമം മുതലായവയിൽനിന്നും, സൃഷ്ടികർത്താവായി ഒരാളുണ്ടെന്നനുമാനിക്കുന്നതു് എത്ര യുക്തിയുക്തമാണെന്നു, സകലരുടെയും അനുഭവത്തിൽപ്പെട്ട പല ദൃഷ്ടാന്തങ്ങളോടുകൂടി, തത്വവാദംചെയ്ത സമർത്ഥിച്ചിരിക്കുന്ന, പണ്ഡിതനും സാഹിത്യമർമ്മജ്ഞനുമായ മി. മൂക്കോത്തു കുമാരന്റെ അവതാരികയും, ഈശ്വരവിശ്വാസം ശാശ്വതനീതിയും സാർവ്വകാലികവും ആയിരുന്നുവെന്നു ലോകചരിത്രരേഖകൾമൂലം സ്ഥാപിച്ചുകൊണ്ടും, പൊതുജനവാദം ഒരു പ്രമാണമായി സ്വീകരിക്കുന്നതിന്റെ യുക്തിയുക്തതയെ വിശദമാക്കിക്കൊണ്ടും, മംഗലാപുരം മിഷനറി പ്രൊഫസറും സംസ്കൃതപണ്ഡിതനും കേരളവൈദികലോകത്തിന്റെ ഭാഷാവ്യുൽപത്തിക്കുവേണ്ടി അക്ഷീണയത്നംചെയ്യുന്ന ദേഹവുമായ റവ. ഫാ. തോമസ് കൊച്ചുമ്മാനാൽ അവർകൾ എഴുതിച്ചേർത്തിട്ടുള്ള വിജ്ഞാനപ്രദമായ 'അഭിപ്രായവും' ഈ ഗ്രന്ഥത്തിനു ഇടത്തും വലത്തും അലങ്കാരങ്ങളായി പരിലസിക്കുന്നു.

പ്രപഞ്ചജ്ഞാനവും ഈശ്വരജ്ഞാനവും ഒരേസമയംതന്നെ പ്രദാനം ചെയ്യുന്ന ഇതുപോലുള്ള കൃതികൾ കോളേജുകളിലും സ്കൂളുകളിലും പാഠ്യപുസ്തകങ്ങളായി അംഗീകരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

2. 'വി. തോമ്മസ്മൂർ.' വില രൂ. 1. ണ. 4

(ഗ്രന്ഥകർത്താക്കൾ. റവ. കുരുവിള വടാശ്ശേരി.
റവ. ആൻഡ്രൂസ് വേങ്ങത്താനം.)

വ്യക്തികളുടേയും സമുദായങ്ങളുടേയും രാഷ്ട്രങ്ങളുടേയും ജീവിതത്തെ നിയന്ത്രിക്കുന്നതിൽ സാഹിത്യത്തിനു പ്രഥമസ്ഥാനമുണ്ടെന്നുള്ളതിനു ലോകചരിത്രം സാക്ഷ്യംവഹിക്കുന്നു. ജനങ്ങളെ സന്മാർഗ്ഗനിരതന്മാരും ഉത്തമപൌരന്മാരും ധർമ്മധീരന്മാരും ആക്കിച്ചമയ്ക്കുന്നതിനു മതസാഹിത്യത്തിനുള്ളശക്തി ഒന്നുവേറേതന്നെയാണു്. തത്തോപദേശങ്ങളെക്കാൾ ദൃഷ്ടാന്തങ്ങൾക്കു മനുഷ്യരെ പ്രവൃത്ത്യുന്മുഖരാക്കുവാൻ കൂടുതൽശക്തിയുള്ളതുമൂലം, അനുവാചകന്മാരുടെ മുമ്പിൽ ഉത്തമാദർശം വച്ചുകൊണ്ടു തത്തോപദേശം നൽകുന്ന മഹാന്മാരുടെ ജീവചരിത്രങ്ങൾക്കു സാഹിത്യത്തിലുള്ള സ്ഥാനം അതിപ്രധാനമായ ഒന്നുതന്നെ. ആകയാൽ ഉത്തമകത്തോലിക്കരുടേയും പുണ്യവാന്മാരുടേയും ജീവചരിത്രങ്ങൾ കത്തോലിക്കസാഹിത്യത്തിൽ പ്രമുഖസ്ഥാനം അർഹിക്കുന്നുണ്ടു്. കേരളീയ കത്തോലിക്കസാഹിത്യത്തിൽ ഉത്തമഗ്രന്ഥങ്ങൾ വളരെ വിരളമാണു്. ചുരുക്കം ചില പുണ്യാത്മാക്കളുടെ സംക്ഷിപ്തജീവചരിത്രങ്ങൾ അടുത്തകാലത്തു മലയാളഭാഷയിലുണ്ടായിട്ടുണ്ടെന്നുള്ളതു് വിസ്മരിക്കത്തക്കതല്ല. സംക്ഷിപ്തചരിത്രം വായിക്കുന്നതുകൊണ്ടു വായനക്കാർക്കു് ഉദ്ദിഷ്ടഫലം മുഴുവൻ സിദ്ധിക്കുമെന്നു് അഭിപ്രായമുള്ളവരല്ല ഞങ്ങൾ. അനുകരണം കൊണ്ടാണല്ലൊ ഫലസിദ്ധിയുണ്ടാകേണ്ടതു്. കഥാനായകന്റെ ജീവിതയാത്രയിലെ വിവിധഘട്ടങ്ങളും അവയുടെ സാഹചര്യങ്ങളും, ഓരോ സന്ദർഭത്തിലും അദ്ദേഹം വിജയംപ്രാപിച്ചവിധവും സൂക്ഷ്മമായവിധം വിവരിച്ചിട്ടുണ്ടായിരുന്നാലല്ലാതെ അനുകരണം സുഖസാദ്ധ്യമാകുന്നതല്ല. 'വി. തോമ്മസ് മൂർ' എന്ന ഈ ഗ്രന്ഥം കേരള കത്തോലിക്കസാഹിത്യത്തിനു ഒരനർഘസമ്പാദ്യമാണെന്നത്രെ ഞങ്ങളുടെ വിനീതാഭിപ്രായം. മാതൃകായോഗ്യനായ ഒരു വിദ്യാർത്ഥിയുടെനിലയിലും, പിതൃഭക്തനായ ഒരു പുത്രന്റെ നിലയിലും, അനുകരണാർഹനായ കുടുംബനായകന്റെ നിലയിലും, സുപ്രസിദ്ധനായ ഒരു മതപണ്ഡിതന്റെ നിലയിലും, അതിനിപുണനായ രാജ്യതന്ത്രജ്ഞന്റെ നിലയിലും, കത്തോലിക്കാസഭാമഹാവിന്റെ വീരസന്താനമെന്നനിലയിലും സർവ്വോപരി, സ്വർഗ്ഗപ്രാപ്തിക്കുവേണ്ടിയും സത്യത്തിനുവേണ്ടിയും അത്യന്നതമായസ്ഥാനമാനങ്ങൾ സസന്തോഷം സംത്യജിച്ചു, ദാരിദ്ര്യപീഡയും കാരാഗൃഹവാസവും അനുഭവിച്ചു, ഒടുവിൽ സ്വജീവൻപോലും ബലികഴിച്ചു ധർമ്മധീരനായ കത്തോലിക്കനെന്ന നിലയിലും ലോകചരിത്രത്തിൽ ശാശ്വതസ്മരണാർഹനും കത്തോലിക്കലോകത്തിനു അഭിവന്ദനയോഗ്യനുമാ

യിത്തീർന്നിരിക്കുന്ന വി. തോമ്മസ് മൂറിന്റെ സംഭവബഹുലവും ഹൃദയാവ ർജ്ജകവുമായ ജീവിതം രസകരമായ വിധത്തിൽ സവിസ്തരം ഇതിൽ ചിത്രീ കരിച്ചിരിക്കുന്നു. വിവിധ ജീവിതസ്ഥിതിയിലുള്ളവർക്ക് മാതൃകായോഗ്യ നായ ഈ മഹാപുരുഷന്റെ ജീവചരിത്രം വിദ്യാർത്ഥികളുടേയും മാതാപി താക്കളുടേയും, സമുദായനേതാക്കന്മാരുടേയും രാജ്യസേവകന്മാരുടേയും നി ത്യപാരായണത്തിനു വിഷയമാകേണ്ടതാണു്. സന്മാർഗ്ഗവിഭാഗങ്ങളും നി കൃഷ്ടങ്ങളുമായനോവലുകൾക്കും കല്പിതകഥകൾക്കും പകരം ഇത്തരം ജീ വചരിത്രങ്ങളും വിദ്യാർത്ഥികളുടെ പഠനവിഷയമാകുന്നപക്ഷം അതിന്റെ ഫലം എത്ര ആശാവഹമാകുമായിരുന്നു. രാഷ്ട്രീയാദർശങ്ങളും സഭയുടെ തത്വങ്ങളുംതമ്മിൽ സംഘട്ടനങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്ന ആധുനാ തനകാലത്തു വി. തോമ്മസൂറിനേപ്പോലെ ധർമ്മധീരന്മാരായ അനേകം ഉത്തമകത്തോലിക്കർ ലോകത്തിനാവശ്യമാണു്.

ഈ മഹാഗ്രന്ഥം ഒരു പരിഭാഷയല്ല. ഇംഗ്ലീഷിലുള്ള അനേകം ഗ്രന്ഥങ്ങളിൽനിന്നു ചരിത്രരേഖകൾ സംഭരിച്ചു ശ്രദ്ധാപൂർവ്വം കൂട്ടിയിണ ക്കി നിർമ്മിച്ചതാണു. തെമ്മിനാരിജീവിതത്തിലേ കത്തവ്യബഹുലമായ ഘട്ടത്തിൽ ഇത്ര ശ്രമസാദ്ധ്യമായ ഈ ഗ്രന്ഥം നിർമ്മിച്ച നവവൈദികരായ ഗ്രന്ഥകർത്താക്കൾ, ഏവരുടേയും കൃതജ്ഞതയേയും പ്രശംസയേയും അർഹിക്കുന്നു. ഇതിലേഭാഷാരീതി ഉൽകൃഷ്ടവും അക്ലിഷ്ടവും ശുദ്ധവും ആകർഷകവുമാണെന്നു പറയുന്നതിൽ തെല്ലുമധികം സന്തോഷമുണ്ടു്. ഡെമ്മി എട്ടു വലിപ്പത്തിൽ 500-ൽ പരം പേജുകളും പത്തു ചിത്രങ്ങളും ഇതിലുണ്ടു്.

3. സുവിശേഷഭാഷ്യം (ഒന്നാംഭാഗം) വില 10 ണ.

(പരിഭാഷകന്മാർ:-വരാപ്പുഴ അതിരൂപതയിലെ നവവൈദികർ)

ആഗമനകാലംമുതൽ വലിയനോമ്പിന്റെ അവസാനംവരെയുള്ള ഞായറാഴ്ചകളിലും കൂടാതുള്ള തിരുനാളുകളിലും കുർബാനയിൽ വായിക്കുന്ന സുവിശേഷഭാഗങ്ങളുടെ വിവരണമാണു് ഇതിലടങ്ങിയിരിക്കുന്നതു്. റവ. എൽ. ഏ. ലാർട്ടു് ഫ്രാഞ്ചിയൻ ഭാഷയിൽ എഴുതിയ ഒരു ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് പരിഭാഷയിൽ നിന്നു തർജ്ജമചെയ്തിട്ടുള്ളതാണു് ഇതു്. മനസ്സിലാക്കുവാൻ പ്രയാസമുള്ള സുവിശേഷവാക്യങ്ങളെ സഭാപിതാക്കന്മാരുടെയും സഭയുടെയും പ്രബോധനം അനുസരിച്ചു വിശദീകരിക്കുന്ന ഈ ഗ്രന്ഥം സുവിശേഷപഠിതാക്കൾക്കു ഉപയോഗപ്രദമാണു്. ഒടുവിൽ ചേർത്തിരിക്കുന്ന പിഡാഗോഗചരിത്രം ഭക്തിജനകമായിരിക്കുന്നു. ഭാഷ സരാളവും നിർദ്ദോഷവും വളരെ ലളിതവുമാണു്. പരിഭാഷകന്മാരെ തെല്ലും അഭിനന്ദിക്കുന്നു.

4. 'ശ്രീവാസന്റെ വേദാന്തവിഹാരം' വില 4 ണ.

(പരിഭാഷകൻ റവ. ഫാദർ ലൂക്കു കുന്നത്തു.)

'കാത്തോലിക്കു റജിസ്റ്ററിന്റെ പത്രാധിപരായിരുന്ന മി. ഏ. എസ്സ്. മാണിക്കംപിള്ള ബി. ഏ യുടെ 'Srivasen's Symposium'എന്ന പ്രൗഢകൃതിയുടെ പരിഭാഷയാണ് ഇതു്. ഒരു ഹൈന്ദവനായിരുന്ന ശ്രീവാസൻ എന്ന യുവാവു് നിഷ്പക്ഷതയോടുകൂടി സത്യാന്വേഷണം നടത്തുകയും കത്തോലിക്ക മതതത്വങ്ങളെപ്പറ്റി ഒരു കത്തോലിക്കവൈദികനിൽനിന്നു തന്നെ പഠിക്കുകയും ധർമ്മധീരതയോടുകൂടി മനസ്സാക്ഷിയുടെ പ്രചോദനങ്ങളെ അനുസരിക്കയും ചെയ്തതിന്റെ ഫലമായി കത്തോലിക്കമതം അവലംബിച്ചതാണു് ഈ പുസ്തകത്തിലെ കഥാവിഷയം. യഥാർത്ഥമതം ഒന്നു മാത്രമെയുണ്ടാവാൻ പാടുള്ളുവെന്നും, ഇതരമതങ്ങളിലും ചിലഉൽകൃഷ്ടതത്വങ്ങൾ ഉള്ളതുകൊണ്ടോ കുറെ സുകൃതവാന്മാർ ഉള്ളതുകൊണ്ടോ അവ യഥാർത്ഥങ്ങളാകണമെന്നില്ലെന്നും ഈഗ്രന്ഥം വിശദീകരിക്കുന്നു. ഗഹനമായ വിഷയങ്ങൾ "അതിലളിതമായ ഭാഷയിലും അതിഗംഭീരമായ രീതിയിലും വായനക്കാരിൽ സമ്മതം ജനിപ്പിക്കത്തക്കവിധത്തിലുമാണു് പ്രസ്തുത ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു്." രസാവഹമായ ഈ ഗ്രന്ഥം തർജ്ജമചെയ്ത യുവവൈദികനെ ഞങ്ങൾ അഭിനന്ദിക്കയും സകലസത്യാന്വേഷികളും ഇതു വായിക്കണമെന്നാഗ്രഹിക്കയും ഇതിനു പ്രചുരമായ പ്രചാരമാശംസിക്കയും ചെയ്യുന്നു. രാജശ്രീമാൻ ഏ. പീലിപ്പോസ് എം. ഏ. ബി എൽ. അവർകളുടെ വിജ്ഞാനപ്രദമായ അവതാരിക ഇതിനൊരു ഭൂഷണമാണു്. എസ്. എച്ചു്. ലീഗ്, മംഗലപ്പുഴ, ആലുവാ.

5. അസാദ്ധ്യകായ്ക്കളുടെ രണ്ടു മദ്ധ്യസ്ഥർ.

വില. 3ണ.

(ഗ്രന്ഥകർത്താ, റവ. ജോസഫ് വട്ടയ്ക്കാട്ട്.)

അത്ഭുതാവഹമായ മാദ്ധ്യസ്ഥശക്തിയാൽ സാർവ്വത്രികർക്കു അനവധിവിശേഷാനുഗ്രഹങ്ങൾ ലഭിച്ചുകൊടുക്കുകമൂലം 'അസാദ്ധ്യകായ്ക്കളുടെ മദ്ധ്യസ്ഥർ' എന്ന അപരനാമം ആർജ്ജിച്ചിട്ടുള്ള വി. യൂദാ തദ്ദേവൂസിന്റെയും വി. റീത്തായുടേയും ജീവിതചരിതകളാണു് ഇതിലേ പ്രതിപാദ്യം. അപ്പോസ്തോലന്മാരിൽ ഒരുവനെങ്കിലും കേരളീയർക്കു കേവലം അപരിചിതനായ വി. തദ്ദേവൂസിന്റെയും, മഹാസിദ്ധയായ വി. റീത്തായുടേയും ചരിത്രങ്ങൾ, പാരമ്പര്യങ്ങളിലും ചരിത്രത്തിലും ചിന്നിച്ചിതറികിടക്കുന്നതു രേഖകൾ കൂട്ടിച്ചേർത്തു ശുദ്ധമായ ഭാഷയിലും രസസമൃദ്ധമായരീതിയി

ലും നിമ്മിച്ചു, സന്ദർഭത്തിനു യോജിച്ച മഹദ്വാക്യങ്ങളും പദ്യശകലങ്ങളും കൊണ്ടലങ്കരിച്ചു കൈരളിക്കു സമ്മാനിച്ച ഗ്രന്ഥകർത്താവു് അഭിനന്ദനീയനാണു്. ഈ വിശുദ്ധരുടെ നേർക്കുള്ള ഭക്തി വർദ്ധിപ്പിക്കണമെന്നും അവരുടെ ശക്തിമത്തായ മാദ്ധ്യസ്ഥം തേടുന്നതിനു് കേരളീയരേവരേയും പ്രേരിപ്പിക്കണമെന്നുമാണു് ഗ്രന്ഥകർത്താവിന്റെ പ്രധാനോദ്ദേശമെന്നതു സ്പഷ്ടമത്രെ. ഇതിൽ ചേർത്തിരിക്കുന്ന പ്രാർത്ഥനകളും ഭക്തിമയമായ കീർത്തനങ്ങളും വളരെ ഉപയോഗപ്രദമാണു്. മദ്ധ്യസ്ഥപ്രാർത്ഥനയുടെ ന്യായയുക്തതയെ ചൂണ്ടിക്കാണിച്ചുകൊണ്ടു റവ. ഫാദർ തോമ്മസ് കൊച്ചയ്യങ്കനാൽ അവർകൾ എഴുതിയിരിക്കുന്ന പ്രൌഢമായഅവതാരിക ഏവരും വായിച്ചിരിക്കേണ്ടതാകുന്നു.

'തിന്മയിൽനിന്നുനന്മ' വില 5 ണ.

പരിഭാഷകൻ: ക. നി മൂ. സ.. ഖ. യെസിന്തച്ചൻ അവർകൾ)

ഒരു വലിയ ആദ്ധ്യാത്മികോപദേഷ്ടാവായ വി. ഫ്രാൻസിസ് ദസാലേസിന്റെ ഗ്രന്ഥങ്ങളിലും ലേഖനങ്ങളിലും പ്രസംഗങ്ങളിലും അടങ്ങിയിരിക്കുന്ന ഉപദേശങ്ങളെ ആസ്പദമാക്കി റവ. ഫാ. ജോസഫ് ടിസ്സോ ട്ടുനിമ്മിച്ച 'The Art of Profiting by our Faults' എന്നാഗ്രന്ഥത്തിന്റെ തർജ്ജമയാണിതു്. അതിതകാലത്തെ സ്വപാപങ്ങളെക്കുറിച്ചു വിചാരിച്ചു പരിഭ്രമിക്കുന്നവർക്കും, പ്രതിനിമിഷം പുണ്യത്തിൽ അഭിവൃദ്ധി പ്രാപിക്കാത്തതുകൊണ്ടു ഭഗ്നാശരാകുന്നവർക്കും, വളരെ ആശ്വാസജനകങ്ങളായ തത്വങ്ങളും ഇതിലടങ്ങിയിട്ടുണ്ടു്. നമ്മുടെ കുറവുകളെപ്പറ്റി ഖിന്നിച്ചു അധൈര്യപ്പെടാതെ, അവമൂലം രക്ഷാകരമായ വിനയത്തെയും, ദൈവകാരുണ്യത്തിലുള്ള വിശ്വാസത്തെയും, പുണ്യാഭ്യാസത്തെയും, ദൈവസ്നേഹത്തെയും വർദ്ധിപ്പിക്കുന്നതിനു നാം ശ്രമിക്കയാണു വേണ്ടതെന്നു് പലന്യായങ്ങളാൽ വി. ഫ്രാൻസിസ് ദസാലേസ് ഉപദേശിക്കുന്നു. ഈ ഉപദേശങ്ങളും പലർക്കും അത്യന്തം ആശ്വാസപ്രദമായിരിക്കുമെന്നതിനു പരിഭാഷകൻ സാക്ഷ്യം വഹിക്കുന്നുമുണ്ടു്. ആകയാൽ ഈ പുതുഗ്രന്ഥം അനേകം ആത്മാക്കൾക്കു് വലിയ അനുഗ്രഹവും മാർഗ്ഗദർശകവുമായിരിക്കും. വളരെ ലളിതമധുരമായ ഭാഷയിലാണു് പരിഭാഷ നിർവ്വഹിച്ചിരിക്കുന്നതു്. പരിഭാഷകനെ ഞങ്ങളും വളരെ അഭിനന്ദിക്കുകയും 'പ്രൊത്സാനഹത്തിന്റെ മുത്ത'നായ ഈ ഗ്രന്ഥം ഏവരെയും സന്ദർശിക്കുട്ടെയെന്നു ശംസിക്കയും ചെയ്യുന്നു. സെന്റ് ജോസഫ്സ് പ്രസ്സു് മാനേജർ.

'വാഴ്ത്തപ്പെട്ട ജമ്മാഗൽഗാനി' വില 2 ണ.

(പരിഭാഷകൻ റവ. ഫാ. ഗ്രിഗോരി കല്ലൂപ്പറമ്പിൽ അവർകൾ)

ഇറ്റലിയിലെ ഒരു ചെറുഗ്രാമത്തിൽജനിച്ചുവളർന്ന ഇരുപതാംനൂറാണ്ടിന്റെ ആരംഭത്തിൽ 25-ാമത്തെ വയസ്സിൽ പുണ്യപൂർണ്ണയായി മരണം പ്രാപിച്ചവളും 1933 ജനുവരിമാസത്തിൽ ഫ്രഞ്ചംപീയൂസുമാർപ്പാപ്പായാൽ വാഴ്ത്തപ്പെട്ടവളെന്ന പ്രഖ്യാപനം ചെയ്യപ്പെട്ടവളുമായ ജമ്മാഗൽഗാനിയുടെ വിസ്മയാവഹവും മനോഹരവുമായ ജീവചരിത്രമാണ് ഇതു്. ഇതു ഇംഗ്ലീഷിൽനിന്ന തർജ്ജമ ചെയ്തിട്ടുള്ളതാണു്. ശാരീരികവും മാനസികവുമായ നിരവധി പീഡകളാൽ കർക്ശമായ ലോകജീവിതനികഷത്തിൽ ഉരച്ചെടുത്ത "ക്രിസ്തുവിന്റെ രത്നം"മായ ഈ പരിശുദ്ധയുവതിയുടെ ജീവചരിത്രം, ദൈവം തന്നിക്ഷ സ്വീകാര്യന്മാരായവരെ എപ്രകാരമെല്ലാം പ്രലോഭനങ്ങളംകൊണ്ടും കഷ്ടതകളംകൊണ്ടും പരിശോധിക്കുന്നുവെന്നും, തന്നിൽ ആശ്രയിക്കുന്നവരെ എപ്രകാരം സംരക്ഷിക്കുന്നുവെന്നും നമ്മെ പരിപ്പിക്കയും കഷ്ടതകളം ക്ഷമാപൂർവ്വം സഹിക്കുന്നതിനനമ്മെ പ്രേരിപ്പിക്കയും ചെയ്യുന്നു. ശുദ്ധവും ലളിതവുമായ ഭാഷയിൽ ഈ പരിഭാഷ ചെയ്യുന്നതിനുള്ള പരിഭാഷകന്റെ പരിശ്രമം സഫലമായിയെന്നാണു ഞങ്ങളുടെ അഭിപ്രായം. ആദ്യന്തം ഭക്തിജനകവും ദൈവസ്നേഹസംവർദ്ധകവുമായ ഈ ചെറുഗ്രന്ഥത്തിനു സകലകത്തോലിക്കകുടുംബങ്ങളിലും പ്രവേശനം ലഭിക്കട്ടെയെന്നാശംസിക്കുന്നു.

മേൽവിലാസം:-ഫാ. ഗ്രിഗോരി കല്ലൂപ്പറമ്പിൽ, മാർസ്ലീബാപ്പള്ളി, ആലപ്പുഴ.

'കാർഷ്യായിലെവിശുദ്ധ.'

(ഗ്രന്ഥകർത്താ, സി. ജോൺ പുതിയാപറമ്പു ബി. എ. അവർകൾ)

അത്ഭുതപ്രവർത്തകയെന്ന പ്രകീർത്തിതയായ വി. റീത്തായുടെ സാമാന്യംസമഗ്രമായ ജീവചരിത്രമാണ് ഇതു്. കന്യകയ്ക്കുംമാതാവിനും, സന്ന്യാസിനിയ്ക്കും വിവാഹിതയ്ക്കും, ഭാര്യയ്ക്കുംവിധവയ്ക്കും മാതൃകായോഗ്യമായവിധം, വിവിധരംഗങ്ങളിൽക്കൂടി ജീവിതയാത്രചെയ്ത പുണ്യപൂർണ്ണയായി മരിച്ച ഈ വിശുദ്ധയുടെ ചരിത്രം എല്ലാകുടുംബങ്ങൾക്കും അലങ്കാരവും അനുഗ്രഹപ്രദവുമായിരിക്കും. ദുഷ്ടനായ ഭർത്താവിനോടുകൂടിയുള്ള ജീവിതത്തിൽ നേരിടാവുന്നകഷ്ടതകളെ ക്ഷമാപൂർവ്വംസഹിച്ചു പുണ്യംസമ്പാദിക്കുന്നതിനു വി. റീത്തായുടെ മാതൃക സകലഭാര്യമാർക്കും പ്രേരകമാകാതിരിക്കയില്ല. വിശുദ്ധയുടെ ജീവിതത്തിലെ ഓരോ ഘട്ടങ്ങളം വർണ്ണിച്ചശേഷം ഗ്രന്ഥകാരൻ

വായനക്കാക്ക് ഹൃദ്യമായരീതിയിൽ സന്ദർഭോചിതമായ ഉപദേശങ്ങളും നല്കുന്നുണ്ട്. ഗ്രന്ഥകർത്താവിനെ ഞങ്ങളും ഹാർദ്ദമായി അഭിനന്ദിക്കുകയും ഉപരിപഠിക്രമങ്ങളിലും വിജയമാശംസിക്കയും ചെയ്യുന്നു. "ഭാഷാഗ്രഹി, ആശയവിശേഷജ്ഞ, എല്ലാവക്കും വായിച്ചു ഗ്രഹിക്കത്തക്കതും എന്നാൽ നിമ്മലവും ഹൃദ്യവുമായ പ്രതിപാദനരീതി ഇത്യാദിഗുണങ്ങളുംനിറഞ്ഞ ഈ പുസ്തകം ക്രൈസ്തവസാഹിത്യരാമത്തിലേ ഒരു മനോഹരകുസുമമായി നിത്യംപരിലസിക്കുതന്നെചെയ്യും" എന്നു് അവതാരികാകർത്താവായ റവ. ഡോക്ടർ പ്ലാസിഡ് സി. ഡി. അവർകളോടുകൂടി ഞങ്ങളും അഭിപ്രായപ്പെടുകയും കേരളത്തിലേ ഓരോ വിദ്യാർത്ഥിനിയുടെയും കയ്യിൽ ഈ ഗ്രന്ഥംവന്നുചേരുന്നകാലം വേഗം ആഗതമാകട്ടെയെന്ന പ്രാർത്ഥിക്കയും ചെയ്യുന്നു.

'പ്രേമബന്ധസ്തം' വില 4 ണ.

ഗ്രന്ഥകർത്താ. പരിയാരം, വി. കെ. കൃഷ്ണക്കുറുപ്പ്.

പഴയനിയമത്തിലെ വി. ശ്രുഥിന്റെ ചരിത്രം ഇതിവൃത്തമാക്കി മഞ്ജരീരീതിയിൽ രചിച്ചിട്ടുള്ള രസകരമായ ഒരുഖണ്ഡകാവ്യമാണു് 'പ്രേമപ്രബന്ധം'. ഭർതൃവിയോഗാനന്തരം സ്വശ്വശ്രൂവായ നയോമിയോടുകൂടി "ദാരിദ്ര്യദുഃഖവും ബന്ധുവിനാശവും നേരിട്ടു കഷ്ടപ്പെട്ടും", "ദൈവകല്പിതമാണിവയെന്നറിച്ചു" ക്ഷമാപൂർവം ദുരിതങ്ങളും സഹിച്ചും ശ്വശ്രൂശുശ്രൂഷയിൽ തല്പരയായി യൂദയായിൽ ജീവിച്ചിരുന്ന സുശീലയായ ശ്രുഥു സമീപവാസിയായിരുന്ന ബോവസ് എന്ന ധനാഢ്യന്റെ ഭാഗ്യപദം പ്രാപിച്ചു ഭാഗ്യവതിയാകുന്നതാണു് കഥാസാരം. മൂലകഥയിൽനിന്നു വ്യതിചലിക്കാതെ ഔചിത്യപൂർവും മനോധർമ്മമുപയോഗിച്ചു ഈ കാവ്യത്തെ തൽകർത്താവു സഹൃദയാഹ്ലാദകമാക്കിയിട്ടുണ്ടെന്നാണു് ഞങ്ങളുടെ വിനീതാഭിപ്രായം. സന്ദർഭോചിതമായവിധത്തിൽ തത്വചിന്തചെയ്യുന്നതിലും കാവ്യകർത്താവു ശ്രദ്ധ പതിച്ചിട്ടുണ്ട്. "കഥാഘടന വളരെ നന്നായിട്ടുണ്ട്.....പദശുദ്ധിയും ലാളിത്യവും നിമിത്തം ഇതു മനോഹരമായിട്ടുണ്ട്" എന്ന മഹാകവി കട്ടക്കയത്തിന്റെ അഭിപ്രായം ഞങ്ങളും എടുത്തു പറഞ്ഞുകൊള്ളുന്നു.

തത്ത്വപ്രകാശിക.

(റവ. ഡോക്ടർ പ്ലാസിഡ് ററി. ഒ.സി. ഡി- എഴുതിയതു്.)

ഈശ്വരാസ്തിക്യം, മതത്തിന്റെ ആവശ്യകതയാഥാർത്ഥമതത്തിന്റെ ലക്ഷണങ്ങൾ ഇത്യാദി സർവപ്രധാനങ്ങളായ വിഷയങ്ങളെപ്പറ്റി വിശദവും ശാസ്ത്രീയവുമായ രീതിയിൽ പ്രതിപാദിച്ചിരിക്കുന്നു. വില ര് ച. മാത്രം.

മദ്ധ്യസ്ഥൻ ബുക്കുഡിപ്പോ, ചങ്ങനാശേരി.

ജപാപ്പസ്തോലസഖ്യം.

ഫെബ്രുവരിമാസത്തെ പൊതുനിയോഗം.

സകലകത്തോലിക്കരും ഏകീഭവിക്കുന്നതിനു്.

നിത്യപിതാവും പുത്രനും തമ്മിലുള്ള ഐക്യമാണു കത്തോലിക്കരുടെ ഏകീകരണാദർശം. ബുദ്ധിയുടെ ഐക്യം വിശ്വാസവും, മനസ്സിന്റെ ഐക്യം സ്നേഹവുമാകുന്നു. ഐക്യത്തെ സ്വാഭാവികം, സ്വഭാവാതീതം എന്നു രണ്ടായി വിഭജിക്കാം. സ്വഭാവാതീതമായ ഐക്യം സമ്പാദിക്കുന്നതിനു ദൈവത്തിന്റെ വിശേഷസഹായം അനുപേക്ഷണീയമത്രെ. ഈ അനുഗ്രഹത്തിനുവേണ്ടിയാണു് ഈ മാസത്തിൽ ജപാപ്പസ്തോലസഖ്യാംഗങ്ങളും പ്രാർത്ഥിക്കേണ്ടതു്.

കത്തോലിക്കർ സ്വഭാവാതീതമായി ഏകീകൃതരായിരിക്കണമെന്നു നമ്മുടെ ദിവ്യരാജപാലകനും തന്റെ അപ്പസ്തോലന്മാരും ഹൃദയംഗമമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ഒരിടയനും ഒരാട്ടിൻകൂട്ടവും ആകണമെന്നുള്ള ദിവ്യരക്ഷകന്റെ ആഗ്രഹം സുപ്രസിദ്ധമാണല്ലൊ. അന്ത്യഭോജനാനന്തരവും, അപ്പോസ്തലന്മാർക്കും അവർവഴി വിശ്വാസികളാകുവാനിരിക്കുന്നവർക്കുംവേണ്ടി താൻ പ്രത്യേകം പ്രാർത്ഥിച്ചുവെന്നു വസ്തുത ഈ വിഷയത്തിൽത്തന്നിക്കുള്ള നിസ്സീമമായ താല്പര്യത്തെ ഒന്നുകൂടി പ്രസ്പഷ്ടമാക്കുന്നു.

എഫേസ്യക്കുള്ള ലേഖനത്തിൽ, പ്രേഷിതവരേണ്യനായ വി. പൗലോസു് ഏതൽസംബന്ധമായിപ്പറയുന്നതു് അത്യന്തം ശ്രദ്ധേയമാണു്, "നിങ്ങടെ വിളിക്കപ്പെട്ട വിളിയാൽ യോഗ്യതാപൂർവം നടക്കുന്നതിനു..... ..... പരിപൂർണ്ണമായ എളിമയോടും ശാന്തതയോടും ക്ഷമയോടുംകൂടി ഉപവിയിൽ അന്യോന്യം ക്ഷമിക്കുന്നവരും സമാധാനത്തിന്റെ ബന്ധനത്തിൽ ആത്മാവിന്റെ ഐക്യം പാലിക്കുവാൻ ഉത്സാഹിക്കുന്നവരും, നിങ്ങളുടെ വിളിയുടെ ഏകശരണത്തിൽ നിങ്ങടെ വിളിക്കപ്പെട്ടതുപോലെ നിങ്ങളും ഒരു ശരീരവും ഒരു ആത്മാവിന്റെയും (ആയിരിപ്പിൻ.). ഒരു കർത്താവു്, ഒരു വിശ്വാസം, ഒരു മാമ്മോദീസാ. എല്ലാത്തിനും മേലേയും, എല്ലാത്തിലൂടെയും, നാം എല്ലാവരിലും വർത്തിക്കുന്ന സകലത്തിന്റെയും ദൈവവും പിതാവുമായവൻ ഏകൻ. (എഫേ. ൪. ൧–൬)

ഈ ഐക്യം പാലിക്കുന്നതിൽ ആധുനികകാലത്തു വിവിധവിഘ്നങ്ങളുണ്ടു്. വൃദ്ധന്മാർ യുവാക്കളുടെ അഭിലാഷങ്ങളും ആശയങ്ങളും ശരിയായി ഗ്രഹിക്കുന്നില്ല. മാത്രമല്ല, യുവാക്കൾ സ്വബുദ്ധിചാതുര്യത്തിൽ അമിതമായി ആശ്രയിക്കയും ചെയ്യുന്നു. പരസ്പരം അല്പംപോലും വിട്ടുവീഴ്ചചെയ്യാതെ അത്യന്തം നിഗൂഢമായി മനുഷ്യർ തങ്ങളുടെ മനസ്സിൽവളർത്തുന്ന അഹമ്മതിയും വളരെ അപകടകരമാണു്. എവംവിധമായ അനൈക്യം,

അകത്തോലിക്കരുമായി അനാരോഗ്യമായ കൂട്ടുകെട്ടുണ്ടാകുന്നതിനും കത്തോലിക്കാതത്ത്വങ്ങൾ വിസ്മൃതമാകുന്നതിനും പര്യാപ്തമായി ഭവിക്കുന്നെന്നു മാത്രമല്ല സഭയ്ക്കു നരിവധി വിപത്തുകൾ സംജാതമാക്കുകയുംചെയ്യുന്നു.

II. മഹമ്മദുമതത്തിലേയ്ക്കുള്ള വിജാതീയരുടെ മാനസാന്തരത്തെ തടയുന്നതിന്.

അഫ്രിക്കാ, ഇൻഡ്യാ എന്നീരാജ്യങ്ങളിൽ മഹമ്മദുമതം വളരെ അധികമായി പ്രചരിക്കുന്നുണ്ട്. ജപ്പാനിലും ഇതു വ്യാപിച്ചു തുടങ്ങിയിരിക്കുന്നു. ഹിന്ദുമതത്തിലുംമറ്റും അധഃകൃതർക്കുള്ള നിന്ദാവഹമായ സാമുദായികസ്ഥിതിയും അപകർഷവുമാണ് ഇതിന്റെ പ്രധാനകാരണം. നമ്മുടെ യുവജനസംഘടനകളെ അനുകരിച്ചും ലൗകികലാഭങ്ങൾ പ്രതീക്ഷചെയ്തും മഹമ്മദീയർ ഈ പരിവർത്തനത്തിനു ശക്തിപകർന്നുണ്ട്. തന്റെ അവസാനത്തെ രക്തിയുള്ള വരെ ആത്മാക്കൾക്കായി ചിന്തിയ ആ ദിവ്യഗുരുവിന്റെ ശിഷ്യർ ഇതെല്ലാം കണ്ടു മൗനം ഭീക്ഷിക്കുകയോ?

ചങ്ങനാശേരി സെൻറ്റ്ബെർക്ക്മാൻസ്സ് ബോർഡിംഗിലേയും പാറയിലും തുരുത്തിയിലുമുള്ള മരിയസൈന്യത്തിലേയും മുത്തോലി മഠത്തിലെയും ജപമാലസ്ഥല സഖ്യാംഗങ്ങൾ 1936 ജനുവരിമാസത്തിൽ ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിച്ച

സുകൃതഭണ്ഡാരം.		നിയോഗങ്ങൾ	
1 ദൈവസ്നേഹപ്രകരണം	248850	1 ഇടവകകൾ	1746
2 കൊന്തനമസ്കാരം	5640	2 മുഴുവൻധ്യാനം	1388
3 സ്ലീവാപ്പാത	1230	3 ദൈവവിളി	2934
4 ശ്ലൂ. കു. ഉൾക്കൊള്ളൽ	8800	4 പള്ളിക്കൂടങ്ങൾ	2626
5 അരുപിക്കുട്ടത്ത "	15869	5 വിദ്യാർത്ഥികൾ	4792
6 ആത്മശോധന	12600	6 പരീക്ഷാവിജയം	3536
7 വേലചെയ്ത മണിക്കൂർ	13448	7 കുടുംബങ്ങൾ	1890
8 മൗനംആഞ്ചിച്ചമണിക്കൂർ	3850	8 മാതാപിതാക്കന്മാർ	1550
9 ജ്ഞാനവായന	2067	9 യുവജനങ്ങൾ	2164
13 കുർബാനചൊല്ലിച്ചതു്	14	13 മക്കൾ	1675
11 കുർബാനകണ്ടതു്	3745	11 സഖ്യപ്രോത്സാഹികൾ	2168
12 ആശയടക്കങ്ങൾ	5750	12 പതിതരുടെമാനസാന്തരം	5657
13 പ്രായശ്ചിത്തങ്ങൾ	6163	13 അജ്ഞാനികളുടെ "	5360
14 ആത്മികമനോ:പ്രവൃത്തി	14750	14 ദുഷ്കൃത്താലിക്കരുടെ "	6154
15 ശാരീരികമനോ: പ്രവൃത്തി	6467	15 മദ്യപാനികളുടെ "	1663
16 വിവിധജപങ്ങൾ	10867	16 ശത്രുക്കളുടെരമ്യം	1650
17 നല്ലവണ്ണംകഴിച്ചുല്ലാസം	2542	17 തരിച്ചുവിശ്വാസികൾ	7049
18 ദു:ഖാരിഷ്ടതകൾസഹിച്ചതു്	6381	18 ഭാഗ്യമരണം	5032
19 പ്രത്യേകദുർഗ്ഗുണവിജയം	5292	19 ഉദ്യോഗം	830
23 വി. കു. വിസ്മിത	7441	23 പണസഹായം	1393
21 മറവുണ്യപ്രവൃത്തികൾ	707421	21 പ്രത്യേകമനോഗ്രണങ്ങൾ	938

കുറിപ്പുകൾ.

കനകജൂബിലി.

അനേകം മഹാന്മാരുടെ മാതൃവിദ്യാലയമായ മാന്നാനം സെൻറ് എഫ്രേംസ് ഇംഗ്ലീഷ് ഹൈസ്ക്കൂളിൻറെ കനകജൂബിലി സംബന്ധിച്ചു് ള്ള ആഘോഷങ്ങൾ 1936 ജനുവരി 11-൹ ആരംഭിച്ചു 15-൹ സമംഗളം അവസാനിച്ചിരിക്കുന്നു. കോട്ടയം മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് ഉദ്ഘാടനം നടത്തുകയും ജൂബിലിസംബന്ധിച്ചുണ്ടായ അഞ്ചു സമ്മേളനങ്ങളിൽ യഥാക്രമം റവ. ഫാ. റിറി. തറയിൽ എം.എ., പിഎച്ചു്. ഡി., ഡി. ഡി., മി. കെ. ജെ. അബ്രാഹം ബി. എ. എൽ. റിറി, റവ. ഫാ. ജോസഫ് ഏലിയാസു് സി. ഡി; ബി. എ. എൽ. റിറി., മി. പി. ജെ. അബ്രാഹം ബി. എ. എൽ. റിറി. തുടുക്കുടി മെത്രാൻ റൈറു് റവ. മോൺ റോച്ചു് എസ്. ജെ, ഡി. ഡി. തിരുമനസ്സുകൊണ്ടു് എന്നിവർ അദ്ധ്യക്ഷം വഹിച്ചു. അവസാനദിവസം ചങ്ങനാശേരി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് പൊൻറിഫിക്കൽ കുർബാന പാടുകയും, വിജയപുരം മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു വി. കുർബാനയുടെ പ്രദക്ഷിണത്തിൽ പ്രധാന കാർമ്മികത്വം വഹിക്കയും ചെയ്തു.

തൃശ്ശിനാപ്പള്ളിയിലെ അഭിനവമെത്രാൻ.

ഡോ. ഫെയിസ്സാൻഡർ 1934-ൽ രാജിവെച്ചതു മൂലം ഒഴിവായിക്കിടന്ന തൃശ്ശിനാപ്പള്ളിയിലെ മെത്രാൻസ്ഥാനത്തേയ്ക്കു അവിടത്തെ സെമ്മിനാരി റെക്ടറായ ഫാ. ലെയോനാർദ്ദ് എസ്സ്. ജെ. നിയമിതനായിരിക്കുന്നെന്നറിഞ്ഞു് ഞങ്ങൾ സന്തോഷിക്കുകയും തിരുമനസ്സിലേയ്ക്കു സർവ്വഭാവിമംഗളങ്ങളും പ്രദാനം ചെയ്യുവാൻ സർവ്വശക്തനോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അഭിനന്ദനീയം.

സമസ്തഭാരതവനിതാസമ്മേളനത്തിൽവച്ചു ജനനനിയന്ത്രണപ്രമേയത്തെ സധൈര്യം പ്രതിരോധിക്കുകയും, അതു പാസ്സായെന്നു കണ്ടപ്പോൾ പ്രതിഷേധസൂചകമായി സ്വസാമാജികത്വം രാജിവെക്കുകയുംചെയ്ത കത്തോലിക്കാ വനിതകളെ ഞങ്ങൾ ഹൃദയപൂർവ്വം അഭിനന്ദിച്ചുകൊള്ളുന്നു.

സമസ്തഭാരതകത്തോലിക്കാക്കോൺഗ്രസ്സ്.

സമസ്തഭാരത കത്തോലിക്കാക്കോൺഗ്രസ്സിൻറെ പതുത്ഥസമ്മേളനം ഇക്കഴിഞ്ഞ ഡിസംബർ 27-29 വരെയുള്ള തീയതികളിൽ നാഗപുരത്തുവെച്ചു, ശ്രീമാൻ ജോർജ്ജ് ജോസഫ് അവർകളുടെ മഹനീയാധ്യക്ഷ

ത്തിൽ സമംഗളം നടത്തപ്പെട്ടിരിക്കുന്നു. 'ഇൻഡ്യയിലെ കത്തോലിക്കാ പ്രേഷിതരംഗങ്ങൾ' എന്ന വിഷയത്തെ പുരസ്കരിച്ചു മദ്രാസു് മെത്രാപ്പോലീത്താ ചെയ്ത പ്രഭാഷണം, 'അയിത്തജാതിക്കാരുടെ മാനസാന്തരത്തെ' അധികരിച്ചു മോൺ. പി തോമസ്സു അവർകൾ വായിച്ച പ്രബന്ധം മുതലായവ സമ്മേളനത്തിനു് ഒരു നവജീവൻ ഉദിപ്പിക്കുന്നതിനു തികച്ചും പര്യാപ്തമായിരുന്നു.

കർദ്ദിനാളന്മാർ

11-ാം പീയൂസു പാപ്പാ ഇതുവരെ 53 കർദ്ദിനാളന്മാരെ തെരഞ്ഞെടുത്തിട്ടുണ്ടു്. ഇദ്ദേഹത്തിന്റെ മുൻഗാമിയായ 15-ാം ബനഡിക്തോസു് തെരഞ്ഞെടുത്തവരുടെ സംഖ്യ 32-ാണു്. പത്താം പീയൂസു് 49-13-ാം ലിയോൻ-146, 9-ാം പിയൂസ് 123. ആധുനിക പാപ്പാ ആദ്യം തെരഞ്ഞെടുത്ത എട്ടു കർദ്ദിനാളന്മാരും മരിച്ചു പോയി.

റഷ്യൻ വിദ്യാർത്ഥികൾ

ഈശോസഭക്കാർ ക്വാംഗേയിൽ നടത്തുന്ന "ഔറോറാ സർവ്വകലാശാല"യിൽ "ഓറിയന്റൽസ്" സഭാംഗങ്ങളായ 20 റഷ്യൻയുവാക്കൾ വിദ്യാഭ്യാസനം ആരംഭിച്ചിരിക്കുന്നു. മുമ്പു റോമിലേ റഷ്യൻകോളേജിന്റെ റെക്ടരായിരുന്ന ഫാ. വെൻഡലിൻ യവോർക്കാ എസ്സു്. ജെ. തങ്ങളുടെ ആലോചനക്കാരനായിരിക്കണമെന്നും അവർ അവശ്യപ്പെട്ടിട്ടുണ്ടു്.

മഞ്ചൂക്കോ.

ഉത്തരചൈനായിലുള്ള മഞ്ചൂക്കോ സംസ്ഥാനത്തു് 145848 കത്തോലിക്കരും, 49908 ജ്ഞാനസ്നാനാർത്ഥികളുമുണ്ടു്. ഇവരുടെയിടയിൽ വേല ചെയ്യുന്നവരായി 10 വൈദികാദ്ധ്യക്ഷന്മാരും, 249 വൈദികരും, 288 സന്ന്യാസിനികളും, 52 സഹോദരന്മാരുമാണുള്ളതു്. 299 വിദ്യാലയങ്ങളും, 8 സെമ്മനാരികളും, 455 വൈദികവിദ്യാർത്ഥികളുംഅവിടെയുണ്ടു്.

ജപ്പാനിലേ ഒരു കത്തോലിക്കാപ്രേഷിതരംഗം.

ഒക്ടോബർ അവസാനത്തിൽ ജപ്പാനിലെ ഒബിഹിറോ എന്ന പട്ടണത്തിലുണ്ടായ ജലാധിക്യംമൂലം നേരിട്ട വിപത്തുകളെ നിവാരണം ചെയ്യുന്നതിനു തദ്ദേശത്തെ പ്രേഷിതരായ ജർമ്മൻ ഫ്രാൻസിസ്കൻ സന്ന്യാസികൾ നിർവ്വഹിച്ച മഹനീയസേവനങ്ങൾക്കു കൃതജ്ഞത പ്രകാശിപ്പിക്കുവാനായി അവിടത്തെ മേയർ ഈ സന്ന്യാസിസമൂഹത്തെ സന്ദർശിക്കുകയുണ്ടായി. അവിടത്തെ പത്രങ്ങളും ഇവരുടെ ഈ സേവനത്തെ മുക്തകണ്ഠം പ്രശംസിച്ചു. അവിടത്തെ ഷിന്റോമതസ്ഥരുടെ നേതാവും സ്വാഭിനന്ദനം പ്രകടിപ്പിക്കുന്നതിനു വരികയുണ്ടായി. ഒബിഹിറോപ്പട്ട

ണത്തിലേ ജനസംഖ്യ 35,000 ആണ്. ജലപ്രളയംമൂലം 3000 ഭവനങ്ങളും ജനശൂന്യമായി ഭവിച്ചിരുന്നു.

സമഷ്ടിവാദക്കാരാൽ വധിക്കപ്പെട്ട വൈദികൻ.

ചൈനായിലെ യെനാർഫൂ വികാരിയാത്തിലെ ഒരു വൈദികനായ പോൾഹോൺ എന്ന ചൈനാക്കാരൻ സമഷ്ടിവാദക്കാരുടെ ലഹളമൂലം നവംബർ 10-ാംനു വധിക്കപ്പെട്ടിരിക്കുന്നു. ഇക്കൂട്ടർ അഞ്ചുതവണ പട്ടണത്തെ എതിർത്തെങ്കിലും അഞ്ചുതവണയും പരാജിതരായി. ഇതിൽ ജനങ്ങളെ ധൈര്യപ്പെടുത്തിക്കൊണ്ടിരുന്ന സന്ദർഭത്തിലാണ് ഒരു നശീകരപ്രയോഗംനിമിത്തം ഇദ്ദേഹം ഹനിക്കപ്പെട്ടതു്.

കോട്ടയ്ക്കാരൻ.

ചങ്ങനാശേരിരൂപതയുടെ എ. പെ. പെ. ബ. മെത്രാനച്ചൻ തിരുമനസ്സിലെ പള്ളിസന്ദർശന പ്രോഗ്രാം.

1936 ഫെബ്രുവരി	5-ാംനു	കാലത്തു	10 മണിക്കു്	അയ്മനച്ചിറ
	6-ാംനു	"	"	കുമരകം
	7-ാംനു	"	"	നവനസ്രത്തു
	8-ാംനു	"	"	മുഹമ്മ
	9-ാംനു	ഉച്ചകഴിഞ്ഞു	5 മണിക്കു	അരമന
	13-ാംനു	"	4 മണിക്കു	ആനിക്കാട്ടു
	16-ാംനു	കാലത്തു	10 മണിക്കു	തമ്പലക്കാട്ടു
	17-ാംനു	"	" മണിക്കു	എളങ്ങുളം
	18-ാംനു	ഉച്ചകഴിഞ്ഞു	4 മണിക്കു	എലിക്കുളം
	19-ാംനു	"	" മണിക്കു	പൈക.
	20-ാംനു	കാലത്തു	10 മണിക്കു	വിളക്കുമാടം
	21-ാംനു	ഉച്ചകഴിഞ്ഞു	4 മണിക്കു	അരമന

ച. അരമന
വ. ഫ്രാൻസിസ്

കല്പനപ്രകാരം വികാരിജനറാൾ

1936 ജനുവരിമുതൽ ഓരോ എടവകയിലും ചേരുന്ന പുതുക്രിസ്ത്യാനികളുടെ (സ്ത്രീപുരുഷന്മാരുടെ വക തിരിച്ചുള്ള) സംഖ്യ അതാതു മാസത്തിന്റെ അവസാനത്തിൽ വേദപ്രചാര സിക്രട്ടറിയുടെപേക്കു ബ. വികാരിമാർ അയച്ചുതരേണ്ടതാണ്.

കല്പനപ്രകാരം വേദപ്ര. സി. ഫാ. സെബാസ്റ്റ്യൻ പെരുശ്ശേരി.

മിഷ്യൻഞായറാഴ്ചവിരിവ്.

ഒക്ടോബർ ൧൯൩൫.

1	അരുവിത്തുറപ്പള്ളി	0	0	0	41	കുടമാളൂർപള്ളി	5	23	8
2	അതിരമ്പുഴ	0	0	0	42	കുമരകംപ.	2	0	0
3	അയ്ക്കരച്ചിറ	0	0	0	43	കുമരമ്പേരൂപ.	10	0	0
4	അന്ത്യാളൻതൊട്ടുക	0	0	0	44	കുടയത്തൂർപ.	0	0	0
5	അമ്പാറനിരപ്പേൽ.	17	19	8	45	കുന്നുപ്പുഴപ.	2	0	0
6	അറക്കുളം	2	9	0	46	കുടല്ലൂർപ.	8	11	0
7	അമനററിമംഗലം	0	0	0	47	കുട്ടിക്കൽപ.	5	0	0
8	ആലപ്പുഴ	0	0	0	48	കേസറിയാപ.	0	0	0
9	ആനക്കല്ല്	86	0	0	49	കൈനകരിപ്പള്ളി	11	17	0
10	ആനിക്കാട്	0	0	0	50	കൈനടിപ്പള്ളി	1	7	0
11	ഇത്തിത്താനം	0	10	8	51	കൊഴുവനാൽപ.	0	0	0
12	ഇടമറ്റം	4	0	0	52	കൊരട്ടി	5	0	0
13	ഇടമറുകുപള്ളി	5	0	0	53	കോയിൽമുക്ക്	0	0	0
14	എലഞ്ഞി	7	0	0	54	കോതനല്ലൂർപള്ളി	2	14	0
15	എലിക്കുളം	6	11	8	55	കോട്ടയം	0	0	0
16	എളങ്ങുളം	13	0	0	56	കോട്ടാങ്ങൽപ.	0	0	0
17	എളങ്ങോയി	5	0	0	57	ചങ്ങനാശേരി	20	3	8
18	കല്ലൂർക്കാട്	20	0	0	58	ചമ്പക്കരപ.	3	1	0
19	കണ്ടകരി	2	0	0	59	ചിറാർപ.	0	0	0
20	കരുമാടി	0	0	0	60	ചെമ്മലമറ്റം	6	0	0
21	കരുവാറ്റാപള്ളി	0	0	0	61	ചെറുവള്ളിപ്പള്ളി	3	10	8
22	കരൂർപള്ളി	5	0	0	62	ചെങ്ങളംപ.	25	0	0
23	കടപ്ലാമറ്റംപള്ളി	8	0	0	63	ചെറുവാണ്ടൂർപ.	0	15	0
24	കടുത്തുരുത്തിപള്ളി	5	0	0	64	ചേന്നങ്കരിപ.	3	19	8
25	കപ്പാട്ടുചിറപള്ളി	10	0	0	65	ചേപ്പുകൽ	22	21	6
26	കടയിനിക്കാട്ടുപള്ളി	1	14	4	66	ചേനപ്പാടി	5	0	0
27	കടനാട്ടുപള്ളി	10	7	2	67	തത്തമ്പള്ളി	10	14	0
28	കളത്തൂർപ.	3	0	0	68	തമ്പലയ്ക്കാട്	3	0	0
29	കാഞ്ഞിരമറ്റംപ.	36	6	0	69	തരകനാട്ടുകുന്ന്	0	0	0
30	കാഞ്ഞിരത്താനംപ.	5	15	4	70	തായങ്കരി	0	0	0
31	കാക്കൂർപ.	0	0	0	71	താണൊലി	0	0	0
32	കാഞ്ഞിരപ്പള്ളി	35	5	8	72	താമരക്കുന്നുപ.	10	0	0
33	കാവാലംപ.	17	8	8	73	തിടനാട്	7	0	0
34	കിടങ്ങറപ്പള്ളി	1	0	0	74	തിരുവായിൽ	9	8	0
35	കിളിരൂർപ.	0	10	0	75	തുരുത്തി	10	16	8
36	കുമ്പനാടംപള്ളി	5	0	0	76	തുരുത്തിപ്പള്ളി	0	0	0
37	കുന്നാന്നിപ.	1	18	0	77	തുടങ്ങനാട്	0	0	0
38	കുടക്കച്ചിറപ.	5	0	0	78	തൃക്കൊടിത്താനം	8	0	0
39	കുരുവിനാൽപ.	0	0	0	79	തെക്കേക്കര	0	0	0
40	കുറവിലങ്ങാട്ടുപ.	0	0	0	80	തോട്ടയ്ക്കാട്	4	0	0

81	തോടനാൽപള്ളി	3	24	0
82	നരിയങ്ങാനം	11	0	0
83	നരിവേലി	0	0	0
84	നവനസ്രത്ത	1	7	0
85	നീറന്താനം	1	10	4
86	നീലൂർ	0	0	0
87	നെടുങ്കുന്നം	0	0	0
88	പാലാ വല്യപ.	13	23	12
89	പാറുവാ[illegible]	1	0	0
90	പായിപ്പാട്ടുപള്ളി	3	12	12
91	പാളയം	1	0	0
92	പാറമ്പുഴ	0	0	0
93	പുലിങ്കുന്ന്	12	5	0
94	പുതുക്കരിപ്പള്ളി	6	17	0
95	പുന്നത്തുറ	0	0	0
96	പൂവത്തോട്ട്	12	0	0
97	പൂവരണിപ്പള്ളി	15	20	8
98	പൂഞ്ഞാർ	0	0	0
99	പെരിങ്ങളം	0	0	0
100	പെരുവന്താനം	0	0	0
101	പൈകപ്പള്ളി	7	0	12
102	പൈങ്ങളം	4	0	0
103	പൊൻകുന്നം	0	0	0
104	പ്രക്കാട്ട്	0	0	0
105	പ്രവിത്താനം	10	0	0
106	പ്ളാശനാൽ	25	0	0
107	മണിയങ്കുന്നപ.	11	2	8
108	മലയിഞ്ചിപ്പാറ	1	14	0
109	മറവക്കര	5	0	0
110	മണ്ണാർപ്പാറ	4	0	0
111	മലപ്പുറം	5	0	0
112	മരങ്ങാട്ടുപിള്ളി	5	13	8
113	മണിമലപഴയ	10	0	0
114	മണിമലപുതിയ	2	7	2
115	മാൻവെട്ടം	4	0	0
116	മാനത്തൂർ	4	0	0
117	മിറ്റക്കരി	0	0	0
118	മുട്ടാർപഴയ	15	0	0
119	മുട്ടാർപുതിയ	0	0	0
120	മുട്ടുചിറ	5	0	0
121	മുളക്കുളം	0	0	0
122	മുത്തോലപുറം	3	0	0
123	മുഹമ്മ	8	25	0
124	മുണ്ടന്താനം	0		0
125	മൂഴൂർ	3	15	8
126	മേലുകാവു്	6	14	0
127	രാമപുരം	9	23	8
128	വടകര	3	1	12
129	വായിപ്പുറപഴയ	0	0	0
130	വായിപ്പുറപുതിയ	0	0	0
131	വാകക്കാട്ട്	3	13	
132	വാഴൂർ	5	0	0
133	വിളക്കുമാടം	12	0	0
134	വെളിയന്നാട്ട്	8	7	0
135	വെളിച്ചിയാനി	7	0	0
136	വേഴപ്രാ	0	0	0
137	ശങ്കരപ്പിള്ളി	0	0	0
138	ളാലംപഴയ	0	0	0
139	ളാലംപുതിയ	1	0	0
1	അന്തിനാട്ട കപ.		10	8
2	ആർപ്പുക്കരപ:	0	0	0
3	ഇളന്തോട്ടം	0	0	0
4	ഉരുളികുന്നംപള്ളി	3	0	0
5	ഉരുമ്പുകാവു്	0	0	0
6	ഉള്ളനാട്ടുപള്ളി	9	0	0
7	ഏഴാച്ചേരി	2	27	0
8	കവീക്കുന്നുപള്ളി	3	0	0
9	കായൽപ്പുറം	0	0	0
10	കിഴവറയാവു്	2	7	10
11	കുറിച്ചിത്താനം	1	13	8
12	ചാമക്കാലാ	2	0	0
13	നസ്രത്ത (കുഴപ്പള്ള)	0	0	0
14	പുത്തനങ്ങാടി	0	0	0
15	പൂന്തോപ്പു്	0	0	0
16	മരങ്ങോലി	4	0	0
17	മുത്തോലി	0	0	0
18	മുണ്ടാങ്കൽ	0	0	0
19	വയലാ	0	0	0
20	വെട്ടിമുകൾ		0	0
21	ശ്രീകണ്ഠമംഗലം	0	0	0
3	കുന്നന്താനം മി.പ.	1	12	0
6	പാറേൽ	4	19	4
11	മല്ലപ്പള്ളി	2	0	0
13	കാടഞ്ചിറ	6	0	0
4	ചെത്തിപ്പുഴ കൊ.	1	8	0
6	പുതുപ്പള്ളി	1	0	0
6	കുറവിലങ്ങാട്ടമറം	1	14	0

N. B. തായറാക്കിയിരിവു് അയച്ചിട്ടില്ലാത്ത പള്ളിക്കാർ കഴിയുന്നതും വേഗത്തിൽ അയച്ചുതരേണ്ടതാണു്.

ഉപകാരസ്മരണകം.

അപേക്ഷിച്ചകാര്യം സാധിച്ചതിനുപകാരസ്മരണയായി ഒരുരൂപാ അയക്കുന്നു. കെ. എം. വി. അരുവിത്തുറ.

മുണ്ടുപാലത്തുപള്ളിയിൽ വി. അന്തോനീസിനോടുള്ള മദ്ധ്യസ്ഥാപേക്ഷയാൽ ആഗ്രഹിച്ചകാര്യം സാധിച്ചതിനുപകാരസ്മരണ രൂ 1.

കുര്യൻജോസഫ് ഉലഞ്ഞം.

വി. കൊച്ചുത്രേസ്യാപുണ്യവതിയുടെ മദ്ധ്യസ്ഥത്താൽ സിദ്ധിച്ച ഉപകാരത്തിന്റെ സ്മരണക്കായി രൂ 1. "വിളക്കുമാടം"

വി യൂദാശ്ലീഹായുടെ മദ്ധ്യസ്ഥാപേക്ഷയാൽ ലഭിച്ച സഹായത്തിനുപകാരസ്മരണ രൂ 2. "വിളക്കുമാടം."

കുര്യാളശ്ശേരിമെത്രാനച്ചന്റെ മദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യംസാധിച്ചതിനുപകാരസ്മരണ രൂ 1. *F. Jacob Vellaringattu.*

ഈശോയുടെ തിരുഹൃദയത്തിന്റെ അനുഗ്രഹത്താലും വി. യൂദാശ്ലീഹായുടെയും വി. കൊച്ചുത്രേസ്യായുടെയും മദ്ധ്യസ്ഥതയാലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനുപകാരസ്മരണ രൂ 1. *T. M. Chacko (Salem)*

ചരമവാർത്തകൾ

കൊഴുവനാൽപള്ളിയിടവക തെക്കേമുറിയിൽ മത്തായിമത്തായി ജനുവരി 12-ാംനു- 80-ാമത്തെ വയസ്സിലും, വെട്ടിക്കാട്ടകുഴിയടിയിൽ ത്രേസ്യാമ്മ ജനുവരി 10-ാം നു- 68-ാമത്തെ വയസ്സിലും, മുട്ടുചിറ ഫൊറോനാപള്ളിയിടവക വല്യപറമ്പിൽ മേരി (നീധിയിരി) നവംബർ 22-ാംനു- 19-ാമത്തെ വയസ്സിലും പൂഴിക്കൽക്കവല ഉപദേശിക്കോട്ടിൽ ദേവസ്യ ഈ ജനുവരി 24-ാം നു- 52-ാമത്തെ വയസ്സിലും, അനുകൂലാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു നമ്മുടെകർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ഇവരുടെ ആത്മാനുകൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം. R. I. P.

St. Josephs' Orphanage Weaving School,

Changanacherry.

ഇവിടെ പലജനത്തിലുള്ള തുണിത്തരങ്ങളും, വേഷ്ടികളും, തുപ്പട്ടികളും, തോർത്തുകളും കരയൻമുണ്ടുകളും മുതലായവയും, മേൽത്തരവും ഭംഗിയുള്ളതുമായ തുവാലകളും. പുതപ്പു്, മേശവിരി, ബെഡ്ഷീറ്റ്, നാപ്കിൻ പൊക്കറ്റ്ഹാൻഡ്കെർചീഫ്, മുതലായവയും സന്ന്യാസസഭക്കാർക്കുള്ള പ്രൗൺതുണി, കവുത്ത പോപ്ലീൻതുണി മുതിയായവയും ഇവിടെ എപ്പോഴും വില്പനയ്ക്കു തയാറുണ്ടു്. കൂടാതെ സ്കൂൾക്കുട്ടികൾക്കു സാധാരണ ഉപയോഗത്തിനു് ഏറ്റവും പറ്റിയതും, ഏറെനാളത്തെ ഉപയോഗം തരുന്നതെന്നു് അനുഭവസിദ്ധവുമായിരിക്കുന്ന ക്ഷർട്ടിംഗുകളും ഇവിടെ വില്പനയ്ക്കുണ്ടായിരിക്കുന്നതാണു്.

Reg. No. J. 21

പഞ്ചാംഗം.

ഫെബ്രുവരി ഫൽഗുന മകരം—കു [illegible]

ന. കത്താവിന്റെ പാട്ടപ്പിഡകഴ [illegible] ാസം.

1	19	ശ	അ. വേ. അഗാത്തീസ്	ചൂ
2	20	ഞാ ✠	ദൈന. ർ. ാം ഞാ. ഹാ-4-ക.	
			എ. ഭാ. ക. മരി. ശുദ്ധീകരണം ന. പ്രെ. കൂ. പ്രെ.	വെ
		☞	അടുത്ത തിങ്കൾ, ചൊവ്വാ, ബുധൻ മൂന്നുനോമ്പു് (ഇ. വി.)	
3	21	തി	മൂന്നുനോമ്പു് (ഇ. വി.)	റോ
4	22	ചൊ	മൂന്നുനോമ്പു് (ഇ. വി.)	റോ
5	23	ബു	മൂന്നുനോമ്പു് (ഇ. വി.)	റോ
6	24	വ്യാ	ക. വേ. മെറോത്തേയും	ചു
			11-ാം പിയൂസ്സു് മാപ്പാപ്പാതിരുമനസ്സിലെതിരിഞ്ഞെടുപ്പു്	
7 ○	25	വെ	ആഘോ റൊമുവാൾദോസ്സു്	വെ
8	26	ശ	മെത്ര. യോഹന്നാൻ മാത്താ	വെ
9	27	ഞാ ✠	70-ാം ഞാ. ക. 5. മെ.	റോ
10	28	തി	ക. സ്ക്കോളാസ്റ്റിക്കാ	വെ
11	29	ചൊ	എ. ഭാ. ക. മരി. പ്രത്യക്ഷം.	വെ
12	30	ബു	പാ. മെത്ര. ഗ്രോനിസ്യോസ്സു്	വെ
			11-ാം പിയൂസ്സു് മാപ്പാപ്പാതിരുമനസ്സിലെകിരീടധാരണം	
13	1	വ്യാ	വേ. മാറിയോസും കൂട്ടരും (ജനു. 19)	ചൂ
14	2	വെ	പട്ട. വേ. വലന്തിനോസ്സു്	ചൂ
15	3	ശ	വേ. ഫെലിസ്സിനോസും ഭൈവിത്തായും	ചൂ
16	4	ഞാ ✠	60-ാം ഞാ. ഹാ. 6 ഹാ.	റോ
17	5	തി	അ. വേ. പൊലിക്കാ (ജനു. 26)	ചൂ
18	6	ചൊ	അ. വേ. ശെമയോൻ	ചൂ
19	7	ബു	ക. വേ അപ്പോളോനിയാ	ചൂ
20	8	വ്യാ	മെത്ര. യോഹന്നാൻ ബ്ര. (ഈ. 16)	വെ
21	9	വെ	ഒഴിവു്	റോ
22 ●	10	ശ	ശ്ലീ. പ്രത്രാ. അന്ത്യാക്യാ സിംഹാ.	വെ
23	11	ഞാ ✠	50-ാം ഞാ. ക. [illegible] (ദ് സൗമ്മാ) ന. ആ. കു. ആ.	റോ
		☞	ഇന്നു് പാതിരാവിൽ അമ്പതുനോമ്പുതുടങ്ങും. നോമ്പിന്റെ വെള്ളിയാഴ്ചകളിലും ദുഃഖശനിയാഴ്ചയും ഒന്നുനോമ്പു്	
24	12	തി	ശ്ലീ. മത്യാ. തപ്പനാൽ.	റോ
25	13	ചൊ	ശ്ലീ. മത്യാ	ചൂ
26	14	ബു	കെത്തുമാ	റോ
27	15	വ്യാ		റോ
28	16	വെ	ന. കു. മുൽമുടി ഒ. നേ.	ചൂ
29	17	ശ		റോ

Printed and published by Rev. Fr. Mathew Alakalam. at the S. J. O. Press, Changanacherry.